വാല്യം : 6
ലക്കം : 7
ജൂലൈ
2017

കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

Darsakan

നേരായ ജീവിതം ശരിയായ ദർശനം

അത്യുന്നതന്റെ സൃഷ്ടി എത്ര വിസ്മയാവഹമാണെന്ന് ഉദിച്ചുയരുന്ന സൂര്യൻ പ്രഘോഷിക്കുന്നു.
പ്രഭാ. 43:2

# നമുക്കു ചുറ്റും ദാരിദ്ര്യമാണ്

ചിലപ്പോൾ മനുഷ്യർ അങ്ങനെയാണ്. അവർക്ക് രാഷ്ട്രീയമില്ല ചർച്ചകളില്ല വെറും ദൈന്യതമാത്രം. ഒന്നിനോടുമാത്രം സമരം, വിശപ്പിനോട്. എല്ലാവർക്കും മനസിലാകുന്ന ഭാഷ പക്ഷേ എല്ലാവർക്കും അതിനുത്തരവുമില്ല.





"വിശപ്പ്" മുഖ്യധാരയിലുള്ള ചർച്ചാവിഷയമല്ല. കാരണം പലർക്കും വിശപ്പ് അത്ര പ്രാധാന്യമുള്ള വിഷയമല്ല. പക്ഷേ വിശപ്പുള്ളവന് മറ്റൊന്നും ചർച്ചാവിഷയവുമല്ല. സമ്പൂർണ്ണ സാക്ഷരതയുള്ള വികസനചക്രവാളങ്ങളിൽ ജീവിക്കുന്ന മലയാളിക്ക് റേഷൻ കാർഡിൽ പുതിയ ഒരു വിഭാഗത്തെയുംകൂടി ഉൾപ്പെടുത്തേണ്ടിവന്നിരിക്കുന്നു. ദാരിദ്ര്യരേഖക്ക് വളരെ വളരെ താഴെയുള്ളവർ (Very Very Below Poverty Line).

**കാ**ഞ്ഞിരപ്പള്ളി ജനറൽ ഹോസ്പിറ്റലിൽ ഒരു നേരം ഉച്ചയൂണ് നൽകാൻ നാലു യുവജന സുഹൃത്തുക്കൾ തീരുമാനിച്ചു. പനിക്കാലമായതിനാൽ ജനം അങ്ങോട്ട് ഇരക്കുകയാണ്. അവർ തങ്ങൾക്ക് പരിചയമുള്ള വീടുകളിൽ കയറി ചോദിച്ചു. കുട്ടികൾക്ക് ചോറുകെട്ടുന്ന കൂട്ടത്തിൽ അമ്മമാർ ഒരു പൊതി കൂടുതൽ കെട്ടി. തങ്ങൾക്കു ലഭിച്ച നൂറോളം പൊതികളുമായി ഉച്ചയൂണിന്റെ സമയത്ത് അവർ ജനറൽ ആശുപത്രിയിലെത്തി. അവർക്ക് വലിയൊരു പേടിയുണ്ടായിരുന്നു. തങ്ങൾക്കരുതിക്കൊണ്ടുവന്ന പൊതികൾ ആരെങ്കിലും വാങ്ങുമോ എന്ന്. ഹോസ്പിറ്റലിന്റെ മുമ്പിൽ ചെറിയ ഒരു ഡെസ്കിൽ അവർ പൊതിച്ചോറുകൾ നിരത്തി. നിമിഷനേരം കൊണ്ട് ജനം ഓടിക്കൂടി. കാലൊടിഞ്ഞവരും, ഡോക്ടർമാരെ കാണാൻ ക്യൂ നിന്നവരും, ഓട്ടോറിക്ഷയിലിരുന്നവരും, കൂടിനിന്നവരും എല്ലാം മറന്ന് പൊതിച്ചോറിനുവേണ്ടി അവർ ഒന്നായി. ആദ്യം വന്നവർ രണ്ടും മൂന്നും പൊതികൾ വാങ്ങി. ഇനിയും ഉണ്ണാത്ത രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി. അല്ലെങ്കിൽ ഭക്ഷണം ലഭിക്കാത്ത അത്താഴത്തിനുവേണ്ടി. അറിഞ്ഞും കേട്ടും രോഗികളും കൂട്ടിരുപ്പുകാരും വീണ്ടും വന്നുകൊണ്ടേയിരുന്നു. ഒറ്റ ചോദ്യം മാത്രം ഇനിയും പൊതിച്ചോറുണ്ടോ? വികസന ചക്രവാളത്തിന്റെ മെട്രോക്കുതിപ്പിൽ നീങ്ങുന്ന കേരളത്തിൽ വിശപ്പുമായി കഴിഞ്ഞു കൂടുന്നവരും അന്തിയുറങ്ങുന്നവരും ഉണ്ടോ? അതിന് ഒരു ഉത്തരം മാത്രം ഉണ്ട്. എങ്കിൽ രണ്ടാമത്തെ ചോദ്യം അവർ എവിടെയാണ്? അതിന് ഒരുത്തരം മാത്രം ഇതാ നമ്മുടെ അടുത്ത്.

മനുഷ്യരുടെ വിശപ്പ് പരിഹരിക്കാൻ ആരാണിവിടെ സമരം നടത്തുന്നത്. പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കേരളമണ്ണിൽ ആരാണ് വിശപ്പിനായി സമരം ചെയ്തിട്ടുള്ളത്? ഭക്ഷണം വാങ്ങാൻ പണമില്ലാത്തവർ ഇന്നുണ്ടോ എന്നു ചോദിച്ചാൽ പലരും എതിർക്കും. അവർ ചോദിക്കും ഇന്നും അങ്ങനെയുള്ളവർ ഉണ്ടോ. "കോട്ടയം നഗരത്തിൽ ഒരു ഉച്ചയൂണിന് അമ്പതിനായിരത്തോളം പൊതിച്ചോറുകൾ വിതരണം ചെയ്താലും അത് തികയാതെ വരും. കാരണം ഇവിടെ ജീവിതച്ചെലവ് വളരെ കൂടുതലാണ്" പറയുന്നത് നവജീവൻ പി.യു. തോമസ് ചേട്ടനാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ്, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി എന്നിവിടങ്ങളിൽ ഉച്ചയൂണുകൾ വിതരണം ചെയ്യുന്ന ക്രിസ്ത്യാനിയായ ഒരു ചെറുപ്പക്കാരൻ പറയുന്നതിങ്ങനെ "പാവപ്പെട്ട രോഗികൾ ഒപ്പം അവരുടെ കൂട്ടിരുപ്പുകാർ മരുന്നു മേടിക്കാൻപോലും അവരുടെ പക്കൽ പണമില്ല. പിന്നെങ്ങനെ ഭക്ഷണം മേടിക്കും. ഞങ്ങൾ കൂട്ടുകാർ രാവിലെ തയ്യാറാക്കുന്ന ഒരു പങ്ക് ഭക്ഷണം മാറ്റിവയ്ക്കുന്നതിനൊപ്പം അടുത്തുള്ള ഫ്ളാറ്റുകളിൽനിന്നെല്ലാം ഓരോ പൊതി രാവിലെ തന്നെ വാങ്ങി സൂക്ഷിക്കും. ലഞ്ചുബ്രേക്കിന് ഒരുമിച്ചുകൂട്ടി പലർവഴി ഈ സ്ഥാപനങ്ങളിൽ എത്തിക്കും. ആഴ്ചയിൽ ഒരു ദിവസം ഈ സ്ഥലങ്ങളിൽ ഭക്ഷണം പാകം ചെയ്യാൻ നേരിട്ടെത്തും, ഇപ്പോൾ ഒരു രൂപാപോലും അനാവശ്യമായി പാഴാക്കാറില്ല. മനസിൽ മുഴുവൻ ദൈന്യതയുടെ മുഖങ്ങളാണ്."

ശേഷം 11-ാം പേജിൽ

## കഠിനാധ്വാനവും ദൈവകൃപയും ഒന്നു ചേർന്നാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാം: മാർ മാത്യു അറയ്ക്കൽ

**വി**ജയാത്ഭുതങ്ങൾ ഉണ്ടാകുന്നത് കഠിനാധ്വാനവും ദൈവകൃപയും ഒന്നുചേരുമ്പോഴാണ്. ആലസ്യവും നിസംഗതയും കുഴിച്ചുമൂടിയാൽ വിജയക്കുതിപ്പ് നമുക്കു നടത്താം. 2017 ലെ പ്രതിഭാസംഗമത്തിൽ സംസാരിക്കുകയാണു അഭിവന്ദ്യ പിതാവ്.

നാളത്തെ ലോകത്തിന്റെ നട്ടെല്ല് ആകുന്നത് ഇന്നത്തെ മിടുക്കരാണ്. ആർക്കും മിടുക്കരാകാൻ സാധിക്കും. നല്ല തീരുമാനവും അത് നടപ്പിലാക്കലും വേണമെന്നു മാത്രം. ഇന്ന് നമ്മുടെ കൗമാരങ്ങളെയും യുവത്വങ്ങളെയും ബാധിച്ചിരിക്കുന്ന വലിയ പ്രശ്നം ദിശാബോധം നഷ്ടപ്പെടുന്നു എന്നതാണ്. അല്ലെങ്കിൽ മുന്നേറാനുള്ള സ്വപ്നങ്ങൾ നഷ്ടപ്പെടുന്നു എന്നതാണ്. ഇത്



*കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിന്നും 2016-17 അദ്ധ്യയനവർഷത്തിൽ പ്ലസ് ടുവിനും എസ്.എസ്.എൽ.സി. യ്ക്കും എല്ലാ വിഷയത്തിനും A+ നേടിയ കുട്ടികളുടെ പ്രതിഭാസംഗമം മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു.*

വലിയൊരു അപചയമാണ്. ലക്ഷ്യബോധത്തോടെയുള്ള അറിവു സമ്പാദനത്തിലേക്ക് നമ്മുടെ തലമുറ വളരേണ്ടിയിരിക്കുന്നു. തിരിച്ചറിവിന്റെ ഉറച്ച കാല്വയ്പിലൂടെ നമ്മുടെ കുട്ടികൾക്ക് മുന്നേറാനാവണമെന്ന് അഭിവന്ദ്യ പിതാവ് കൂട്ടിച്ചേർത്തു.



3 "കഷ്ടപ്പാടും കണ്ണീരുമായിരുന്നു ബാല്യം. അതാണ് ഇന്നെന്റെ സമ്പാദ്യവും". ഫാ. ഡേവിസ് ചിറമ്മേൽ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.



4 കഴിഞ്ഞ നാലു മാസം കൊണ്ട് 68 പനിമരണങ്ങളാണ് സംസ്ഥാനത്ത് സംഭവിച്ചത്. പനി മഴക്കാലത്തെ പ്രതിരോധിക്കാനുള്ള ചില കുറുക്കുവഴികൾ.



8 പിടിച്ചുയർത്താൻ സ്നേഹമുള്ള ഒരു മനസ്സും കൈയുമുണ്ടെങ്കിൽ ആരും ഏത് പടുകുഴിയിൽനിന്നും രക്ഷപെടും.



12 നമ്മുടെ കുട്ടികൾ ആരോഗ്യമുള്ളവരല്ല. നമ്മുടെ കുട്ടികൾക്കിടയിൽ നല്ല ഭക്ഷണ സംസ്കാരം എങ്ങനെ വളർത്തിയെടുക്കാം.



# Editorial
# എഡിറ്റോറിയൽ

## ഹർത്താലിൽനിന്ന് ഹർത്താലിലേക്ക്

**2017** ജനുവരി ഒന്നുമുതൽ ജൂൺ പത്തുവരെ കേരളത്തിൽ ആകെ ഹർത്താലുകൾ 63. ഇത് വെറും ഹർത്താലിൽനിന്ന് ഹർത്താലിലേക്കു മാത്രമല്ല അക്രമത്തിൽനിന്ന് അക്രമത്തിലേക്കു കൂടിയുമായിരുന്നു. ഭരണയന്ത്രത്തിൽ പാളിച്ചകൾ വരുമ്പോൾ ജനം അതിനെ നേരിടും. അത് അധീശത്വത്തത്തിന്റെ രീതിയിലാണെങ്കിൽ സമരത്തിന്റെ ശക്തികൂടും. സ്വാതന്ത്ര്യസമരങ്ങൾ അതിന്റെ വകഭേദം തന്നെ. ഏറിയ പങ്കും ഇത്തരം സമരങ്ങൾ ലക്ഷ്യം വച്ചിരുന്നത് സർവ്വോപരി ജനനന്മയായിരുന്നു. അധികാരത്തിനെതിരേയുള്ള വെല്ലുവിളി എന്നതിലുപരി തിരുത്തലിന്റെയും നല്ല നടപ്പു വേണ്ടതിന്റെയും ഓർമ്മപ്പെടുത്തലുകളായിരുന്നത്. എന്നാൽ ഈ അടുത്ത കാലത്ത് വാശിയോടെ മുന്നണികളും സമുദായങ്ങളും വരെ ഹർത്താൽ പ്രഖ്യാപനങ്ങളുമായി രംഗത്തു വരാൻ തുടങ്ങി. ജില്ലകൾ തിരിച്ചുള്ള ഹർത്താൽ 2017 ജൂൺ മാസം വരെ നോക്കിയാൽ പൊതു ഹർത്താൽ നടത്തിയ 63 ന്റെ രണ്ടിരട്ടിയോളം വരും. ഇതെഴുതുമ്പോഴും ഇടുക്കി ജില്ലയിൽ ഹർത്താലാണ്. ഓരോരുത്തരും ഹർത്താലുകൾ പ്രഖ്യാപിക്കുന്നത് കേരളം പിടിക്കാനുള്ള കാര്യപരിപാടികളുടെ ഭാഗമായും ചിത്രീകരിക്കുന്നവരുണ്ട്. അക്രമങ്ങളോടുകൂടിയ ഈ ഹർത്താലുകൾ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്നത് സത്യം. കേരളമാകെ ഒറ്റപ്പെട്ട അടിയും തിരിച്ചടിയും നടത്തുമ്പോൾ ഹർത്താൽ പ്രഖ്യാപിച്ചവരുടെ ചാനലിൽ വാർത്തയും വരും ഹർത്താൽ സമാധാനപൂർണ്ണം. കേരളത്തിൽ ഹർത്താലുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ അക്രമ ആസൂത്രണങ്ങൾ നടക്കുന്നത് എന്ന റിപ്പോർട്ട് അടുത്തിടെയാണ് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ പുറത്തുവിട്ടത്.

പാർട്ടികൾ ഭരിക്കുന്ന പോലീസ്നയത്തിൽ തങ്ങൾക്കെന്ത് കാര്യം എന്ന് ധർമ്മനിഷ്ഠയുള്ള പോലീസ് ഉദ്യോഗസ്ഥർ ആത്മകഥയിലെഴുതിക്കൊണ്ടേയിരിക്കുന്നു. ഓരോ ഹർത്താലിനും കേരളം സ്തംഭിക്കുന്നതുകണ്ട് ജനം അമ്പരന്നു നിൽക്കുന്നു. ന്യായമായ ആവശ്യങ്ങൾക്കു വേണ്ടിയല്ലാത്ത സമരം അതും വൈകാരികമായ ചൂഷണത്തിനുവേണ്ടിയാണെങ്കിൽ അത് ജനാധിപത്യരാജ്യത്തിന് ഒട്ടും ചേർന്നതല്ല. ഈയടുത്ത് നടന്ന പൊതുഹർത്താൽ ആർ.എസ്.എസ്സും ബി.ജെ.പിയും ഉൾപ്പെടെ എല്ലാ പാർട്ടികളും വാശിയോടെ മാറിമാറി പ്രഖ്യാപിച്ചതിൽ ഏറ്റവും കൂടുതൽ അക്രമങ്ങൾ നടന്നത് കോഴിക്കോട്ടാണ്. ഒരു ഹർത്താലിൽനിന്നും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം മാത്രം മുന്നൂറിലധികം പോയി. പാർട്ടികൾ തമ്മിൽ തമ്മിലുള്ള അക്രമങ്ങൾക്ക് നഷ്ടപ്പെട്ടതോ സ്കൂൾ ഉൾപ്പെടെയുള്ള പൊതുമുതലുകളും. ഇതിൽ പതിനെട്ടോളം രാഷ്ട്രീയ കൊലപാതകങ്ങളും ഉണ്ടായി എന്നത് സംസ്കാരികകേരളത്തിന്റെ ഒരു അപചയം തന്നെ. അക്രമമുണ്ടാക്കി ഇടമുണ്ടാക്കാനും സമാധാന അന്തരീക്ഷം തകർക്കാനും ശ്രമിക്കുന്നത് ബൗദ്ധീക മുന്നേറ്റങ്ങളില്ലാത്ത സ്ഥലങ്ങളിൽ ഒരു കാലത്ത് പ്രായോഗികമായിരുന്നു. എന്നാൽ സമ്പൂർണ്ണസാക്ഷരതയുള്ള കേരളം പോലൊരു സംസ്ഥാനത്ത് ഇത്തരത്തിലുള്ള ഇടപെടീലുകൾ അസംഭവ്യമാണ്. അഭിപ്രായ വ്യത്യാസങ്ങൾ ജീവനെടുക്കുന്നതുവരെ നീളുമ്പോൾ ജനാധിപത്യരാജ്യത്തിന്റെ മൂലക്കല്ലായ ജനപക്ഷരാഷ്ട്രീയത്തിനാണോ കൊലപാതകരാഷ്ട്രീയത്തിനാണോ മുൻതൂക്കം എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഭീകരതക്കെതിരെയുള്ള അസഹിഷ്ണുതയാണ് വേണ്ടത്. പക്ഷേ, കൊടിനിറങ്ങൾക്കെതിരെയുള്ള അസഹിഷ്ണുത ദയനീയമാണ്. രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യുക എന്ന ഭീകരതത്വചിന്ത ഇന്ന് പാർട്ടിയുടെ അകത്തളങ്ങളിലെ ശാപമായിക്കിടക്കുന്നു. അത് രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിലെ അണുബോംബായിത്തീരുമെന്നുറപ്പ്.

ഒരു സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് ഭരണകൂടങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വമാണ്. അസംഖ്യം സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തനം നടക്കുന്ന രാജ്യമാണ് ഇന്ത്യ. എന്നാൽ ഇതൊന്നും വലിയ ജീവൽപ്രശ്നമായിക്കാണാതെ ജീവിക്കുന്നവരാണ് ഭൂരിപക്ഷം ജനങ്ങളും. വർഗ്ഗീയ ചേരിതിരിവുകളും വർഗ്ഗീയ കലാപങ്ങളും ഉണ്ടാക്കി മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെടാൻ ഒരു യഥാർത്ഥ ഭാരതീയനും ആഗ്രഹിക്കുകയില്ല. കാരണം ഇന്ത്യയുടെ ആത്മാവിന്റെ വേരുകൾ മതേതരത്വം അഖണ്ഡത എന്നൊക്കെയാണ്. ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനങ്ങളുടെയും മനസിൽ വർഗീയ അന്തഃഛിദ്രം കുത്തിവയ്ക്കുന്ന ശക്തികളെയും അവർ മുന്നേറ്റം കൊടുക്കുന്ന ഹർത്താലുകളെയും നാം ചെറുത്തു തോൽപിക്കേണ്ടിയിരിക്കുന്നു. ഒരു മണിക്കൂർ കൂടുതൽ ജോലി ചെയ്ത് പ്രതിഷേധം രേഖപ്പെടുത്തുന്ന രീതികളെ നമുക്ക് വരവേല്ക്കാം. ഹർത്താൽ ദിവസം കെ.എസ്.ആർ.ടി.സി. ബസ് വൃത്തിയാക്കിയും പൊതുസ്ഥലങ്ങൾ ശുചിയാക്കിയും മരം വച്ചും ഹർത്താലാഘോഷിച്ച നന്മയുള്ള യുവസമൂഹത്തിന്റെ മാതൃക നമുക്കുണ്ടാകട്ടെ. മലയാളി മടിയനാണ് എന്ന ചിന്തക്ക് വളമായി ഹർത്താൽ തീരാതിരിക്കട്ടെ.

Darsakan, P.B. No. 22, Kanjirapally-686 507. Ph: 8301049905
E-mail: darsakankply@gmail.com

## കത്തുകൾ - പ്രതികരണങ്ങൾ



### ദർശകൻ മുന്നേറട്ടെ

'ദർശകൻ' ജൂൺ ലക്കം വായിച്ചു. കാഞ്ഞിരപ്പള്ളിയുടെ 40 വർഷം മോശയുടെ കാനാൻ ദേശത്തേക്കുള്ള യാത്രയോട് ഉപമിച്ചിരിക്കുന്നു. മോശയ്ക്ക് കാനാൻ ദൂരെനിന്നു കാണാനെ കഴിഞ്ഞുള്ളൂ. അതേസമയം കാഞ്ഞിരപ്പള്ളി രൂപത "കാനാൻ ദേശം" അവകാശമാക്കും. എല്ലാ ലേഖനങ്ങളും ഒന്നിനൊന്നു മെച്ചം. അറിവിൻനിറകുടമാണ്.

കാർഷികപ്രശ്നങ്ങളെപ്പറ്റിയുള്ള ലേഖനങ്ങളും നല്ലത്. പ്രൊഫ. റോണി കെ. ബേബിയുടെ "ഏലമലക്കാടുകളിൽ വിവാദങ്ങളുടെ കാറ്റുവീശുമ്പോൾ" എന്നതു വായിച്ചു. അതിലെ പരാമർശത്തിൽ ഏലമലക്കാടുകളുടെ വിസ്തീർണ്ണം സംബന്ധിച്ച് 334 ചതുരശ്ര കിലോമീറ്റർ എന്നതു മാത്രം ശരിയാണ്. അതിൽ പറയുന്ന അളവ് മാത്രം തെറ്റ്. 1897 ലും 1987 ലുമുള്ള സർക്കാർ ഗസറ്റു പരസ്യങ്ങളിൽ പറയുന്ന ഏലമലക്കാടുകളുടെ അതിർത്തി തുടങ്ങുന്നത് ഹൈറേഞ്ചു തന്നെയല്ല. തൊടുപുഴ മണ്ഡപത്തും വാതിൽ മുതൽ വിശദമായ അതിർത്തികൾ പറഞ്ഞിട്ടുണ്ട്. അതിനുള്ളിൽ 15720 ഏക്കർ മാത്രമാണ് ഉള്ളത്. അതായത് 90 വർഷത്തിനുള്ളിൽ അളവിൽ മാറ്റമില്ല. ബാക്കിവരുന്ന 30 വർഷത്തിനുള്ളിൽ കർഷകർ മരംവച്ചു പിടിപ്പിച്ച് ഏലം കൃഷി ചെയ്തതാണ് ഇന്നത്തെ കൂടുതൽ അളവുകൾ. 1959-ൽ സർക്കാർ ഏലം കൃഷി നടത്തുന്ന ഭൂമി റവന്യൂ വകയെന്നും അതിൽ വളരുന്ന മരങ്ങളുടെ മാത്രം മേൽനോട്ടം വനംവകുപ്പിനുമായി നിശ്ചയിച്ചു സർക്കാർ ഉത്തരവു പുറപ്പെടുവിച്ചതു ഇന്നും ആ നിയമമനുസരിച്ചാണ് ഏലമലക്കാടുകൾ എന്ന് മനസ്സിലാക്കണം.

ഏതാനും വർഷംമുമ്പ് പത്തു വർഷത്തോളം പരിസ്ഥിതിവാദികൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വ്യാജരേഖ ഉണ്ടാക്കി 15720 ഏക്കർ എന്നതിനുപകരം, 2,15720 ഏക്കർ എന്ന് കാണിച്ചാണ് കേസ് നടത്തിയത്. അതേസമയം സർക്കാരും, കക്ഷി ചേർന്നവരും പരിസ്ഥിതി വാദികളുടെ വ്യാജരേഖ മാത്രം നോക്കിയാണ് കേസ് നടത്തിയത്. എന്നാൽ 2009 ൽ സുപ്രിം കോടതി 28000-ൽ അധികം ഹെക്ടർ സ്ഥലത്തിന് പട്ടയം നല്കാൻ പറഞ്ഞുവെങ്കിലും എത്രമാത്രം ഏക്കറിന് പട്ടയം നൽകിയെന്നറിയില്ല. ഏലക്കാടുകളുടെ പാട്ടം പുതുക്കുന്നുമില്ല. 'ഉദ്യോഗസ്ഥ ഭീകരതയിൽ' പട്ടയം നല്കുന്നുമില്ല.

വനംവകുപ്പ് വനം, പ്രത്യേകിച്ച് ഏലമലക്കാടുകളിലെ മരം സംരക്ഷിക്കേണ്ടതിന് പകരം മരങ്ങൾ വെട്ടിനശിപ്പിക്കുവാൻ കൂട്ടുനിന്നുവെന്നു കാണാം. ശരിയായി ചട്ടവും നിയമവും പഠിക്കാത്ത സർക്കാരും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും കപടപരിസ്ഥിതി വാദികളുമാണ് ഇന്നിന്റെ ശാപം.

പ്രൊഫസറുടെ ലേഖനത്തിൽ പറയുന്ന 2,64543 ഏക്കർ എന്ന തെറ്റായ രേഖ, രാഷ്ട്രീയ - പരിസ്ഥിതിക്കാരും സർക്കാർ ഉദ്യോഗസ്ഥരും കണ്ട് അതനുസരിച്ച് നടപടിയുമായി പോയാൽ കർഷകർക്ക് ഒരിക്കലും പട്ടയം നല്കുവാൻ സാധിക്കുകയില്ല. അതിനാൽ ഉപാധിവച്ചുതന്നെ ഏലമലക്കാടുകളെ റവന്യൂ ഭൂമിയാക്കാവുന്നതാണ്. അതിനുതകുന്നതേ ദർശകനിലും അതുപോലുള്ള പ്രസിദ്ധീകരണങ്ങളിലും എഴുതാവൂ എന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ആശംസകളോടുംകൂടെ.

ജോൺ പുല്ലാട്ട്, കല്ലാർ, ഇടുക്കി
9656623802.

## ഭാരതസഭാ ചരിത്രം

ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു.
കാരണം എനിക്കവളുടെ ചരിത്രം അറിയാം. – കാർഡിനൽ ടിസ്സറാങ്

## എന്താണ് കൂനൻ കുരിശു സത്യം

**ഫാ. തോമസ് തെക്കേമുറി**
വികാരി, ക്രിസ്തുരാജ് ഇടവക,
വലിയതോവാള

(തുടർച്ച)

മാർത്തോമ്മാ നസ്രാണികൾ അഹത്തുള്ള മെത്രാനെ ഭാരതത്തിൽ കൊണ്ടുവരുവാൻ പരിശ്രമിക്കുന്നതിനിടയിൽ ഈശോ സഭക്കാരുടെ തന്ത്രപരമായ ഇടപെടൽമൂലം അഹത്തുള്ള പോർട്ടുഗലിലേക്ക് അയക്കുവാൻ കപ്പലിൽ കയറ്റി. ഇതിന് പോർട്ടുഗീസ് വൈസ്രോയി വേണ്ട സഹായങ്ങൾ ചെയ്തു.

**അഹത്തുള്ളാ കൊച്ചിയിൽ**

യാത്രാമധ്യേ അഹത്തുള്ളാ മെത്രാൻ കൊച്ചിയിൽ വരുവാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി ആർച്ചുഡീക്കനും സഹായികളും കൊച്ചിയിലെ രാഷ്ട്രീയാധികാരികളെയും സഭാധികാരികളെയും സമീപിച്ച് അദ്ദേഹത്തിന്റെ അധികാരപത്രങ്ങൾ പരിശോധിക്കുവാൻ തങ്ങൾക്ക് അവസരം നല്കണമെന്ന് അപേക്ഷിച്ചു. ഈ കാര്യം സാധിച്ചുകൊടുത്താൽ കൊച്ചി റാണിക്ക് 150000 പണം നല്കാമെന്നും വാഗ്ദാനം ചെയ്തു. യഥാർത്ഥ അധികാരപത്രം ഇല്ലാതെയാണ് അദ്ദേഹം വരുന്നത് എങ്കിൽ ഒരു കാരണവശാലും തങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയില്ലായെന്നും അവർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഗാർസ്യാ മെത്രാന്റെ കടുംപിടിത്തം കാരണം നസ്രാണികളുടെ തികച്ചും ന്യായമായ ഈ ആവശ്യം പോലും നിരസിക്കപ്പെട്ടു!

അഭിമാനികളും സഭാസ്നേഹികളുമായ നമ്മുടെ പൂർവ്വികർ കപ്പൽ തുറമുഖത്തടുത്താൽ ബലംപ്രയോഗിച്ച് ആണെങ്കിൽകൂടി അഹത്തുള്ളാ മെത്രാനെ രക്ഷിക്കണമെന്ന ഉദ്ദേശത്തോടെ ആർച്ച്ഡീക്കന്റെ നേതൃത്വത്തിൽ ഏതാണ്ട് 6000 ക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ തടിച്ചുകൂടി.

പോർട്ടുഗീസുകാർ കപ്പൽ കൊച്ചി തീരത്ത് അടുപ്പിക്കാതെ മറ്റൊരു വഴിക്ക് തിരിച്ചുവിട്ടു. ഇതിനിടയിൽ അഹത്തുള്ള മെത്രാനെ കടലിൽ മുക്കിക്കൊന്നുവെന്ന ഒരു കിംവദന്തിയും മാർത്തോമ്മ നസ്രാണികളുടെ ഇടയിൽ പരന്നു. വളരെയേറിയെ ദുഃഖിതരും രോക്ഷാകുലരുമായ നസ്രാണികൾ മട്ടാഞ്ചേരി പള്ളിയിൽ ഒരുമിച്ച് കൂടി. കാര്യങ്ങളുടെ രൂക്ഷത മനസ്സിലാക്കിയ ആർച്ച്ഡീക്കൻ തങ്ങളെ വന്ന് കണ്ട് ആശ്വസിപ്പിക്കണമെന്ന് ഗാർസ്യാ മെത്രാനോട് അപേക്ഷിച്ചുവെങ്കിലും അദ്ദേഹം അതിന് മനസ്സു കാട്ടിയില്ല, തങ്ങൾ വളരെയധികം അപമാനിക്കപ്പെട്ടുവെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ പള്ളിയിലെ വേദപുസ്തകവും കുരിശു പിടിച്ചുകൊണ്ട് "ഇനി ഈ പരീക്ഷ ഉള്ളിടത്തോളം കാലം സാമ്പാഞ്ചൂർ പാതിരിമാർക്ക് തങ്ങൾ കീഴ്പെട്ടില്ലാ"യെന്ന് പ്രതിജ്ഞ ചെയ്തു. ഇതാണ് ചരിത്രപ്രസിദ്ധമായ കൂനൻ കുരിശു സത്യം. ഇതൊരു വിശ്വാസ വ്യതിചലനമോ പിളർപ്പോ ആയിരുന്നില്ല. നേരെമറിച്ച്, വിദേശികൾക്കെതിരായ ആദ്യത്തെ 'സ്വാതന്ത്ര്യപ്രഖ്യാപനം" ആയിരുന്നു.

(തുടരും...)

ജീവിതം

# കഷ്ടപ്പാടും കണ്ണീരുമായിരുന്നു ബാല്യം

# അതാണ് ഇന്നെന്റെ സമ്പാദ്യവും



മധുരമുള്ള കാപ്പി അന്നു ഞങ്ങളുടെ വീട്ടിൽ ഒരു ആർഭാടവസ്തുവായിരുന്നു. തൊട്ടുനക്കി കുടിക്കാൻ പഞ്ചസാരപോലു മുണ്ടാവില്ല. ഒടുവിൽ ഞങ്ങളൊരു സൂത്രം കണ്ടുപിടിച്ചു.

**ഫാ. ഡേവിസ് ചിറമ്മേൽ**

**തൃ**ശൂരിലെ അരണാട്ടുകര എന്ന ഗ്രാമത്തിലെ ഒരു ഇടത്തരം കുടുംബമായിരുന്നു എന്റേത്. എന്റെ അപ്പൻ ചിറമ്മൽ കുഞ്ഞാവു ചാക്കുണ്ണി തൃശൂരങ്ങാടിയിലെ ചിറക്കേക്കാരന്റെ സ്വർണ്ണപ്പീടികയിലെ ശമ്പളക്കാരനായിരുന്നു. മാസം മുപ്പതു രൂപ ശമ്പളം. ഞങ്ങൾ ആറു പേരായിരുന്നു. മൂന്നാണും മൂന്നു പെണ്ണും. ഞാൻ നടുവിലത്തേതായതുകൊണ്ട് എനിക്കൊരു ഭാഗ്യം കിട്ടിയിട്ടുണ്ട്. ഒരു വ്യക്തിക്കു ജീവിതത്തിലുണ്ടാകാവുന്ന എല്ലാ സഹോദരബന്ധങ്ങളും എനിക്കു കിട്ടി. ചേട്ടൻ, ചേച്ചി, അനുജൻ, അനുജത്തി അങ്ങനെ എല്ലാവരും.

അപ്പനും അമ്മയും ഞങ്ങൾ ആറു മക്കളും മാത്രമടങ്ങുന്നതായിരുന്നില്ല ഞങ്ങളുടെ കുടുംബം. അമ്മാമ്മയും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അതായത് അപ്പന്റെ അമ്മ. പത്തുപേരടങ്ങുന്ന ഞങ്ങളുടെ ഈ കുടുംബം അപ്പന്റെ മുപ്പതുരൂപ ശമ്പളം കൊണ്ടുവേണം കഴിയാൻ. ഇതല്ലാതെ മറ്റു സ്വത്തോ വേറൊരു സാമ്പത്തികവരുമാനമോ ഞങ്ങൾക്ക് ഉണ്ടായിരുന്നില്ല. പലപ്പോഴും വീട്ടിൽ ദാരിദ്ര്യം വിരുന്നിനെത്തും. കഞ്ഞിയാണു പ്രധാന ഭക്ഷണം. സ്കൂളിലേക്കു ചോറു കൊണ്ടുപോകാൻ ചോറുപാത്രം ഇല്ലാത്തതു കാരണം ഉച്ചയ്ക്ക് ഉണ്ണാൻ വീട്ടിൽ വരികയായിരുന്നുപതിവ്. സ്കൂളിൽനിന്നു വീട്ടിലേക്കു കുറച്ചു ദൂരമുള്ളതുകൊണ്ടു സമയത്തിനുള്ളിൽ പോയി തിരിച്ചെത്തണമെങ്കിൽ ഓടിയാലേ ശരിയാവൂ. ഓടിത്തളർന്നു വീട്ടിലെത്തുമ്പോൾ പലപ്പോഴും ചോറും അതിനു മുകളിലായി അല്പം കറിയുമുണ്ടാകും. വിശപ്പു മാറില്ല. എന്നാലും അതു കഴിച്ചു സ്കൂളിലേക്കു തിരിച്ചോടും. അരി കിട്ടാൻ ബുദ്ധിമുട്ടുള്ള കാലമാണെങ്കിൽ ഗോതമ്പുകൊണ്ടുള്ള വിഭവങ്ങളായിരിക്കും. ചപ്പാത്തിയോ ഗോതമ്പുകഞ്ഞിയോ... അങ്ങനെ എന്തെങ്കിലും.

മധുരമുള്ള കാപ്പി അന്നു ഞങ്ങളുടെ വീട്ടിൽ ഒരു ആർഭാടവസ്തുവായിരുന്നു. തൊട്ടുനക്കി കുടിക്കാൻ പഞ്ചസാരപോലുമുണ്ടാവില്ല. ഒടുവിൽ ഞങ്ങളൊരു സൂത്രം കണ്ടുപിടിച്ചു. ഞങ്ങളുടെ വീടിനടുത്താണ് കൊച്ചേത്തിയേട്ടന്റെ പലചരക്കുകട. കടയിലേക്കു കൊണ്ടുവരുന്ന ശർക്കരച്ചാക്കുകൾ ഒഴിയുമ്പോൾ തരാൻ ഞങ്ങൾ കൊച്ചേത്തിയേട്ടനെ ഏർപ്പാടാക്കി. ചാക്ക് തിരിച്ചുകൊടുക്കണമെന്ന വ്യവസ്ഥയിൽ കൊച്ചേത്തിയേട്ടൻ സമ്മതിച്ചു. അമ്മാമ പോയി ചാക്കുകൾ എടുത്തുകൊണ്ടുവരും. അക്കാലത്തു ചാക്കിനുള്ളിൽ പനമ്പുവെച്ചാണു ശർക്കര നിറച്ചിരുന്നത്. ഈ പനമ്പിൽ ശർക്കര ഉരുകി പറ്റിപ്പിടിച്ചിരിക്കുന്നുണ്ടാകും. ഞങ്ങളിതു തോണ്ടിയെടുത്ത് ഒരു കുപ്പിയിലാക്കിവയ്ക്കും. കാപ്പി കുടിക്കുമ്പോൾ അമ്മാമ ഇതിൽനിന്നു കുറച്ചെടുത്തു കൈയിൽ തരും. ഇതു നക്കി കാപ്പി കുടിച്ചു തീർക്കും. ചാക്കിൽനിന്നെടുത്ത പനമ്പും അമ്മാമ വെറുതെ കളയില്ല. ഇങ്ങനെ കിട്ടുന്ന പല പനമ്പുകൾ ചേർത്തു മെടഞ്ഞ് ഇരിക്കാനുള്ള തടുക്കും കിടക്കാനുള്ള പായയും ഉണ്ടാക്കും. പ്രാർത്ഥനയുടെ സമയത്തു മുട്ടുകുത്തിനില്ക്കുന്നതും രാത്രി കിടക്കുന്നതുമെല്ലാം ഈ പനമ്പുപായയിലാണ്.

അതുപോലെ വാളൻപുളിയുടെ കാലമായാൽ കൊച്ചേത്തിയേട്ടൻ ഞങ്ങൾക്കു പുളിങ്കുരു കുത്താൻ തരും. പുളിയുടെ തൊണ്ടും കുരുവും കളഞ്ഞുകൊടുത്താൽ ചെറിയൊരു പ്രതിഫലം കിട്ടും. പുളി കിട്ടിയാൽ അമ്മാമയും ഞങ്ങളും പിന്നെ കുരുകുത്തൽയജ്ഞത്തിലാണ്. അങ്ങനെ കുറച്ചു പൈസ ഉണ്ടാക്കും. അണ്ണാറക്കണ്ണനും തന്നാലായത്.

അമ്മ വീട്ടമ്മയായിരുന്നെങ്കിലും അമ്മയുടെ ഭാഗത്തുനിന്നും സാമ്പത്തികസഹായം കിട്ടിയിരുന്നു. ആടും പശുവും പോർക്കും കോഴിയും താറാവും മുയലും ഇങ്ങനെ പലതരത്തിലുള്ള വളർത്തുപക്ഷികളെയും മൃഗങ്ങളെയും വീട്ടിൽ വളർത്തിയിരുന്നു. ഞങ്ങൾ മക്കളും അമ്മാമ്മയുമൊക്കെ സഹായിക്കുമെങ്കിലും അമ്മയ്ക്കായിരുന്നു ഇവയുടെയൊക്കെ മേൽനോട്ടം. പാൽ ഞങ്ങളുടെ വീട്ടിലെ പ്രധാന വരുമാനമാർഗ്ഗമായിരുന്നു. പശുവിനൊക്കെ നല്ലവണ്ണം കഞ്ഞിവെള്ളം കൊടുത്താലേ നന്നായി പാലുണ്ടാവൂ. ഞങ്ങളുടെ വീട്ടിലെ കഞ്ഞി ഞങ്ങൾക്കുതന്നെ പലപ്പോഴും തികയാറില്ല. അതിനും ഞങ്ങളൊരു പോംവഴി കണ്ടുപിടിച്ചു. തൊട്ട് അയൽവക്കത്തുള്ള വീട്ടുകാർ ഭേദപ്പെട്ട നിലയിലുള്ളവരാണ്. അവര് എന്നും ചോറാണ് ഉണ്ണുന്നത്. ചോറ് ഊറ്റിയെടുത്തു ബാക്കി കഞ്ഞിവെള്ളം കളയും. ഈ കളയുന്ന കഞ്ഞിവെള്ളം ഒഴിച്ചുവയ്ക്കാനായി ഞങ്ങളൊരു ബക്കറ്റു കൊണ്ടുവച്ചു. എല്ലാ ദിവസവും അതെടുത്തുകൊണ്ടുവന്നു പശുവിനു കൊടുക്കും. ചക്കയുടെ കാലമായാൽ ചക്കമടലും അവർ കഞ്ഞിവെള്ളത്തിന്റെ ബക്കറ്റിലിടും. ഞങ്ങൾക്കു പറമ്പില്ലാത്തതുകൊണ്ടു ചക്കയും മാങ്ങയുമൊന്നും കിട്ടാനൊരു വഴിയുമില്ല. അതുകൊണ്ടു കഞ്ഞിവെള്ളത്തിൽനിന്നു കിട്ടുന്ന ചക്കമടലെടുത്ത് ആദ്യം നന്നായൊന്നു കഴുകും. മടലിൽ ചക്കച്ചുളയുടെ അടിഭാഗം പറ്റിപ്പിടിച്ചിട്ടുണ്ടാകും. അതു ചെത്തിയെടുത്ത് അരിഞ്ഞു കൂട്ടാൻവെച്ചു കഴിക്കും.

പശുവിനെക്കൊണ്ടു വീണ്ടും ഉപകാരങ്ങളുണ്ട്. വിറകിനു പകരം കത്തിക്കാനായി അമ്മാമ ഒരു കാര്യമുണ്ടാക്കും. ചാണകവറളി. ചാണകം കിട്ടിയാൽ കുഴച്ച് അതു കൈത്തണ്ടയിൽ വച്ചു നീളത്തിൽ പിടിക്കും. എന്നിട്ടതു വെയിലത്തുവച്ച് ഉണക്കും. ഉണങ്ങിക്കഴിയുമ്പോൾ കമ്പുപോലെയാകും. ഇതുവെച്ചാണു തീ കത്തിക്കുക. ചാണകമായതുകൊണ്ടുനല്ല ചൂടുണ്ടാവും തീയ്ക്ക്. കുട്ടിക്കാലത്തു വീട്ടിലെപ്പോഴും ചാണകവറളിയുടെ മണമായിരുന്നു.

ഇങ്ങനെ കഷ്ടപ്പാടുകളും വിഷമങ്ങളും ഒരുപാട് അനുഭവിച്ചാണ് ഞങ്ങൾ വളർന്നുവന്നത്. ഞാൻ എപ്പോഴും സന്തോഷിക്കുന്നത് എന്തു സുഖങ്ങൾ അനുഭവിച്ചു എന്നോർത്തല്ല. എന്തെല്ലാം ദുഃഖങ്ങളനുഭവിച്ചു എന്നോർത്താണ്. ഇത്രയധികം കഷ്ടപ്പാടുകൾ സഹിച്ചതുകൊണ്ടാകണം എനിക്കു മറ്റുള്ളവരുടെ കഷ്ടപ്പാടും വേദനയും മനസ്സിലാക്കാൻ സാധിക്കുന്നത്. പിന്നെ അപ്പനും അമ്മയും പകർന്നുതന്ന മൂല്യങ്ങളും. ഞങ്ങളുടെ പള്ളിയിലെ ഓരോ ദിവസത്തെയും ആദ്യത്തെ കുർബാനയ്ക്ക് ആദ്യമെത്തുന്നത് അപ്പനായിരിക്കും. അതുപോലെ പള്ളിയിലെ അവസാന കുർബാന കഴിഞ്ഞ് ഏറ്റവുമൊടുവിൽ പള്ളിയിൽ പടിയിറങ്ങുന്നത് അമ്മയുമായിരിക്കും. കപ്യാരുവന്ന് എഴുന്നേൽപ്പിച്ചുവിട്ടാലേ അമ്മ പള്ളിയിൽനിന്നു പോരുള്ളൂ. കുർബ്ബാന കഴിഞ്ഞിട്ടും അമ്മ തമ്പുരാനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നതു ഞങ്ങൾ മക്കൾക്കുവേണ്ടിയാകണം. മക്കൾ എന്നും പള്ളിയിൽ പോകണമെന്ന് അപ്പനുമമ്മയ്ക്കും നിർബന്ധമായിരുന്നു. അതുപോലെ കുടുംബപ്രാർത്ഥന തുടങ്ങിയാൽ കഴിയുന്നതുവരെ മുട്ടിന്മേൽ നില്ക്കണമെന്നതും. ഉറക്കത്തെ കടത്തിക്കളയാനുള്ള അപ്പന്റെ ഒരു സൂത്രമായിരുന്നു അത്.

പള്ളിയിൽ പോയിവന്നാൽ പിന്നെ വെള്ളം കോരലാണ്. എല്ലാ പാത്രത്തിലും വെള്ളം കോരി നിറയ്ക്കണം. അടുത്ത വീട്ടിലൊക്കെ കറന്റുണ്ട്. ഒന്നുതിരിച്ചാൽ വെള്ളം വരുന്ന പൈപ്പുകളുണ്ട്. കുളിക്കാൻ ഷവറുണ്ട്. മണ്ണെണ്ണവിളക്കിന്റെ മുന്നിലിരുന്നു പഠിക്കുമ്പോഴും ആഴമുള്ള കിണറ്റിൽനിന്നു വെള്ളം വലിച്ചുകോരുമ്പോഴും നെടുവീർപ്പിടും. എന്നു ഞങ്ങളുടെ വീട്ടിൽ കറന്റു വരും? എന്നെങ്കിലും ഷവറിലൊക്കെ കുളിക്കാൻ സാധിക്കുമോ?

പിന്നീട് കാലം ഞങ്ങൾക്ക് ആഗ്രഹിച്ചതെല്ലാം തിരിച്ചുതന്നു. ദാരിദ്ര്യവും കഷ്ടപ്പാടുമെല്ലാം മാറി. അമ്മാമ്മയും അപ്പനും അമ്മയും മൂത്തചേട്ടനും ഇപ്പോൾ ഞങ്ങളോടൊപ്പമില്ല. മൂത്ത രണ്ടു സഹോദരിമാർ കന്യാസ്ത്രീകളാണ്. അനിയനും അനിയത്തിയും കുടുംബജീവിതം നയിച്ചു സന്തോഷമായി കഴിയുന്നു.

തിരക്കുപിടിച്ച ജീവിതത്തിലും ചിലപ്പോൾ കുട്ടിക്കാലം ഓർമ്മയിൽ കയറിവരും. ഒന്നു കണ്ണടച്ചിരുന്നാൽ ഓർത്തെടുക്കാം ആ ചാണകവറളിയുടെ ഗന്ധവും ശർക്കരയുടെ മധുരവുമുള്ള ആ കാലം. അമ്മയെ സന്തോഷിപ്പിക്കാൻ ഞാൻ ചെയ്യുന്ന കാര്യങ്ങളും സഹോദരങ്ങളോടൊത്തു കളിക്കുന്നതും എല്ലാം.

**പ്രചോദനവഴികൾ**

എല്ലാവരും ചോദിക്കാറുണ്ട്: 'അച്ചന്റെ വീട്ടിൽ ആരെങ്കിലും അവയവദാനം നടത്തിയിട്ടുണ്ടോ?' എന്റെ വീട്ടിൽ ഞാനല്ലാതെ മറ്റാരും അവയവദാനം നടത്തിയിട്ടില്ല. എന്നാലും മറ്റൊരാളുടെ അവയവദാനം ഞങ്ങൾക്കു സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. ഞാനുമായി അതിനൊരു ബന്ധമുണ്ട്.

എന്റെ ചേട്ടന്റെ മോളുടെ കണ്ണ് മാറ്റിവച്ചതാണ്. ഒരു ദിവസം അവരുടെ വീടിനടുത്തുള്ള കരിങ്കൽ ക്വാറിയിൽ കുളിക്കാൻപോയതായിരുന്നു അവൾ. സാധാരണ അവരെല്ലാവരും പോകാറുണ്ട്. പക്ഷേ, അന്നു കുളിച്ചു കഴിഞ്ഞു വന്നപ്പോൾ മുതൽ അവളുടെ കണ്ണിനൊരു അസ്വസ്ഥത. പതുക്കെ പ്പതുക്കെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. കാരണമന്വേഷിച്ചപ്പോഴാണ് അറിയുന്നത് അവൾ ചെല്ലുന്നതിനുമുമ്പു ക്വാറിയിൽ മീനുകൾക്കു തീറ്റയിട്ടുകൊടുത്തിരുന്നു. അതു കണ്ണിൽ പോയതാണു പ്രശ്നമായത്. ഞങ്ങളെല്ലാവരെയും സങ്കടത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു അത്. കണ്ണു മാറ്റിവയ്ക്കുകയല്ലാതെ വേറെ പ്രതിവിധിയില്ല. ഞങ്ങൾ അവൾക്കു മാറ്റിവയ്ക്കാൻ കിട്ടേണ്ട കണ്ണിനുവേണ്ടി കാത്തിരിക്കുവാൻ തുടങ്ങി. ഒടുവിൽ കണ്ണുകിട്ടി. അന്നു തന്നെ ഓപ്പറേഷൻ നടന്നു. രണ്ടു ദിവസത്തിനുശേഷം കണ്ണിനെ മൂടിക്കെട്ടിയ കെട്ടഴിച്ചു നോക്കിയപ്പോൾ കാഴ്ച തിരിച്ചുകിട്ടിയിരിക്കുന്നു. ഞങ്ങൾക്കെല്ലാവർക്കും സന്തോഷമായി. ഈ കണ്ണിന്റെ ഉടമയാരെന്നറിയാൻ ഞങ്ങളാഗ്രഹിച്ചു. ആ കുടുംബത്തിനു നന്ദി പറയാനും തേടിപ്പിടിച്ചു ചെന്നപ്പോഴാണറിയുന്നത്. സെമിനാരിയിൽ എന്റെ റെക്ടറച്ചനായിരുന്ന ജോസഫ് തെക്കിനിയേടത്ത് അച്ചന്റേതായിരുന്നു പ്രകാശം വർഷിച്ച ആ കണ്ണ്. അവളുടെ ഓപ്പറേഷൻ നടക്കുന്ന സമയത്ത് ഞാൻ അച്ചന്റെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയായിരുന്നു. എന്നെ ശരിയായ ദിശയിലേക്കു നയിക്കാൻ സഹായിച്ച, സന്ന്യാസജീവിതത്തിൽ പല പാഠങ്ങളും പഠിപ്പിച്ചുതന്ന, ജീവിതത്തിൽ പ്രചോദനമായ അച്ചന്റെ വേർപാട് ഞങ്ങളെ ദുഃഖിപ്പിച്ചിരുന്നു. എന്നാൽ മരണത്തിനുശേഷം അച്ചൻ തെളിച്ച പ്രകാശം ഞങ്ങളുടെ കുടുംബത്തിലെ ഇരുട്ട് അകറ്റിക്കളഞ്ഞു.

പിന്നീടു വർഷങ്ങൾക്കു ശേഷം ഞാൻ അവയവദാനത്തിനു തയ്യാറെടുക്കുമ്പോൾ ഈ സംഭവം എന്റെ ഓർമ്മയിലുണ്ടായിരുന്നു. അച്ചൻ കണ്ണുകൾ ദാനം ചെയ്തില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു ഞങ്ങളുടെ അവസ്ഥ. കല്യാണം കഴിഞ്ഞിട്ടില്ലാത്ത ഒരു പെൺകുട്ടി ഇരുട്ടിൽ തപ്പിനടക്കുന്ന കാഴ്ച ഞങ്ങളെ എത്രമാത്രം വേദനിപ്പിക്കുമായിരുന്നു. ഇതേ അവസ്ഥ തന്നെയായിരിക്കില്ലേ ഗോപിനാഥന്റെ വീട്ടിലും. ഗോപിനാഥനില്ലാതായാൽ ആ കുടുംബം എത്രമാത്രം സങ്കടപ്പെടും. ഇതെല്ലാം വൃക്ക ദാനം ചെയ്യാമെന്ന തീരുമാനത്തിന് ആക്കം കൂട്ടിയ ചിന്തകളായിരുന്നു.


## നിർമ്മല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് & സൈക്കോതെറാപ്പി

PODIMATTOM, PARATHODU P.O. 686 512, KERALA, INDIA

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നിർമ്മല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് & സൈക്കോ തെറാപ്പി നടത്തുന്ന കൗൺസിലിംഗ് ഡിപ്ലോമ കോഴ്സിന്റെ അഞ്ചാമത്തെ ബാച്ചിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.


| | |
|---|---|
| കോഴ്സ് കാലാവധി | ഒരു വർഷം |
| കോഴ്സ് ആരംഭം | 2017 ജൂലൈ 7 വെള്ളി |
| ക്ലാസുകൾ | രണ്ടാം ശനിയാഴ്ചയോടു ചേർന്നുവരുന്ന വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ ശനിയാഴ്ച വൈകുന്നേരം 4 മണി വരെ |
| സ്ഥലം | നിർമ്മല റിന്യുവൽ സെന്റർ, പൊടിമറ്റം |
| പ്രായം | 20 വയസ്സ് മുതൽ |
| വിദ്യാഭ്യാസ യോഗ്യത | മിനിമം +2 |
| കോഴ്സ് ഫീസ് | 7000/ രൂപ |
| ചേരാനുള്ള അവസാന തീയതി | 2017 ജൂലൈ 5 ബുധൻ |

കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യാനും

| | |
|---|---|
| പ്രിൻസിപ്പൽ | ഡോ. പി.എം. ചാക്കോ. ഫോൺ: 9746058144 |
| പി. ആർ. ഒ. | ശ്രീ. ജെയിംസ് കുഴിക്കാട്ട്. ഫോൺ: 9447054125 |
| ഓഫീസ്: | 04828 201100, 205628 |

# പനിമഴക്കാലം

## പനിമഴക്കാലത്തെ പ്രതിരോധിക്കാനുള്ള ചില കുറുക്കുവഴികൾ




**ഡോ. അനിറ്റ് ജോസഫ് കാരയ്ക്കാട്ട്,**
ഗവ. മെഡിക്കൽ കോളേജ്,
തിരുവനന്തപുരം

**ഈ** വർഷത്തെ വേനൽച്ചൂട് കൂടിയപ്പോൾ ആഗ്രഹിച്ചു മഴ പെട്ടെന്നു വരണമേ എന്ന്. കാരണം ഫ്ളാറ്റിൽ വെള്ളത്തിന്റെ നിയന്ത്രണം തുടങ്ങിയിരുന്നു. ചിലപ്പോൾ വൈകുന്നേരം ഡ്യൂട്ടി കഴിഞ്ഞുവരുമ്പോൾ പൈപ്പിൽ വെള്ളം കാണില്ല. തിരുവനന്തപുരത്ത് വെള്ളം കിട്ടുന്ന അരുവിക്കര ഡാം വറ്റിയിരുന്നു. എന്നാൽ, മെയ് മാസം അവസാനം മഴ തുടങ്ങിയപ്പോഴെ ആശുപത്രി നിറഞ്ഞുകവിഞ്ഞു തുടങ്ങി. നാട്ടിലെങ്ങും പനിയും പനി മരണങ്ങളും കൂടി.

കഴിഞ്ഞ നാലു മാസംകൊണ്ട് മൊത്തം 68 പനി മരണങ്ങളാണ് സംസ്ഥാനത്ത് സംഭവിച്ചത്. അതിൽ ഡെങ്കിയും എച്ച് 1 എൻ 1 ആണ് പ്രധാന പങ്കു വഹിക്കുന്നത്. 7 ലക്ഷത്തിലധികം പേരാണ് പനിക്ക് കേരളത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സ നേടിയത്. ഇതിൽ 2214 പേർക്കു ഡെങ്കി സ്ഥിരീകരിച്ചു. 487 പേർക്ക് എച്ച് 1 എൻ 1 ഉം 474 പേർക്ക് എലിപ്പനിയും; അതിൽ 36 പേരാണ് എച്ച് 1 എൻ 1 മൂലവും 6 പേരാണ് എലിപ്പനിമൂലവും മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 16 ഹൗസ്സർജൻ ഡോക്ടർമാർക്കും തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 25 ഡോക്ടർമാർക്കും ഡെങ്കിപ്പനി സ്ഥിരീകരിച്ചു.

സാധാരണയായി നമ്മുടെ നാട്ടിൽ കണ്ടുവരുന്ന മഴക്കാലരോഗങ്ങൾ ഇവയാണ്:-

1. വൈറൽ പനി
2. കൊതുകു പരത്തുന്ന രോഗങ്ങൾ:- ഡെങ്കിപ്പനി, ചിക്കൻഗുനിയ, മലമ്പനി, മന്ത്
3. എലി പരത്തുന്ന രോഗങ്ങൾ:- എലിപ്പനി, പ്ലേഗ്
4. ഈച്ച വഴിയുള്ളവ :- വയറിളക്കം
5. എച്ച് 1 എൻ 1
6. മലിന ജലം/ ആഹാരം മൂലം:- ഹെപ്പറ്റൈറ്റിസ്, ടൈഫോയ്ഡ്, കോളറ
7. പുഴുക്കടി
8. വളംകടി

**1. ഡെങ്കിപ്പനി**

ഈഡിസ് കൊതുകു പരത്തുന്ന ഡെങ്കി വൈറസ് മൂലമുണ്ടാകുന്ന രോഗമാണിത്. പനി, തലവേദന, ശരീരവേദന, സന്ധികൾക്കു വേദന, ചെറിയ പാടുകൾ ശരീരത്തിലുണ്ടാവുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ഡെങ്കിപ്പനി മാരകമായി മാറാനുള്ള സാധ്യതകളുണ്ട്. ശുദ്ധജലത്തിൽ മാത്രം പെരുകുന്ന ഈഡിസ് കൊതുകുകൾ ഒരു രോഗിയിൽനിന്നും മറ്റൊരാളിലേക്ക് രോഗം പരത്തുന്നു. ഇവ പകൽ സമയങ്ങളിലാണ് കടിക്കുന്നത്: രാവിലെയും വൈകുന്നേരവും പ്രത്യേകിച്ച്. രോഗിക്ക് നേരിട്ട് രോഗം പരത്താൻ കഴിയുകയില്ല.

**2. എലിപ്പനി**

പന്നിയെലി, പെരുച്ചാഴി, തുരപ്പനെലി, നീറ്റെലി തുടങ്ങിയവയാണ് രോഗാണുവിന്റെ മുഖ്യ വിതരണക്കാർ. പ്രധാനമായും എലിമൂത്രത്തിൽനിന്നാണ് എലിപ്പനി മനുഷ്യരിലേക്ക് പകരുന്നത്. ശരീരത്തിലെ ചെറുമുറിവിലൂടെയും കണ്ണ്, മൂക്ക്, വായ് എന്നിവയിലെ മൃദുല ചർമ്മത്തിലൂടെയും ആണ് എലിപ്പനിയുടെ അണുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നത്. കടുത്ത പനി, തലവേദന, വിറയൽ, ശരീരവേദന, കണ്ണിനു ചുവപ്പ് ഇവയാണ് പ്രാരംഭലക്ഷണങ്ങൾ. ഇതു പുരോഗമിച്ച് മെനിഞ്ചൈറ്റിസ്, ഹെപ്പറ്റൈറ്റിസ് മുതലായവയിലേക്കും ചെന്നെത്താം.

**3. എച്ച് 1 എൻ 1**

ഒരു വിഭാഗം ഇൻഫ്ളുവൻസ വൈറസ് പരത്തുന്ന രോഗമാണിത്. രോഗി തുമ്മുകയോ ചുമയ്ക്കുകയോ സ്പർശിക്കുകയോ ചെയ്യുന്നതുവഴി രോഗാണു മറ്റൊരാളിലേക്കു പകരുന്നു. പനി, തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, ശ്വാസതടസ്സം, ഛർദി എന്നിവയാണ് പ്രധാനലക്ഷണങ്ങൾ.

**4. ഹെപ്പറ്റൈറ്റിസ് (മഞ്ഞപ്പിത്തം)**

ഹെപ്പറ്റൈറ്റിസ് എ, ഇ എന്നീ വിഭാഗത്തിലുള്ളവയാണ് മലിനജലത്തിലൂടെ പകരുന്നത്. വൃത്തിഹീനമായ ചുറ്റുപാടുകൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, മഴക്കാലം എന്നിവ രോഗസാധ്യത വർദ്ധിപ്പിക്കുന്നു. രോഗിയുടെ മലത്തിലൂടെയാണ് രോഗാണു പ്രധാനമായും വിസർജ്ജിക്കപ്പെടുന്നത്. വിശപ്പില്ലായ്മ, ഓക്കാനം, ഛർദി, തളർച്ച, ക്ഷീണം, നേരിയ പനി, കണ്ണിനുണ്ടാകുന്ന മഞ്ഞനിറം, കടുത്ത മഞ്ഞനിറത്തിലുള്ള മൂത്രം എന്നിവയാണ് രോഗലക്ഷണങ്ങൾ.

**5. ടൈഫോയ്ഡ്**

വെള്ളത്തിൽനിന്നും പഴകിയ ആഹാരത്തിൽനിന്നും പടരുന്നു. തുടർച്ചയായ പനിയും തലവേദനയുമാണ് പ്രധാനമായ ലക്ഷണങ്ങൾ.

**6. പ്ലേഗ്**

യെഴ്സീനിയ പെസ്ടിസ് എന്ന ബാക്ടീരിയ വഴിയുണ്ടാകുന്ന രോഗമാണിത്. പ്ലേഗ് ബാധിച്ച എലിച്ചെള്ള് കടിക്കുകയോ, രോഗിയുമായുള്ള സമ്പർക്കംകൊണ്ടോ, അപൂർവ്വമായി ശ്വസിക്കുന്നതിലൂടെയോ, രോഗബാധയുള്ള സാധനങ്ങൾ ഉള്ളിൽച്ചെന്നോ ആണ് മനുഷ്യർക്കും ചെറുമൃഗങ്ങൾക്കും ഇടയിൽ ഈ രോഗം പകരുന്നത്. വളരെ ഗുരുതരം ആയേക്കാവുന്ന ഈ രോഗം തക്കസമയത്ത് ചികിത്സിച്ചില്ലെങ്കിൽ മരണം സംഭവിക്കാം. വലിയ പനി, കുളിര്, തലവേദന, ശരീരവേദന, ക്ഷീണം, ഓക്കാനം, ഛർദി എന്നിവയാണ് പ്രാരംഭലക്ഷണങ്ങൾ.

**7. വയറിളക്കവും ഛർദ്ദിയും**

വയറിനു നല്ല തണുപ്പേൽക്കുന്നതും പഴയ ആഹാരം കഴിക്കുന്നതും മലിനമായ വെള്ളം കുടിക്കുന്നതുമാണ് ഇതിനു കാരണം. കുപ്പിയിലടച്ച് വാങ്ങുന്ന ജൂസുകളും ഇതിനു കാരണമാകാം.

**8. കോളറ**

മലിനമായ ജലത്തിലൂടെയും, വൃത്തിഹീനമായ പരിസരം, ഭക്ഷണവും മൂലവുമാണ് ഇതുണ്ടാകുന്നത്.

**9. മലമ്പനി**

വിറയലോടുകൂടിയ പനി, പനി മാറുമ്പോൾ വിയർപ്പ്, തലവേദന എന്നിവയാണ് മുഖ്യലക്ഷണങ്ങൾ.

**10. പുഴുക്കടി**

മഴക്കാലത്ത് കൂടുതലായി കണ്ടുവരുന്ന രോഗമാണിത്. ഇതൊരു ഫംഗസ് രോഗമാണ്. ശരീരത്തോട് ചേർന്നുനിൽക്കുന്ന വസ്ത്രം ധരിക്കുന്നതും ഈർപ്പം മാറാത്ത അടിവസ്ത്രം ധരിക്കുന്നവരിലും പുഴുക്കടി ഉണ്ടാകാം. അരക്കെട്ടിലും തുടയിലും കക്ഷത്തിലും ചൊറിച്ചിലോടുകൂടി ചുവന്ന തടിപ്പായി പ്രത്യക്ഷപ്പെടുന്നതാണ് ഈ രോഗം.

**11. വളംകടി**

കാൽ വിരലിനടിയിലുണ്ടാകുന്ന പൂപ്പൽ രോഗമാണിത്. ഷൂസും സോക്സും പതിവായി ധരിക്കുന്നവർക്കും ചെളിവെള്ളത്തിൽകൂടി നടക്കുന്നവർക്കും ഉണ്ടാകാം.

**പ്രതിരോധമാർഗ്ഗങ്ങൾ**

1. എയർ കണ്ടീഷണർ, ഫ്രിഡ്ജിന്റെ ട്രേ, ഉപേക്ഷിക്കപ്പെട്ട ടയറുകൾ, ഐസ്ക്രീം കപ്പുകൾ, മരപ്പൊത്തുകൾ, കുപ്പികൾ, റബർ മരത്തിലെ ചിരട്ടകൾ, കോൺക്രീറ്റ് സ്ലാബിലെ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ, മേശക്കടിയിലെ പാത്രങ്ങൾ, പൂച്ചെട്ടികൾ വയ്ക്കുന്ന പാത്രങ്ങൾ, ആട്ടുകല്ല്, വെള്ളം സംഭരിച്ച പാത്രങ്ങൾ, ടിൻ ഷീറ്റുകൾ, മേൽക്കൂരയിലെ കുഴികൾ എന്നിവയിൽ വെള്ളം കെട്ടിക്കിടന്ന് കൊതുക് പെരുകാൻ സാധ്യതയുള്ളതിനാൽ ഇത് ഒഴിവാക്കുക.
2. ഫ്ളവർവെയ്സുകളിലെ വെള്ളം രണ്ടു ദിവസം കൂടുമ്പോൾ മാറ്റുക
3. ഗംപൂസിയ, ഗപ്പി മത്സ്യങ്ങൾ കൂത്താടികളെ നശിപ്പിക്കുന്നതിനാൽ ഇവ ശുദ്ധജലസംഭരണികളിൽ നിക്ഷേപിക്കുക.
4. ജനൽ കർട്ടനുകൾ, അയയിലെ തുണികൾ എന്നിവയിൽ കൊതുകുകൾ വിശ്രമിക്കാൻ സാധ്യതയുള്ളതിനാൽ ഇത് ശ്രദ്ധിക്കണം.
5. കൊതുകുകടി ഏൽക്കാതിരിക്കാൻ കൊതുകുവല, കൊതുകുതിരി, ശരീരം മറയ്ക്കുന്ന വസ്ത്രങ്ങൾ, റിപ്പന്റുകൾ (ഓയിൻമെന്റുകൾ) എന്നിവ ഉപയോഗിക്കുക.
6. വീടും പരിസരവും ശുചിത്വം ഉറപ്പുവരുത്തി കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്ന സാഹചര്യം ഒഴിവാക്കി പകർച്ചവ്യാധികൾ തടയുക.
7. വെള്ളം കെട്ടി നിൽക്കാനുള്ള സാഹചര്യങ്ങൾ ആഴ്ചയിലൊരിക്കൽ കണ്ടെത്തി നശിപ്പിക്കുക; കാരണം 5–7 ദിവസത്തിനുള്ളിൽ ലാർവ (കൂത്താടി) കൊതുകായി മാറുന്നു.
8. റബർ മരങ്ങളിലുള്ള ചിരട്ടകൾ ടാപ്പിംഗ് ഇല്ലാത്ത സമയങ്ങളിൽ കമഴ്ത്തി വയ്ക്കുക.
9. റോഡിലേക്കും പൊതുസ്ഥലങ്ങളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ കൊണ്ടിടരുത്.
10. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക.
11. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് പകർച്ചവ്യാധികൾക്ക് കാരണമാകുന്നതിനാൽ അത് ശ്രദ്ധിക്കുക.
12. പൊട്ടിയ പാത്രം, കുപ്പി, ചിരട്ട, സിമന്റ് ചട്ടി, പ്ലാസ്റ്റിക് കവറുകൾ എന്നിവ അലക്ഷ്യമായി വലിച്ചെറിയാതെ നശിപ്പിക്കുക.
13. കക്കൂസിന്റെ ടാങ്കും, വിന്റ് പൈപ്പും കൊതുക് കടക്കാത്ത രീതിയിൽ സംരക്ഷിക്കുക.
14. ഓടകളിലും തോടുകളിലും പാടങ്ങളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും ജോലി ചെയ്യുന്നവർ കൈകാലുകളിൽ മുറിവുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുക.
15. കൃഷിയിടങ്ങളിലും ചെളിവെള്ളത്തിലും മറ്റും പണിയെടുക്കുന്നവർ ഷൂ, ഗ്ലൗസ് എന്നിവ ധരിക്കുക.
16. എലിപ്പനിക്കെതിരെ പ്രതിരോധഗുളിക അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് വാങ്ങി കഴിക്കുക.
17. ആഹാരാവശിഷ്ടങ്ങൾ ചപ്പുചവറുകൾ എന്നിവ കുന്നുകൂടുന്നതും ഒഴിവാക്കുക.
18. മലിനജലത്തിൽ മുഖം കഴുകുകയോ കുളിക്കുകയോ ചെയ്യരുത്.
19. മൃഗങ്ങളെ പരിപാലിക്കുന്നവർ കൈയ്യുറ ധരിക്കുക.
20. തിളപ്പിച്ചാറിച്ച വെള്ളം കുടിക്കുന്നത് ശീലമാക്കുക. വേനൽക്കാലത്ത് കുടിക്കുന്ന അത്രതന്നെ അളവിൽ ചെറുചൂടുവെള്ളം മഴക്കാലത്തും കുടിക്കണം
21. ഭക്ഷണപദാർത്ഥങ്ങൾ അടച്ചുവച്ച് ഉപയോഗിക്കുക.
22. പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയവ നല്ലവണ്ണം കഴുകി ഉപയോഗിക്കുക.
23. ചീഞ്ഞുതുടങ്ങിയ പഴങ്ങളും പച്ചക്കറികളും ഉപയോഗിക്കരുത്.
24. തണുത്ത വെള്ളവും ഐസ്ക്രീമും ഒഴിവാക്കുക.
25. മഴക്കാലത്ത് ഫ്രിഡ്ജിൽ സൂക്ഷിച്ച ഭക്ഷണം ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. പലതവണ ചൂടാക്കി ഉപയോഗിക്കുന്നത് തീർത്തും ഉപേക്ഷിക്കണം.
26. എണ്ണ ചേർത്ത പലഹാരങ്ങളും ഭക്ഷണവസ്തുക്കളും ഒഴിവാക്കണം.
27. ഭക്ഷണപദാർത്ഥങ്ങൾ ചെറുചൂടോടെ ഉപയോഗിക്കണം; പഴകിയ ഭക്ഷണം ഒരു കാരണവശാലും ഉപയോഗിക്കരുത്.
28. മത്സ്യവും മാംസവും നന്നായി വേവിച്ച് ഉപയോഗിക്കുക.
29. ഭക്ഷണം വിളമ്പുന്നതിനും പകർന്നുവയ്ക്കുന്നതിനും വൃത്തിയുള്ള പാത്രങ്ങൾ ഉപയോഗിക്കണം.
30. ആഹാരം കഴിക്കുന്നതിനുമുമ്പും മലവിസർജ്ജനത്തിനുശേഷവും കൈ സോപ്പ് ഉപയോഗിച്ച് കഴുകുക.
31. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്താതിരിക്കുക.
32. അസുഖങ്ങൾ പിടിപെടാതിരിക്കാൻ ധാരാളം വെള്ളം കുടിക്കുകയും പോഷകസമൃദ്ധമായ ആഹാരം കഴിക്കുകയും നല്ലവണ്ണം ഉറങ്ങുകയും ചെയ്യുക.
33. പനി പടർന്ന് പിടിക്കുന്ന അവസരത്തിൽ ഹസ്തദാനം നടത്താതിരിക്കുക.
34. രോഗി ഉപയോഗിച്ച ടൗവൽ, തോർത്ത് എന്നിവയെല്ലാം തിളച്ച വെള്ളത്തിൽ കഴുകുക.
35. ശുദ്ധജല സ്രോതസ്സുകൾ ബ്ലീച്ചിങ്ങ് പൗഡർ ഉപയോഗിച്ച് ക്ലോറിനേറ്റ് ചെയ്യുക.
36. കിണറുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുക.
37. വെള്ളം കെട്ടിനിന്നാൽ അതിൽ അല്പം മണ്ണെണ്ണ തളിക്കുക.
38. കിണറ്റിനരികിൽ അലക്കും കുളിയും മൃഗങ്ങളെ കുളിപ്പിക്കുന്നതും ഒഴിവാക്കണം.
39. പകലുറക്കവും രാത്രി ഉറങ്ങാതിരിക്കുന്നതും നല്ലതല്ല.
40. അമിതവ്യായാമം മഴക്കാലത്ത് നല്ലതല്ല.
41. കാൽപ്പാദം മുഴുവനായി മൂടിയ പാദരക്ഷകൾ നല്ലത്.
42. ജലദോഷം, ചുമ തുടങ്ങിയ അസുഖങ്ങളുള്ളവർ കുഞ്ഞുങ്ങളുടെ അടുത്തു പോകരുത്.
43. മഴ നനഞ്ഞാൽ തല തുവർത്തുന്നതു ശീലമാക്കണം.
44. കുട്ടികളും മുതിർന്നവരും ഇടയ്ക്കിടെ ആവി പിടിക്കുന്നത് നല്ലതാണ്.
45. സ്വയം ചികിത്സ ഒഴിവാക്കുക. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.

# ജീവിതം തകർത്ത തീവണ്ടി പിന്നീട് പാഞ്ഞത് തീവണ്ടിയേക്കാളും വേഗത്തിൽ



**ഷെറിൻ ചാക്കോ**
**രാമക്കൽമേട്**

**2009** ഒക്ടോബർ 17 – ISRO യിലെ ജോലിക്കായുള്ള ഇന്റർവ്യൂ കഴിഞ്ഞ് കോട്ടയം റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങിയ യുവാവ് വീട്ടിലേക്കുള്ള അവസാനബസ് നഷ്ടപ്പെടാതിരിക്കാൻ റെയിൽവേ ട്രാക്ക് മുറിച്ചുകടക്കാൻ ശ്രമിച്ചു. ഓപ്പറേഷന്റെ ഭാഗമായി കാലിൽ ചുറ്റിവച്ചിരുന്ന ബാന്റേജ് പാളത്തിൽ ഒടക്കുകയും ഒരു പാളത്തിൽനിന്ന് അടുത്ത പാളത്തിലേക്ക് തലയിടിച്ചു വീഴുകയുമായിരുന്നു. ബോധം പൂർണമായി നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ട്രെയിൻ വരുന്ന ശബ്ദം കേൾക്കാം... ട്രെയിൻ കടന്നുപോയി. തന്റെ വലതു കൈപ്പത്തിയും ഇടതുകൈപ്പത്തിയും ചതഞ്ഞരഞ്ഞു. ഇടതുകാലിന്റെ മുട്ടിന്റെ താഴ്ഭാഗവും ട്രെയിൻ കൊണ്ടുപോയി. ഓടിക്കൂടിയ ജനങ്ങൾ തലയിൽ കൊട്ടിവിളിച്ചപ്പോഴാണ് ബോധം തിരികെ വന്നത്. കണ്ണ് തുറന്നു നോക്കിയപ്പോൾ കണ്ടത് വലതുകൈപ്പത്തി ട്രാക്കിലെ മെറ്റലിൽ കിടന്ന് പിടക്കുന്നതാണ്. വേദനകൊണ്ടു തിരിഞ്ഞു നോക്കിയപ്പോൾ ഇടതുകാലും ട്രാക്കിൽ കിടപ്പുണ്ട്.

ഈ ചെറുപ്പക്കാരന്റെ കൈകാലുകൾ അരഞ്ഞു തീർന്നപ്പോൾ നഷ്ടമായത് ഒരു കുടുംബത്തിന്റെ പ്രതീക്ഷകളുടെ ചിറകുകൾ ആയിരുന്നു....

ബോധം വീണപ്പോൾ ആശുപത്രി കിടക്കയിൽ... അവയവങ്ങൾ എല്ലാം തുന്നിച്ചേർത്തിട്ടുണ്ടെന്നുള്ള പ്രതീക്ഷയോടെയാണ് കണ്ണുതുറന്നത്. കഴുത്ത് കട്ടിലിൽ കെട്ടിവച്ചിരിക്കുന്നു. അനീഷ് കണ്ണുകൾ ഇറുക്കി അടച്ചു. ഒരു നിമിഷം എന്തൊക്കെയോ മനസിൽ കൂടി കടന്നുപോയി. പിച്ചപാത്രവുമായി ബസിലും ട്രെയിനിലുമൊക്കെയായി തന്റെ കൺമുമ്പിൽ വന്നവർ. അവർക്ക് കൈയില്ല... കാലില്ല. അവരെയൊക്കെ പലപ്പോഴും പുച്ഛത്തോടെയാണ് കണ്ടത്. താനും ഇതുപോലെ പിച്ച ചട്ടി എടുക്കേണ്ടിവരുമല്ലോ. പലരും തന്നെ പുച്ഛത്തോടെ നോക്കും. കണ്ണീർ ധാരധാരയായി ഒഴുകി. അരികിൽ നിന്ന അമ്മയോട് ചോദിച്ചു.

അമ്മേ... എന്റെ വലതുകൈ തുന്നിച്ചേർത്തോ.

അമ്മ കരഞ്ഞുകൊണ്ടു പറഞ്ഞു... ഇല്ലടാ... അതു മുഴുവൻ അരഞ്ഞുപോയി...

അമ്മേ... എന്റെ ഇടതുകാലോ?

ഇല്ലടാ... അതു പൂർണ്ണമായി മുറിച്ചുമാറ്റി.

നീളം കുറയുന്നല്ലേ ഉള്ളൂ... ബാക്കിയുള്ളത് തുന്നിച്ചേർത്ത് കൂടായിരുന്നോ.

ഇല്ല... അസ്ഥിയെല്ലാം വെവ്വേറെയായിപ്പോയിരുന്നു.

ഇടതുകൈയെങ്കിലും തിരിച്ചുണ്ടോ... സമാധാനിപ്പിക്കാൻ അമ്മ പറഞ്ഞു... തുന്നിച്ചേർത്തിട്ടുണ്ട്. ശരിയാകുമെന്നാണ് ഡോക്ടർ പറഞ്ഞത്. ഹൃദയം ഭേദിക്കുന്ന സംഭാഷണം...

അനീഷിന്റെ ശരീരവേദനയെക്കാൾ അധികമായിരുന്നു മാനസിക വേദന. "എനിക്കിനി ജീവിക്കണ്ട. എന്നെ കൊന്നുകളയാമോ. രാഷ്ട്രപതിയോട് ദയാവധത്തിന് അനുവാദം വാങ്ങണം. സമൂഹത്തിന് യാ തൊരു ഗുണവുമില്ലാത്ത വ്യക്തി എന്ന നിലയിൽ, വേദന സഹിക്കാനാവാത്ത യുവാവ് എന്ന നിലയിൽ കൊല്ലാനുള്ള അനുവാദം." മകന്റെ നിലയ്ക്കാത്ത കണ്ണീർ തുടച്ചുകൊണ്ട് അമ്മ തന്റെ അധരങ്ങൾ ചെവിയോടു ചേർത്തുപിടിച്ച് അവന്റെ ഹൃദയം പിളർക്കുന്ന വാക്കുകൾ പറഞ്ഞു.

"എന്തൊക്കെ കുറവുണ്ടേലും എനിക്ക് നിന്നെ എന്റെ മരണം വരെ കാണണം. നിനക്കുവേണ്ടിയാണ് ഈ അമ്മ കൂലിപണിക്ക് പോയി പോറ്റിയത്."

പ്രതീക്ഷകൾ എല്ലാം തകർന്നടിഞ്ഞു. കഷ്ടപ്പെട്ടു പഠിച്ചുനേടിയ ഇൻസ്ട്രമെന്റേഷൻ എൻജിനീയറിംഗ് ഡിപ്ലോമയിലെ 4–ാം റാങ്ക്, ഏറ്റവുമധികം സ്നേഹിച്ചിരുന്ന ചെണ്ടകൊട്ട്... എല്ലാം അവസാനിച്ചതുപോലെ... ഒന്നും ചെയ്യാനില്ലാത്ത ദിവസങ്ങൾ. ഒറ്റയ്ക്കിരുന്ന് നനയുന്ന കിടക്ക. പക്ഷേ, മറ്റുള്ളവരുടെ മുമ്പിൽ ഒരിക്കലും കരഞ്ഞിട്ടില്ല. അങ്ങനെയിരിക്കെ, സുഹൃത്തായ സെബാസ്റ്റ്യൻ കിടയ്ക്കക്കരുതിലെത്തി. വി. ബൈബിളിലെ റോമാ 8:28 ഈ യുവാവിനോട് പലതവണ ആവർത്തിച്ച് ഉദ്ധരിച്ചു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു."

ഇതു കേട്ടപ്പോൾ അനീഷിന് ആ മനുഷ്യനോട് പുച്ഛമാണ് തോന്നിയത്. അതെ, എന്നാൽ മാനുഷിക ചിന്തകൾക്ക് അപ്പുറമായിരുന്നു ഈ ചെറുപ്പക്കാരന്റെ അവസ്ഥ. എന്നാൽ സുഹൃത്ത് വിട്ടുകൊടുത്തില്ല. എല്ലാവരിൽനിന്നും വ്യത്യസ്തമായി ചോദിച്ചു. "അനീഷ് ജനിച്ചപ്പോൾ ഇങ്ങനെയായിരുന്നെങ്കിൽ ജീവിക്കുമോ.... അതോ കരയുമോ... ഉള്ളതുകൊണ്ട് ജീവിക്കും എന്ന് മൂളി. 'അനീഷ് ജനിച്ചപ്പോൾ ഇങ്ങനെയായിരുന്നു. ഇനി ഉള്ളതുകൊണ്ട് ജീവിച്ചോളൂ.'...

അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പ്രചോദനാത്മകമായ വീഡിയോ, ഓഡിയോ കാണുകയും കേൾക്കുകയും നിരവധി പുസ്തകങ്ങൾ വായിക്കുകയും ചെയ്തു. അമ്മയുടെ വാക്കും കൂട്ടുകാരന്റെ വാക്കും അനീഷ് സ്വീകരിച്ചത് ദൈവത്തിന്റെ വാക്കുകളായിട്ടാണ്. ചികിത്സ കഴിഞ്ഞ് പൊയ്ക്കാലും കൈയുമായി പുറത്തിറങ്ങിയ യുവാവ് ജീവിക്കാനായി ആദ്യം എത്തിയത് തെരുവിലേക്കായിരുന്നു. കോട്ടയം ടൗൺ വഴി കിലോമീറ്ററുകളോളം നടന്ന് നിത്യോപയോഗ സാധനങ്ങൾ വീടുകളിലും മറ്റും വില്പന നടത്തി. വളരെ തുച്ഛമായ ലാഭം നഷ്ടപ്പെടാതിരിക്കാൻ ടാക്സി വിളിച്ച് പോകാതെ പൊയ്ക്കാലുമായി നടന്നുപോയതിനാൽ കാൽമുട്ടിൽനിന്ന് രക്തം ഒഴുകി.

ആ സമയത്ത് മൂലമറ്റം സെന്റ് ജോസഫ് കോളേജ് വകുപ്പ്മേധാവിയും IPCAI (The Institute for personal centred approches in India) എന്ന സംഘടനയുടെ സജീവ പ്രവർത്തകനുമായ പ്രൊഫ. മാത്യു കണമല ദൈവദൂതനെപ്പോലെ കടന്നുവന്നു.

"അനീഷ് അനേകർക്ക് പ്രചോദനമായി മാറണം. അനീഷ് മുമ്പോട്ടു പഠിക്കാൻ തയ്യാറാവണം.'' തുടർന്ന് കൗൺസിലിംഗ് കോഴ്സ്, നിരവധി തെറാപ്പികൾ അദ്ദേഹം പഠിച്ചു. IPCAI എന്ന സംഘടനയ്ക്കുവേണ്ടി ആയിരക്കണക്കിന് വേദിയിൽ ക്ലാസുകൾ നയിക്കാൻ പര്യാപ്തനായി. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനകൾ നല്കി. IPCAI എന്ന സംഘടനയെക്കുറിച്ച് ഒരു വാക്ക്, സാധാരണ സംഘടനകളിൽനിന്നും വ്യത്യസ്തമായി വ്യക്തിക്ക് പ്രാധാന്യം നല്കുന്നുവെന്നതാണ്.

ഒരു സ്കൂളിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ക്ലാസ് കഴിഞ്ഞ് മടങ്ങിവരവേ ഒരു ഫോൺ കോൾ. സന്തോഷാശ്രുകൊണ്ടൊരു പൊട്ടിക്കരച്ചിൽ. വിളിച്ചയാൾ പറഞ്ഞു. 'സാറ് ഇന്ന് വന്നില്ലായിരുന്നെങ്കിൽ ഞാനും എന്റെ കുടുംബവും ആത്മഹത്യ ചെയ്തേനെ! ഇതുപോലെ എത്രയെത്ര സംഭവങ്ങൾ.

നിരവധി അംഗീകാരങ്ങളും അവാർഡുകളും അനീഷിനെ തേടിയെത്തി. 2014 –ലെ മികച്ച ഭിന്നശേഷി ജീവനക്കാരനുള്ള അവാർഡ്... ഡിസ്ട്രിക് അംബാസിഡർ. ഇതൊരു അവാർഡുകളിൽ ചിലത് മാത്രം. സുഹൃത്തുക്കൾക്കും പരിചയക്കാർക്കും ഈ യുവാവ് ആവേശകരവും ആകർഷകവുമായ വ്യക്തിത്വമാണ്.

ഇന്ന് വെല്ലുവിളികൾ ഏറ്റെടുത്ത് വിജയിക്കുന്നത് അനീഷിന്റെ ഹോബിയാണ്. കൈപ്പത്തി ഇല്ലാത്ത ഒരാൾക്ക് ലൈസൻസ് കിട്ടുക അപ്രാപ്യമായ കാര്യമാണ്. ഈ സാഹചര്യത്തിലും 4 വീലറിന്റെ ലൈസൻസ് കഷ്ടപ്പെട്ട് കരസ്ഥമാക്കി.

അനീഷിന്റെ മുദ്രാവാക്യം ഇതാണ്. 'എന്തിനെ പേടിക്കുന്നോ... ആ പേടിയെ പേടിപ്പിക്കുക.' ഈ ചെറുപ്പക്കാരന്റെ ബാല്യകാലം അത്ര സുഖകരമായിരുന്നില്ല. 7–ാം ക്ലാസിൽ പഠിക്കുമ്പോൾ കൂലിപ്പണിക്ക് പോയി തുടങ്ങി. ആശാരിപണി, കല്ലാശാരി പണി, പെയിന്റിംഗ് വർക്ക്, വെൽഡിംഗ് വർക്ക്, ചായക്കടയിലെ ജോലി... കഷ്ടപ്പാടിന്റെ ആധിക്യം അറിയണമെങ്കിൽ എസ്.എസ്.എൽ.സി പരീക്ഷയ്ക്കുപോലും പത്രമിട്ടിട്ടു വന്ന് പരീക്ഷ എഴുതി. എന്നിരുന്നാലും നിറഞ്ഞ സംതൃപ്തിയോടെയാണ് ഈ ജോലികളെല്ലാം ചെയ്തിരുന്നത്. ഇന്ന് ഈ യുവാവ് പറയുന്നു. അന്ന് എന്നെ ദൈവം ഒരുക്കുകയായിരുന്നു.

കോട്ടയം ആർപ്പൂകര വില്ലൂന്നി സ്വദേശിയായ അനീഷിന് ഇത്രയും ജീവിക്കാൻ പ്രേരകമായത് മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സപ്പോർട്ടു കൊണ്ടാണെന്ന് അനീഷ് അടിവരയിട്ടു പറയുന്നു.

ഭിന്നശേഷിയുള്ളവരോടും അല്ലാത്തവരോടും യുവജനങ്ങളായ നമ്മോടും ഈ യുവാവ് ഇങ്ങനെ സംവദിക്കുന്നു.

ആരോഗ്യവും സമ്പത്തും സ്ഥാനമാനങ്ങളുമുള്ള സ്വർണ്ണകരണ്ടിയുമായി ജനിച്ചുവീഴുന്ന എത്രയോ പേർ... തങ്ങളുടെ കൗമാരത്തിലും യൗവനത്തിലും മധ്യവയസിലും ആത്മഹത്യ ചെയ്ത് ജീവിതം അവസാനിപ്പിക്കുന്ന എത്രയോ പേർ... എന്നാൽ, കൈയില്ലാതെ, കാലില്ലാതെ, കാഴ്ചയില്ലാതെ, കേൾവിയില്ലാതെ എത്രയോ പേർ ജീവിതത്തിൽ വിജയിച്ചിരിക്കുന്നു.

## കത്തീഡ്രൽ പിതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം

കത്തീഡ്രൽ പിതൃവേദി 2017–18 വർഷത്തെ പ്രവർത്തന ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും 25.06.2017 ഞായറാഴ്ച കത്തീഡ്രൽ കോൺഫറൻസ് ഹാളിൽ വച്ചുനടത്തുകയുമുണ്ടായി. പ്രസിഡണ്ട് ശ്രീ. റെജി കൈപ്പൻപ്ലാക്കൽ, റവ. പ്രസിഡന്റ് ജോസ് കടുവാതൂക്കിയിൽ, സെക്രട്ടറി ശ്രീ. രാജു പോൾ കൊച്ചുപൂവത്തുംമൂട്ടിൽ, ജോ. സെക്രട്ടറി ശ്രീ. റ്റോമി പായിക്കാട്ട്, ട്രഷറർ ശ്രീ. ജോർജുകുട്ടി ഒരുവുഴിക്കിൽ കമ്മറ്റി മെമ്പേഴ്സ്, ശ്രീ. ജോയി പറപ്പള്ളി, ശ്രീ. ബേബിച്ചൻ ചക്കാല, ശ്രീ. ജോണി നെല്ലിയാനി, ശ്രീ. വർഗ്ഗീസ് പള്ളിക്കുന്നേൽ, ആനിമേറ്റർ ശ്രീ. ജോസ് പുറത്തയിൽ എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തു. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവർത്തന ഉത്ഘാടനം കത്തീഡ്രൽ വികാരി റവ. ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ നിർവ്വഹിച്ചു. പിതൃവേദി ഡയറക്ടർ റവ. ഫാ. ജോസഫ് കൊച്ചുവീട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ആശംസകൾ അർപ്പിച്ചുകൊണ്ട്, മുൻപ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ കുമ്പാളരിയ്ക്കൽ കത്തീഡ്രൽ ട്രസ്റ്റി ശ്രീ. ദേവസ്യാച്ചൻ ചെറുവള്ളി, ശ്രീ. സാബു പള്ളത്ത് എന്നിവർ പ്രസംഗിച്ചു.



*കാഞ്ഞിരപ്പള്ളി രൂപത യുവദീപ്തി എസ്.എം.വൈ.എം.ന്റെ അർദ്ധവാർഷികസെനറ്റ് കുട്ടിക്കാനം മരിയൻ കോളേജ് മാനേജർ റവ. ഫാ. ജെയിംസ് കോഴിമല ഉദ്ഘാടനം ചെയ്യുന്നു. രൂപതഡയറക്ടർ റവ. ഫാ. ജോർജ് പുല്ലാംന്തനാൽ, രൂപത – ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ സമീപം.*

തിരുസഭ

# തക്സാ

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

## ആമുഖം

ദൈവാരാധനയ്ക്കു കൃത്യമായ ഒരു ക്രമമുണ്ടായിരിക്കുക എന്നത് ഏതു മതത്തെ സംബന്ധിച്ചും പ്രധാനപ്പെട്ട കാര്യമാണ്. ആരാധനാരീതികളും മന്ത്രോച്ചാരണങ്ങളും ശരിയായി അറിഞ്ഞിരിക്കേണ്ടത് അനുഷ്ഠാനങ്ങൾക്കു നേതൃത്വം കൊടുക്കുന്ന മതപുരോഹിതരുടെ ഒരു അടിസ്ഥാനയോഗ്യതയായി പരിഗണിക്കപ്പെടുന്ന കാര്യമാണ്. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ദൈവാരാധന ഈശോമിശിഹാവഴി മനുഷ്യകുലത്തിനു ലഭിച്ച രക്ഷയുടെ അനുഭവത്തിന്റെ ആഴത്തിലേയ്ക്ക് വിശ്വാസികളെ നയിക്കുന്നതിനുള്ള മാർഗമാണ്. ആരാധനക്രമത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ നിർവചിക്കുന്നത് പരിശുദ്ധ റൂഹായുടെ ഐക്യത്തിൽ മിശിഹായുടെ മൗതികശരീരമെന്ന നിലയിൽ ദൈവജനം പിതാവായ ദൈവത്തിനർപ്പിക്കുന്ന പരസ്യമായ ആരാധനയെന്നാണ്. അതുകൊണ്ടുതന്നെ ആരാധനക്രമം വെറും മാനുഷികമായ ഒരു അനുഷ്ഠാനമല്ല മറിച്ച് ഒരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധഗ്രന്ഥംപോലെ തന്നെ പരിശുദ്ധ റൂഹായുടെ പ്രത്യേകമായ സഹായത്താൽ രൂപം കൊണ്ടതും ആദിമസഭയുടെ വിശ്വാസപ്രഖ്യാപനത്തിന്റെ ആധികാരികതയുൾക്കൊള്ളുന്നതുമാണെന്ന് കാർഡിനൽ റാറ്റ്സിംഗർ 'ലിറ്റർജിയുടെ ചൈതന്യം' എന്ന തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. (The spirit of the liturgy, page 167). അതിനാൽ സഭയുടെ പരസ്യമായ ദൈവാരാധനയായ ആരാധനക്രമത്തിന്റെ കൃത്യവും വ്യക്തവുമായ കർമ്മാനുഷ്ഠാനങ്ങളെ ഏറെ ഭവ്യതയോടും ആദരവോടുംകൂടിയാണ് സഭ എന്നും നോക്കിക്കണ്ടിട്ടുള്ളത്.

## എന്താണ് തക്സാ?

സഭയുടെ ആരാധനക്രമാനുഷ്ഠാനങ്ങളിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളും കർമ്മവിധികളുമുൾക്കൊള്ളുന്ന പുസ്തകത്തിന്റെ പേരാണ് തക്സാ. 'ഥക്സാ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം ക്രമം (order)എന്നാണ്. ഈ പദം സൂചിപ്പിക്കുന്നതുപോലെ അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും കർമ്മവിധികളും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്ന തക്സായാണ് ദൈവാരാധന ക്രമമായും ചിട്ടയായും നടത്താൻ സഭയെ സഹായിക്കുന്നത്. വിശുദ്ധകുർബാനക്രമം മാത്രമല്ല, സഭയുടെ സിനഡ് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്ന എല്ലാ ഔദ്യോഗികകർമ്മങ്ങളുടെ പുസ്തകങ്ങളും തക്സാ എന്നാണറിയപ്പെടുന്നത്.

## ഇന്നത്തെ പ്രതിസന്ധി

സഭയുടെ ഔദ്യോഗിക തക്സായെ വെറുമൊരു മാർഗദർശക(Guideline)മായി മാത്രം പരിഗണിച്ച് വ്യക്തിപരമായ സ്വാതന്ത്ര്യത്തോടെ തക്സായുടെ ക്രമത്തിൽനിന്ന് പുറത്തുകടന്ന് ചിലതെല്ലാം തങ്ങളുടെ ഭാവനകൾക്കനുസരിച്ച് കൂട്ടിച്ചേർത്തും മറ്റു പലതും വിട്ടുകളഞ്ഞും ആരാധനക്രമത്തിന്റെ വ്യത്യസ്ത ഘടകങ്ങൾ പരികർമ്മം ചെയ്യുന്ന ശൈലി സമീപകാലത്ത് കൂടി വരികയാണ്. മാത്രമല്ല ഈ ഗുരുതരമായ തെറ്റിനെ വളരെ ലാഘവത്തോടെ നോക്കിക്കാണുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ചിലരിലെങ്കിലുമിന്നുണ്ട് എന്നത് നിർഭാഗ്യകരമാണ്. ചില ധ്യാനകേന്ദ്രങ്ങളിൽ ഇപ്രകാരം തക്സായിലെ നിർദ്ദേശങ്ങളിൽനിന്നു വ്യത്യസ്തമായി പ്രാർത്ഥനകളും കർമ്മങ്ങളും കൂട്ടിച്ചേർക്കാനും വിട്ടുകളയാനും തങ്ങൾക്ക് പ്രത്യേക അനുവാദം ഉണ്ടെന്നു വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്ന സ്ഥിതിവിശേഷവുമുണ്ട്. ഈയൊരു തെറ്റിന്റെ ഗൗരവത്തെക്കുറിച്ച് ബോദ്ധ്യപ്പെടണമെങ്കിൽ തക്സായെ അതിന്റെ പൂർണ അർത്ഥത്തിൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. സഭയുടെ ആരാധനക്രമത്തോടു ഒന്നും കൂട്ടിച്ചേർക്കാനോ വിട്ടുകളയാനോ മാറ്റംവരുത്താനോ ആർക്കും അധികാരമില്ല എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശത്തിന്റെ (S.C.22.3)പശ്ചാത്തലത്തിൽ തക്സായെക്കുറിച്ച് ശരിയായ ഒരു കാഴ്ച്ചപ്പാട് രൂപപ്പെടുത്താൻ നമുക്കു കഴിയണം.




**സഭയുടെ കുറെ പ്രാർത്ഥനകളും അനുഷ്ഠാനവിധികളും ഉൾക്കൊള്ളുന്ന വെറുമൊരു പുസ്തകമെന്ന കാഴ്ച്ചപ്പാടിൽനിന്നു മാറി തക്സായുടെ വിവിധമാനങ്ങളെ തിരിച്ചറിയാൻ കഴിയുമ്പോഴാണ് അതിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്കു ബോദ്ധ്യമുണ്ടാകുന്നതും അതിനോടു വിശ്വസ്തത പുലർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാകുന്നതും.**

## തക്സായുടെ വിവിധ മാനങ്ങൾ

### *1. തക്സാ സഭയുടെ പ്രാർത്ഥനകളുടെ ഔദ്യോഗികസ്വഭാവം നില നിർത്തുന്നു*

വ്യക്തിപരമായ ഭക്താനുഷ്ഠാനങ്ങളിൽ നിന്ന് ആരാധനക്രമത്തെ വ്യത്യസ്ഥമാക്കുന്നത് അതിന്റെ ഔദ്യോഗികസ്വഭാവമാണ്. മിശിഹായുടെ പൗരോഹിത്യവൃത്തിയുടെ നിർവഹണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ (S.C. 7) ആരാധനക്രമത്തെ വിളിക്കുന്നത്. സഭയുടെ മുഴുവൻ പ്രാർത്ഥനയാണ് ആരാധനക്രമം. അതുകൊണ്ടുതന്നെ ആരാധനക്രമം പരികർമ്മം ചെയ്യുന്നിടത്ത് സഭ മുഴുവൻ മിശിഹായോടൊപ്പം സന്നിഹിതമാണ്. സഭയുടെ ആരാധനക്രമത്തിന്റെ ഈ ഔദ്യോഗികത നിലനിർത്തണമെങ്കിൽ വിശുദ്ധരായ സഭാപിതാക്കന്മാർ പ്രാർത്ഥിച്ചും ധ്യാനിച്ചും ജീവിച്ചും രൂപം കൊടുത്ത ആരാധനക്രമാനുഷ്ഠാനങ്ങളും പ്രാർത്ഥനകളും അതിന്റെ പൂർണ്ണതയിൽതന്നെ പരികർമ്മം ചെയ്യപ്പെടേണ്ടതുണ്ട്. കാലോചിതമായ പരിഷ്ക്കാരങ്ങളും ശൈലികളുമൊക്കെ അവയോടു ചേർക്കുമ്പോഴും മൂലരൂപങ്ങളോട് വിശ്വസ്തത പുലർത്തണമെന്ന് സഭ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്. സഭയുടെ ആദ്യനൂറ്റാണ്ടുകൾ മുതൽ ദൈവാരാധനയ്ക്കും മനുഷ്യവിശുദ്ധീകരണത്തിനുമായി ഉപയോഗിക്കുന്ന ആരാധനക്രമം അവികലമായി സംരക്ഷിക്കപ്പെടുന്നത് തക്സായിലൂടെയാണ്. അതുകൊണ്ട് തക്സായെ വെറുമൊരു മാർഗദർശകമായി(Guideline) മാത്രം കാണുവാൻ ഇടവന്നാൽ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളുടെ തനിമ നഷ്ടപ്പെട്ടുപോകുവാനും വ്യക്തിപരമായ താത്പര്യങ്ങൾക്കനുസരിച്ച് ആരാധനക്രമം പരികർമ്മം ചെയ്ത് അതിന്റെ ഔദ്യോഗികത നഷ്ടപ്പെടുത്തിക്കളയാനും ഇടയാകും.

### *2. തക്സാ സഭാകൂട്ടായ്മയെ വളർത്തുന്നു*

മുകളിൽ സൂചിപ്പിച്ചതുപോലെ ആദ്യനൂറ്റാണ്ടുമുതൽ സഭ ദൈവാരാധനയ്ക്കുപയോഗിക്കുന്ന ആരാധനക്രമത്തിന്റെ ചിട്ടയോടുകൂടിയ അനുഷ്ഠാനം സഭാകൂട്ടായ്മയുടെ വലിയ പ്രകാശനമാണ്. കാലദേശങ്ങൾക്കനുസരിച്ചുള്ള വ്യത്യാസങ്ങൾക്കപ്പുറത്ത് ആദ്യനൂറ്റാണ്ടു മുതൽ സഭ ഉപയോഗിച്ചിരുന്ന ആരാധനക്രമത്തിലാണ് നാം പങ്കുചേരുന്നത് എന്ന അവബോധം സഭയുടെ കൂട്ടായ്മയുടെ ആഴമായ അനുഭവത്തിലേക്കു നമ്മെ നയിക്കും. കൂടാതെ ഒരേ സഭയിൽപ്പെട്ടവർ ലോകത്തിന്റെ ഏതു കോണിൽ വസിക്കുന്നവരാണെങ്കിലും ഒരേ തക്സായിലെ ക്രമം അനുവർത്തിക്കുമ്പോൾ അവർ ഒരേ ചരടിൽ കോർക്കപ്പെട്ട് ദൈവത്തെ ആരാധിക്കുന്ന മുത്തുമണികളായിത്തീരുന്നു എന്ന സത്യം തക്സായുടെ പ്രാധാന്യം വിളിച്ചോതുന്നു. അതുകൊണ്ടുതന്നെ ഇന്നു സഭയിൽ നിലനിൽക്കുന്ന അനൈക്യത്തിനും വിഘടന ചിന്തകൾക്കും പരിഹാരം അന്വേഷിക്കേണ്ടത് വട്ടമേശ സമ്മേളനങ്ങളിലോ ഒത്തുതീർപ്പുചർച്ചകളിലോ അല്ല, സഭയുടെ തക്സാ ഉപയോഗിച്ചുള്ള ഔദ്യോഗികമായ ആരാധനക്രമത്തിന്റെ അനുഷ്ഠാനത്തിലാണ്. പെസഹാരഹസ്യങ്ങളെ മതിവരുവോളം ആസ്വദിച്ചുകൊണ്ട് സ്നേഹത്തിൽ ഏകീഭവിക്കാൻ ആരാധനക്രമം വിശ്വാസികളെ ഉത്തേജിപ്പിക്കുന്നുവെന്ന് ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ സൂചിപ്പിച്ചിരിക്കുന്നു (S.C. 10).

### *3. തക്സാ എളിമയും ആദരവും ആവശ്യപ്പെടുന്നു*

സഭയുടെ തക്സാ ഉപയോഗിക്കുന്ന വൈദികർ വ്യത്യസ്തമായ ആശയങ്ങളുള്ളവരും വ്യത്യസ്തമായി ചിന്തിക്കുന്നവരുമൊക്കെയാണ്. എന്നാൽ ആരാധനക്രമാനുഷ്ഠാനവേദി തങ്ങളുടെ വ്യക്തിപരമായ താല്പര്യങ്ങളും ആശയങ്ങളും കഴിവുകളും പ്രകടിപ്പിക്കാനുള്ള സ്ഥലമായി വൈദികർ കാണാൻ പാടില്ല. സഭയോടുള്ള സ്നേഹത്തെയും വിശ്വസ്തതയെയുംപ്രതി സ്വന്തം താല്പര്യങ്ങളെയും ആശയങ്ങളെയും മാറ്റിവയ്ക്കാനും തക്സായോടു വിശ്വസ്തത പുലർത്താനുമുള്ള എളിമ ഓരോ വൈദികനും ഉണ്ടായിരിക്കണമെന്നത് ആരാധനക്രമത്തിന്റെ ശരിയായ ആഘോഷത്തിന് അനിവാര്യമായ ഘടകമാണ്. അതോടൊപ്പംതന്നെ തക്സായിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷാശൈലികളെക്കുറിച്ചും അനുഷ്ഠാനവിധികളെക്കുറിച്ചും ഭിന്നാഭിപ്രായം ഉള്ളപ്പോഴും അതിനോട് ആദരവ് പുലർത്താനും സഭ നിർദേശിച്ചിരിക്കുന്നതുപോലെ അതുപയോഗിക്കാനും ദൈവജനത്തിനു ആത്മീയ ശുശ്രൂഷ ചെയ്യാൻ സഭയിൽ പട്ടമേറ്റിരിക്കുന്ന വൈദികൻ കടപ്പെട്ടവനാണ്. തനിക്കു മനസിലാകാത്തതൊക്കെ തെറ്റാണെന്നു കരുതുന്ന ബൗദ്ധിക അഹങ്കാരം ആർക്കും ഉണ്ടാകാൻ പാടില്ല. കൂടാതെ, സഭയുടെ ചൈതന്യത്തോടുചേർന്ന് വിശുദ്ധ കർമ്മങ്ങളിൽ പങ്കെടുക്കാനുള്ള ദൈവജനത്തിന്റെ അവകാശം കാർമ്മികന്റെ ക്രമരഹിതമായ കർമ്മാനുഷ്ഠാനം മൂലം ഹനിക്കപ്പെടാനും പാടില്ല. ആരാധനക്രമവും അതുൾക്കൊള്ളുന്ന തക്സായും തന്റെ സ്വകാര്യ സ്വത്തല്ലെന്നും അതു സഭയുടേതാണെന്നും സഭയുടെ ശുശ്രൂഷയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്ന താൻ അതിന്റെ തനിമ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കേണ്ട കാര്യസ്ഥൻ മാത്രമാണെന്നുമുള്ള ശരിയായ ബോധ്യം ഓരോ വൈദികനും ഉണ്ടാവുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്.

(തുടരും)

സ്നേഹസ്മരണയ്ക്ക്

6-ാം ചരമവാർഷികം



ഏലിക്കുട്ടി എബ്രാഹം

ആറുതൊട്ടിയിൽ (H), കണയങ്കവയൽ

# പ്രത്യയശാസ്ത്രം കച്ചവടം ചെയ്യുന്നത് സിനിമയിലൂടെ

**എം.എം.ജി.**

**ക**ലാമൂല്യമുള്ള ഒട്ടനവധി സിനിമകൾക്ക് ശേഷം ഈ അടുത്ത കാലത്ത് മലയാളത്തിൽ പ്രത്യക്ഷപ്പെട്ട രാഷ്ട്രീയസിനിമകളാണ് ഈ ലേഖനത്തിന് ആധാരം. ക്ലാസ്മേറ്റ്സ് എന്ന കലാലയ രാഷ്ട്രീയം ഇതിവൃത്തമായ സിനിമയ്ക്കുശേഷം ഇടതുപക്ഷ വിദ്യാർത്ഥി രാഷ്ട്രീയത്തെ കൃത്യമായി വിപണനം ചെയ്യുന്നതിനുള്ള ആസൂത്രിത ശ്രമമാണ് ഒരു മെക്സിക്കൻ അപാരത, സഖാവ്, സി.ഐ.എ. എന്നീ ചിത്രങ്ങളിൽ ഉള്ളത്. ഒരു വശത്തുകൂടി കലാലയരാഷ്ട്രീയം ചർച്ച ചെയ്യുന്ന പക്കാ കൊമേഴ്സ്യൽ സിനിമയാണ് ക്ലാസ്മേറ്റ്സ് എങ്കിൽ പ്രത്യയശാസ്ത്രത്തിന്റെ വിപണന സാധ്യതകളെ പരീക്ഷിക്കുകയാണ് മെക്സിക്കൻ അപാരത. പാർട്ടി കൊടികളുമേന്തി ഉറക്കെ മുദ്രാവാക്യം വിളികളുമായി ഏതോ ഒരു അസാധാരണസംഭവത്തിന് സാക്ഷ്യം വഹിക്കുന്ന രീതിയിൽ യുവസമൂഹത്തെ സിനിമാശാലകളിലേക്ക് വിളിച്ചുകയറ്റുന്നതിലാണ് മെക്സിക്കൻ അപാരതയുടെ വിപണന തന്ത്രം വിജയിക്കുന്നത്. ബോളിവുഡിലും ട്രോളിവുഡിലും മാത്രം കണ്ടിരുന്ന ഫാൻസ് അസോസിയേഷനുകൾ, ഈ കൊച്ചുകേരളത്തിലും വ്യാപകമാകുന്നതും, വിദ്യാർത്ഥി യുവജനസംഘടനകൾ കാൽപ്പനികവും, അതിഭാവുകത്വവും നിറയുന്ന അതിവൈകാരികതകൾ സൃഷ്ടിക്കുന്ന കച്ചവടസിനിമകളുടെ ഫാൻസ് അസോസിയേഷനുകൾ ആയി മാറുന്നതാണ് മെക്സിക്കൻ അപാരതയിലൂടെ വ്യക്തമാകുന്നത്. സിനിമ എന്ന മാധ്യമത്തിന്റെ കലാമൂല്യവും, സാമൂഹിക പ്രസക്തിയുമല്ല ഇവിടെ ഇതിവൃത്തം, മറിച്ച് പ്രത്യയശാസ്ത്രത്തിന്റെ ചില അതിവൈകാരികതകളെ സാമ്പത്തിക ലാഭത്തിനുവേണ്ടി മുതലെടുക്കുകയാണ്. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ സമകാലികമുഖം തുറന്നുകാട്ടുന്ന ലെഫ്റ്റ് ടു റൈറ്റ് എന്ന സിനിമയ്ക്ക് പ്രദർശന അനുമതി നിഷേധിക്കുകയും, പ്രദർശനം തടയുകയും ചെയ്യുന്നവരാണ് വൈകാരികചാപല്യങ്ങൾ മാത്രം ഇളക്കിവിടുന്ന ഇത്തരം കച്ചവടസിനിമകളെ ആഘോഷമാക്കുന്നത്.




സഖാവ് എന്ന സിനിമ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ രണ്ട് കാലഘട്ടങ്ങളെ തുറന്നുകാട്ടുന്നതിൽ കുറയൊക്കെ വിജയിക്കുന്നുണ്ട്. പക്ഷേ, കുറയൊക്കെ യാഥാർത്ഥ്യബോധത്തോടെയുള്ള സഖാവ് എന്ന സിനിമയെക്കാൾ ഇവിടെ ആഘോഷിച്ചതും, വിപണനം ചെയ്യപ്പെട്ടതും മെക്സിക്കൻ അപാരതയാണ് എന്നത് നമ്മുടെ പുതിയ തലമുറയുടെ ആസ്വാദന ശേഷിയെയും, വിശകലന മനോഭാവത്തെയും തെല്ല് നിരാശയോടെ മാത്രമേ നോക്കിക്കാണാൻ സാധിക്കുന്നുള്ളൂ. ഒരു മാധ്യമനിരൂപകനും, ചലച്ചിത്രവിശാരദനും യുക്തിരഹിതമായ വർണ്ണപകിട്ടുകളെ ആഘോഷമാക്കുന്ന, പ്രത്യയശാസ്ത്ര വൈകാരികതകളെ വിപണനം ചെയ്യുന്ന ഈ പുതിയ ട്രെന്റിനെതിരെ പ്രതികരിച്ചുകണ്ടില്ല. അല്ലെങ്കിലും ഇഷ്ടമില്ലാത്തതിനെ ഇകഴ്ത്തുകയും, ഇഷ്ടമുള്ളതിനെ മാത്രം പുകഴ്ത്തുകയും ചെയ്യുന്ന ബുദ്ധിജീവി സംസ്കാരമാണല്ലോ മലയാളികൾക്ക് ഉള്ളത്. കേരള രാഷ്ട്രീയത്തിന്റെ നേർക്കാഴ്ചകളായ കണ്ണൂർ ജില്ലയിലെ അക്രമരാഷ്ട്രീയത്തെ ആസ്പദമാക്കിയ കണ്ണൂർ എന്ന സിനിമയെ അവമതിക്കുകയും, ടി.പി. ചന്ദ്രശേഖരൻ വധത്തിന്റെ പശ്ചാത്തലത്തിൽ കൊലപാതക രാഷ്ട്രീയത്തിനെതിരെ അതിശക്തമായി പ്രതികരിച്ച ലെഫ്റ്റ് ടു റൈറ്റ് എന്ന സിനിമയ്ക്ക് അപ്രഖ്യാപിതവിലക്ക് ഏർപ്പെടുത്തിയപ്പോൾ അതിനെതിരെ മൗനം പാലിക്കുകയും ചെയ്തവരൊക്കെ ഇപ്പോൾ പുതിയ പ്രവണതകളുടെ വക്താക്കളായി മാറുന്നത് കടുത്ത വിരോധാഭാസമാണ്.

ഒരു കാലത്ത് വിപ്ലവസ്വപ്നങ്ങളെ ജനമധ്യത്തിൽ എത്തിച്ചിരുന്നത് 'പാട്ടബാക്കിയും', 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' പോലെയുള്ള സാമൂഹികപ്രസക്തിയുള്ള നാടകങ്ങളുമായിരുന്നെങ്കിൽ ഇപ്പോൾ വിപ്ലവം വിപണനം ചെയ്യുന്നത് കച്ചവടസാധ്യത മാത്രം മുന്നിൽ നിറുത്തി പടച്ചുവിടുന്ന, യാതൊരു മൂല്യബോധവും അവകാശപ്പെടാനില്ലാത്ത സിനിമകളിലൂടെയാണ്. പ്രത്യയശാസ്ത്രപരമായ വ്യതിയാനങ്ങളെയും വീഴ്ചകളെയും മറച്ചുവെക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം എന്നത് ഈ അയഥാർത്ഥവും അതിഭാവുകത്വവും നിറഞ്ഞ കലാസൃഷ്ടികളാണ് എന്ന് ഇവർക്ക് വ്യക്തമായി അറിയുകയും ചെയ്യാം.



## ബഹുമാനപ്പെട്ട കുണ്ടുകുളമച്ചന് കാഞ്ഞിരപ്പള്ളി രൂപതയുടെയും ദർശകന്റെയും അഭിനന്ദനങ്ങളും ആശംസകളും

ഇന്ത്യയിലെ ദൈവശാസ്ത്രജ്ഞന്മാരുടെ സംഘടനയായ ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ (I.T.A.) പ്രസിഡന്റായി ആലുവ, മംഗലപ്പുഴ സെമിനാരിയിലെ അധ്യാപകനും ദർശകനിലെ കോളമിസ്റ്റുമായ റവ.ഡോ. വിൻസെന്റ് കുണ്ടുകുളം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കേരള ദൈവശാസ്ത്ര സമിതി (Kerala Theological Association - K.T.A.) യുടെ പ്രഥമ പ്രസിഡന്റായി അദ്ദേഹം ഇപ്പോൾ സേവനം ചെയ്യുന്നു. തൃശൂർ അതിരൂപതാംഗമായ ഡോ. വിൻസെന്റ് കുണ്ടുകുളം ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിട്ട്യൂട്ടിന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## അനുയോജ്യമായ കളർ ചെയ്ത് സന്ദർഭം വ്യക്തമാക്കുക

നിങ്ങളുടെ വിലാസത്തോടൊപ്പം ഫോൺ നമ്പരും ഇടവകയുടെ പേരും ചേർക്കാൻ മറക്കരുതേ.

ദർശകൻ, പി.ബി. നമ്പർ 22, കാഞ്ഞിരപ്പള്ളി – 686 507.

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനം. മത്സരം 15 വയസിൽ താഴെയുള്ളവർക്ക് മാത്രം.

കഴിഞ്ഞ ലക്കത്തെ വിജയികൾ:

1) ഇമ്മാനുവേൽ ജോസഫ് കടവിൽ, മേരികുളം.
2) ആബേൽ രാജേഷ് പുരയിടത്തിൽ, വലിയതോവാള. 3) തെരേസ തുണ്ടിയേത്ത് എരുത്വാപ്പുഴ.



## ഹോളി എയ്ഞ്ചൽസ് കോളജ്

**കാ**ഞ്ഞിരപ്പള്ളി, എ.കെ.ജെ.എം. സ്കൂൾ ഗ്രൗണ്ടിന് എതിർവശം, കെ.കെ. റോഡിനു സമീപം ആരാധനാ സിസ്റ്റേഴ്സിന്റെ ഉടമസ്ഥതയിലും, മേൽനോട്ടത്തിലും നടത്തപ്പെടുന്ന, കാഞ്ഞിരപ്പള്ളി ഹോളി എയ്ഞ്ചൽസ് കോളജിൽ വിവിധ കോഴ്സുകളിൽ അഡ്മിഷൻ തുടരുന്നു.

ചിട്ടയായ പഠനത്തിലൂടെയും, പരിശീലനത്തിലൂടെയും, സാധാരണക്കാരായ വിദ്യാർത്ഥികളെ സമർത്ഥരാക്കി സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ എത്തിക്കുകയാണ് ഈ കലാലയത്തിന്റെ ലക്ഷ്യം. വിവിധങ്ങളായ പാഠ്യപാഠ്യേതരപ്രവർത്തനങ്ങളും, വിദഗ്ധരായ അധ്യാപകരുടെ ശിക്ഷണവും, വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷവും, ശാന്തസുന്ദരമായ ക്യാമ്പസും, തികഞ്ഞ അച്ചടക്കവും ഇവിടെ കുട്ടികൾക്ക് പഠനം സുഗമമാക്കുന്നു. ഹോസ്റ്റൽ സൗകര്യവും നൽകപ്പെടുന്നു.

കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ ആയി വിരമിച്ച സിസ്റ്റർ മേഴ്സി വളയവും, ആരാധനാ സിസ്റ്റേഴ്സും നേതൃത്വം കൊടുക്കുന്ന ഈ സരസ്വതീക്ഷേത്രം ഇന്ന് കാഞ്ഞിരപ്പള്ളിയിലെ അറിയപ്പെടുന്ന ഒരു സ്ഥാപനമാണ്.

കേരളാസ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്ലസ് ടു, (കൊമേഴ്സ് & ഹ്യുമാനിറ്റീസ്) NIOS - നാഷണൽ ഓപ്പൺ സ്കൂൾ പ്ലസ് ടു, (കൊമേഴ്സ് ഹ്യുമാനിറ്റീസ്) മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ B.Com-Co-opn Taxn, BA-Eco, History, English, Malayalam, M.A. History, Malayalam, Eco, M.Com-Finance, കമ്പ്യൂട്ടർ ക്ലാസുകൾ, PSc Coaching എന്നിവ ഇവിടെ നടത്തപ്പെടുന്നു. എല്ലാ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു. പ്ലസ് വൺ/പ്ലസ് ടു പരാജിതരായ കുട്ടികൾക്ക് ഒരു വർഷം കൊണ്ട് NIOS ന്റെ (നാഷണൽ ഓപ്പൺ സ്കൂൾ പ്ലസ് ടു) പാസ്സാകാൻ അവസരമുണ്ട്. Contact No: 9447153060, 9447776614.

അനുഭവം

# ഈശ്വരൻ പ്രാർത്ഥന കേൾക്കാതിരിക്കില്ല

**പിടിച്ചുയർത്താൻ സ്നേഹമുള്ള ഒരു മനസ്സും കൈയുമുണ്ടെങ്കിൽ ആരും ഏത് പടുകുഴിയിൽനിന്നും രക്ഷപ്പെട്ടു പോരുമെന്ന സത്യം ഞാൻ നേരിൽ കണ്ടു ചില നിമിഷങ്ങൾ.**



ഡോ. വി.പി. ഗംഗാധരൻ

**രാ**വിലെ ഏഴിനു മുൻപു തന്നെ ആർ.സി.സി ക്ക് ജീവൻ വയ്ക്കും. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളവരും മാലിദ്വീപിൽനിന്നുള്ളവരും ഒരു കുത്തൊഴുക്കുപോലെ വന്നെത്താൻ തുടങ്ങും. നിമിഷാർദ്ധംകൊണ്ട് മുൻവശത്തെ ഹാൾ നിറഞ്ഞു കവിയും.

പതിവിനെക്കാൾ തിരക്കുള്ള ദിവസമായിരുന്നു.റൗണ്ട്സ് തീരാൻതന്നെ കുറെ നേരമെടുത്തു. കീമോതെറാപ്പി കഴിഞ്ഞ് ബ്ലഡ്കൗണ്ട് നന്നേ കുറഞ്ഞിരിക്കുന്ന ചിലരുടെ മുറികളിൽ ഒഴികെ ബാക്കി എല്ലായിടത്തും ചെന്നു. ബ്ലഡ്കൗണ്ട് കുറഞ്ഞിരിക്കുന്നവർക്ക് ഏത് അണുബാധയും പെട്ടെന്ന് ഏല്ക്കുമല്ലോ. അവരുടെ മുറിക്ക് പുറത്ത് ചെന്നുനിന്ന് കൈയുയർത്തിക്കാണിച്ചു. രണ്ടു ദിവസം കഴിഞ്ഞ് കാണാമെന്നു പറഞ്ഞു പോന്നു.

ഒ.പിക്ക് മുമ്പിൽ തടിച്ചുകൂടി നിന്നവരുടെ ഇടയിലൂടെ പതുക്കെ നൂണു ചെന്ന് അകത്തു കയറി ആദ്യത്തെ ആളെ വിളിക്കും മുമ്പേ ഫോൺ ശബ്ദിച്ചു. മെഡിക്കൽ കോളേജിൽനിന്നും വിളിക്കുന്നു.

"ഡോക്ടർ അത്യാവശ്യമായിട്ടൊന്ന് വരണം. ഒരു പേഷ്യന്റിനെ ഒന്നു നേക്കണം."

വിളിച്ച ഡോക്ടർ പിന്നെയും അത്യാവശ്യമെന്ന് പറഞ്ഞതുകൊണ്ട് കൂടെയുള്ളവരോട് ഒ.പി തുടങ്ങാൻ ആവശ്യപ്പെട്ട് ഞാൻ തിരക്കിട്ടു ചെന്നു.

എല്ലുകളുടെ ചികിത്സാവിഭാഗം. അവിടേയ്ക്കാണ് അവരെന്നെ കൂട്ടിക്കൊണ്ടുപോയത്. അനസ്തേഷ്യയുടെ മയക്കം വിട്ടുമാറാത്ത ഒരു ചെറുപ്പക്കാരിയെ കട്ടിലിൽ കണ്ടു. ആ യുവതിയുടെ വലതുകാൽ മുറിച്ചു മാറ്റിയിരിക്കുന്നു. ഇരുപതു വയസ്സതിനടുത്തു പ്രായം തോന്നിച്ചു. കട്ടിലിന്റെ അരികിൽ പകച്ച മുഖത്തോടെ നില്ക്കുന്ന സ്വല്പം പ്രായം ചെന്നവർ പെൺകുട്ടിയുടെ മാതാപിതാക്കളാണ്. മകളുടെ അസുഖത്തേക്കുറിച്ച് ഒന്നും അന്വേഷിക്കാൻപോലുമാകാതെ അവർ തളർന്നു നില്ക്കുന്നു. ദൈന്യം നിറഞ്ഞ ആ കാഴ്ചയിൽനിന്ന് മുഖം തിരിച്ച് ഞാൻ പെൺകുട്ടിയെ പരിശോധിച്ചു.

വളരെ നിസ്സാരമായ ഒരു എല്ലുപൊട്ടലോടെയാണ് ആ യുവതിയെ ആശുപത്രിയിൽ കൊണ്ടുവന്നത്. നടന്നു പോകുമ്പോൾ കാലെന്നു മടങ്ങി. എല്ല് ഒടിയാൻ മാത്രം ഒന്നും സംഭവിച്ചിരുന്നില്ല. സഹിക്കാൻ വയ്യാത്ത വേദന. എന്റെ ഒപ്പം വന്ന ഡോക്ടർ പറഞ്ഞു.

'ഒരു സിമ്പിൾ ഫ്രാക്ച്ചർ എന്നേ തോന്നിയുള്ളൂ. ഒരു പ്ലാസ്റ്ററിട്ട് വിടേണ്ട കാര്യം. പക്ഷേ, ഫർദർ എക്സാമിനേഷനിലാണ് കാര്യം മനസ്സിലായത്. ഉടനെ മുട്ടിനു മുകളിൽ വച്ച് കാലു മുറിച്ചു.

ഡോക്ടറുടെ നിഗമനം തീർത്തും ശരിയായിരുന്നു. ഫയൽ മറിച്ചു നോക്കിയപ്പോൾ ദേവി, ഇരുപത്തിരണ്ടു വയസ്സ് എന്നു കണ്ടു. ഒപ്പം ഡോക്ടർമാരുടെ നിരീക്ഷണങ്ങളും. അവർ ദേവിയെ എനിക്കു കൈമാറുകയാണ്. ഒന്നുമറിയാതെ നില്ക്കുന്ന മാതാപിതാക്കളുടെ മുഖത്തേക്കു ഞാൻ ഒന്നുകൂടെ നോക്കി. കാലിൽ ഒരു പ്ലാസ്റ്ററിട്ട് മകളെ കൂട്ടിക്കൊണ്ടു പോകാൻ വന്നവർ. അവളുടെ അറ്റു പോയ വലംകാലിലേക്കു നോക്കി അവർ കരയാനാവാതെ നില്ക്കുന്നു.

ദേവിക്കു ബോൺക്യാൻസറായിരുന്നു. ക്യാൻസർ കാലിലെ എല്ലിനെ വല്ലാതെ ബാധിച്ചിരിക്കുന്നു. അത്തരം രോഗികളിൽ ഒരു നേരിയ ക്ഷതം മതി അസ്ഥി ഒടിയാൻ. ചികിത്സിച്ച് തെല്ലുഭേദമാക്കാൻ തെല്ലു പരിശ്രമിക്കേണ്ട അസുഖം. ജീവിതത്തിലേയ്ക്ക് എടുത്തു വയ്ക്കേണ്ട വലതുകാൽ നഷ്ടപ്പെട്ടു കിടക്കുന്ന ദേവിയെ ഞാൻ കുറച്ചു നേരം നോക്കി നിന്നു. ഇതേ അസുഖം വന്ന് ചികിത്സ ഏല്ക്കാതെ കൈവിട്ടു പോയവർ പലരുമുണ്ട് . സ്റ്റെല്ലയുടെ മുഖമാണ് പെട്ടെന്ന് എനിക്കു ശക്തി നല്കിയത്.

സ്റ്റെല്ലയ്ക്കും ബോൺക്യാൻസറായിരുന്നു. ഒരു കാല് മുറിച്ചു കളയേണ്ടി വന്നു. മോഹിപ്പിക്കുന്ന മട്ടിലായിരുന്നു ഓരോ മരുന്നിനോടും സ്റ്റെല്ലാ പ്രതികരിച്ചത്. കാൻസർ കോശങ്ങൾ വേഗത്തിൽ അടിയറവു പറഞ്ഞു. ഒഴിഞ്ഞു പോകാൻനേരം അർബുദത്തിന്റെ കോശങ്ങൾ ഞങ്ങളെ ശപിച്ചിരിക്കണം. അസുഖം മാറി കിടക്ക വിട്ടെണീറ്റ സ്റ്റെല്ല പുതിയൊരാളായി മാറുകയായിരുന്നു. കൃത്രിമകാലിൽ സ്റ്റെല്ല പുതിയ പടവുകൾ കയറി. നേഴ്സിംങ് വിദ്യാർത്ഥിയായിരുന്ന സ്റ്റെല്ല ഒന്നാംറാങ്കിൽ വിജയിച്ചു. ഇപ്പോൾ കോഴിക്കോട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ നേഴ്സിംങ്ങ് വിഭാഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാനം വഹിക്കുന്നു. കണ്ടിട്ട് നാളേറെയായെങ്കിലും സ്റ്റെല്ലയുടെ തിളങ്ങുന്ന ചിരി ഞാൻ മിഴിവോടെ കണ്ടു.

ദേവിയെ ആർ.സി.സിയിലേക്കു മാറ്റി. ചികിത്സ തുടങ്ങാൻ രണ്ടു ദിവസം കൂടെ കഴിയട്ടെ എന്നു തീരുമാനിച്ചു. കാര്യങ്ങൾ കൂടുതൽ ബോധ്യപ്പെട്ടതിനാലാകാം ദേവിയുടെ അമ്മ കരയാൻ തുടങ്ങിയിരുന്നു. ഒരായുസ്സിന്റെ ചുമടു താങ്ങിയതിന്റെ വ്യഥ ദേവിയുടെ അച്ഛന്റെ മുഖത്തുണ്ടായിരുന്നു.

രണ്ടാമത്തെ ദിവസം ഞാൻ ഉണർന്നെണീറ്റത് കോളിംങ്ങ് ബെല്ലിന്റെ ശബ്ദം കേട്ടാണ്. വാതിൽ തുറന്നപ്പോൾ ഒരു ചെറുപ്പക്കാരൻ നില്ക്കുന്നു. അയാൾ ചിരിക്കാൻ ശ്രമിച്ചെങ്കിലും ചിരി തെളിഞ്ഞില്ല. അയാൾ കൈകൂപ്പി.

"ഞാൻ രാജീവ്. ദേവിയുടെ ഭർത്താവാണ്."

ഞാൻ അത്ഭുതത്തോടെ അയാളെ നോക്കി. ദേവി കല്യാണം കഴിഞ്ഞ ഒരു പെൺകുട്ടിയാണെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ജീവിതത്തിലേയ്ക്ക് എടുത്തു വച്ച വലതുകാൽ തന്നെയാണ് നഷ്ടപ്പെട്ടിരിക്കുന്നത് എന്നോർത്തപ്പോൾ എനിക്കു ദു:ഖം തോന്നി.

"വരൂ രാജീവ് കയറിയിരിക്കൂ"

രാജീവ് എന്റെ മുന്നിലെ കസേരയിൽ വന്നിരുന്നു. അയാളുടെ മുഖത്തെ കുലുക്കമില്ലാത്ത് ഭാവം ഞാൻ ശ്രദ്ധിച്ചു. ഒരു നിമിഷം നിശബ്ദനായി ഇരുന്ന രാജീവ് പറഞ്ഞു.

"ഞാൻ ഗൾഫിലാണ്. വിവരമറിഞ്ഞപ്പോൾ ഉടനെ പോരുകയായിരുന്നു. ദേവിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണു ഡോക്ടർ?"

ചുരുങ്ങിയ വാക്കുകളിൽ ഞാൻ രാജീവിനെ കാര്യം ധരിപ്പിച്ചു. വിജയസാദ്ധ്യത വളരെ കുറവാണെന്ന സത്യം എനിക്ക് മറച്ചു പിടാക്കാനാവില്ല. ഓരോ രോഗിയുടെ ബന്ധുക്കളും സത്യം അറിഞ്ഞിരിക്കണമെന്ന് എനിക്കു നിർബന്ധമുണ്ട്. പ്രതീക്ഷയില്ലാത്ത ഒരു കാര്യത്തിനുവേണ്ടി വലിയൊരു സാമ്പത്തികം അടിച്ചേല്പിക്കാനാവില്ല. ചികിത്സയ്ക്കു വേണ്ടി വരുന്ന ചെലവും മറ്റു കാര്യങ്ങളുമൊക്കെ ഞാൻ രാജീവിനോടു പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ രാജീവ് കുറെ നേരം മിണ്ടാതിരുന്നു. എന്നിട്ട് പതുക്കെ തൊണ്ടയനക്കി.

"ഞങ്ങളുടെ കല്യാണം കഴിഞ്ഞിട്ട് പത്ത് ദിവസമേ ആയിട്ടുള്ളൂ. ഡോക്ടർ ഞങ്ങൾ ഒരുമിച്ചു താമസിച്ചത് വെറും രണ്ടുദിവസം. ഒട്ടും ലീവില്ലാത്തതുകൊണ്ട് എനിക്ക് പെട്ടെന്ന് തിരിച്ചു പോകേണ്ടി വന്നു. ഇപ്പോൾ ഇങ്ങനെ അത്യാവശ്യമായതുകൊണ്ട് മാത്രമാണ് കുറച്ചു ദിവസത്തെ ലീവു കിട്ടിയത്. അതും അധികമില്ല. ഉടനെ തിരിച്ചെത്തണം."

രാജീവ് എന്താണു പറഞ്ഞുവരുന്നത് എന്നറിയാതെ ഞാൻ ആകാംക്ഷയോടെ ഇരുന്നു.

"എന്റെ മുമ്പിൽ രണ്ടു കാര്യങ്ങളാണുള്ളത് ഡോക്ടർ. ഒന്നുകിൽ വെറും രണ്ടുദിവസത്തെ ബന്ധം മറന്ന് എനിക്ക് എന്റെ വഴി നോക്കാം. ഞാനിപ്പോയൾ ഏറ്റവും കൂടുതൽ കേൾക്കുന്ന ഉപദേശവും അതുതന്നെയാണ്. അല്ലെങ്കിൽ ഈശ്വരനോട് കരുണ കാണിക്കാൻ പ്രാർത്ഥിച്ച് എനിക്ക് ദേവിയെ ചികിത്സിപ്പിക്കാം."

എനിക്ക് എന്തെന്നില്ലാത്ത വിമ്മിട്ടം തോന്നി. ഈ ചെറുപ്പക്കാരൻ പറയുന്നതിലെ ശരിയും തെറ്റും വേർതിരിച്ചെടുക്കാനാവാതെ ഞാൻ കുഴങ്ങി. എന്നെ കൂടുതൽ പരിഭ്രമിപ്പിക്കാതെ രാജീവ് പറഞ്ഞു.

'എനിക്കൊന്നും ആലോചിക്കാനില്ല ഡോക്ടർ. എന്ത് ചെലവ് വന്നാലും ഞാൻ ദേവിയെ ചികിത്സിപ്പിക്കും. ഈശ്വരൻ എന്റെ പ്രാർത്ഥന കേൾക്കാതിരിക്കില്ല."

എനിക്ക് പെട്ടെന്ന് കണ്ണു നിറയുന്നതു പോലെ തോന്നി. ഈശ്വരന്റെ രൂപം ഞാൻ നേരിട്ടു കാണുകയായിരുന്നു. പുറത്തു പതുക്കെ പരക്കുന്ന വെയിൽ ഇപ്പോൾ മുറിക്കുള്ളിൽ നിറഞ്ഞു നില്ക്കുന്നു.

പക്ഷേ, എനിക്കു ഡോക്ടറുടെ സഹായം വേണം. എനിക്കിവിടെ ദേവിയുടെ ഒപ്പം നിന്ന് നോക്കാൻ പറ്റില്ല. ഞാൻ തിരിച്ചുപോയി ജോലി ചെയ്താലേ ചികിത്സയ്ക്കുള്ള പണം ഉണ്ടാകൂ. പണത്തിന് വേറെ യാതൊരു മാർഗ്ഗവുമില്ല. വളരെ പാവപ്പെട്ട വീട്ടിലെ കുട്ടിയാണ് ദേവി. അവളുടെ അച്ഛനും അമ്മയ്ക്കും ഒപ്പം വന്ന് നില്ക്കാമെന്നല്ലാതെ വേറൊന്നിനും പറ്റില്ല. ഞാൻ നാളെത്തന്നെ തിരിച്ചു പോവുകയാണ് ഡോക്ടർ. ചികിത്സയ്ക്ക് എത്ര പണം വേണ്ടി വന്നാലും ഞാൻ അയച്ചോളം. ദേവിയെ ഡോക്ടറുടെ കൈയിൽ ഏല്പിക്കുകയാണ്. ഡോക്ടർ വേണ്ടത് ചെയ്തു തരണം. ഞാൻ പറഞ്ഞല്ലോ ദേവിയുടെ അമ്മയ്ക്കും അച്ഛനും ഒന്നിനും കഴിവില്ല."

രാജീവിന്റെ മുഖത്തെ ദൃഢനിശ്ചയം കണ്ട് എനിക്ക് ആവേശം തോന്നി ഞാൻ വാക്കു കൊടുത്തു.

ദേവിയെ ഞാൻ നോക്കിക്കോളാം. നമുക്കു പരമാവധി ശ്രമിക്കാം."

രാജീവ് പിറ്റേന്നുതന്നെ തിരിച്ചു പോയി. ദേവിക്ക് കീമോതെറാപ്പി തുടങ്ങുന്ന ദിവസം രാജീവു വിളിച്ചു. രാജീവിനോടു ധൈര്യമായിരിക്കാൻ ഞാൻ പറഞ്ഞു.

രാജീവ് മുറയ്ക്ക് പൈസ അയച്ചുകൊണ്ടിരുന്നു. ഏത് ചെലവേറിയ മരുന്നും ദേവിയുടെ അച്ഛൻ ഉത്സാഹത്തോടെ വാങ്ങിക്കുന്നുണ്ടായിരുന്നു. ഓരോ കീമോതെറാപ്പിയുടെ അന്നും രാജീവ് കൃത്യമായി എന്നെ വിളിക്കും. ഒരിക്കലും മുടങ്ങാതെ.

ദേവിയുടെ അസുഖം പൂർണ്ണമായും സുഖപ്പെട്ടു.

ദേവി പിന്നീട് എം.എ യും ബി.എഡും എടുത്തു. ഇപ്പോൾ ടീച്ചറായി ജോലി ചെയ്യുന്നു.

രാജീവിനും ദേവിക്കും രണ്ടു കുട്ടികളുണ്ടായി. മക്കളോടൊപ്പം അവർ എന്നെ കാണാൻ വന്നു. സന്തോഷം നിറഞ്ഞ മുഖങ്ങളിലേക്കു നോക്കിനിന്നപ്പോൾ എനിക്ക് ആഹ്ലാദം അടക്കാനായില്ല. രാജീവിന്റെ മനസ്സ് ഒന്നുകൊണ്ട് മാത്രമാണ് ദേവി ഈ കൃത്രിമകാലിലും നിവർന്നു നില്ക്കുന്നത്.

രാജീവ് പറഞ്ഞു: "ഞങ്ങൾ എങ്ങനെയാണ് നന്ദി പറയേണ്ടത് ഡോക്ടർ?"

ഞാൻ ചിരിച്ചു.

"ഞാനാണ് നന്ദിപറയേണ്ടത് രാജീവ്. ദേവിയെ സുഖപ്പെടുത്തിയത് എന്റെ മരുന്നല്ല. രാജീവുതന്നെയാണ്."

ഞാൻ രജീവിന്റെ കാല്ക്കൽ മനസ്സുകൊണ്ട് തൊട്ടു.

പിടിച്ചുയർത്താൻ സ്നേഹമുള്ള ഒരു മനസ്സും കൈയുമുണ്ടെങ്കിൽ ആരും ഏത് പടുകുഴിയിൽനിന്നും രക്ഷപ്പെട്ടു പോരുമെന്ന സത്യം ഞാൻ നേരിൽ കണ്ടു ചില നിമിഷങ്ങൾ.

അവലംബം: ജീവിതമെന്ന അത്ഭുതം.
കെ.എസ്. അനിയൻ



അഭിമുഖം

# നിനക്ക് എന്റെ കൃപ മതി

**1. പിതാവ് പഠിച്ച കാലങ്ങളിലോ, സെമിനാരി ജീവിതത്തിലോ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ അങ്ങ് പിതാവാകുമെന്ന്?**

ഓർക്കുന്നില്ല (ചിരിക്കുന്നു)

**2. ചങ്ങനാശേരി അതിരൂപതയുടെ സഹായമെത്രാനായ അങ്ങ് ഈ ശുശ്രൂഷയെ (നിയമനത്തെ) എങ്ങനെ നോക്കിക്കാണുന്നു?**

ദനഹാലയ, സെമിനാരി തുടങ്ങിയവയിൽ അധ്യാപനശുശ്രൂഷ ചെയ്തുവരുമ്പോഴാണ് എന്നെതേടി ഈ നിയമനം എത്തുന്നത്. അതിരൂപതയെ ശക്തിപ്പെടുത്തുക എന്ന ഉത്തരവാദിത്വമാണ് ഏല്പിച്ചിരിക്കുന്നത്. തെക്കൻ മിഷനിൽ 3 ഫൊറോനകളുണ്ട്. അവിടെയുള്ള അജപാലനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, തെക്കൻ മേഖലയിൽ സീറോ മലബാർ സഭയുടെ ഒരു സാന്നിധ്യം ഉണ്ടാകുക എന്ന ലക്ഷ്യത്തോടെ ദൈവാശ്രയത്തിലടിയുറച്ചുകൊണ്ട് മുന്നോട്ടുപോകാമെന്ന് കരുതുന്നു.

**3. സഹായമെത്രാൻ എന്ന നിലയ്ക്ക് അങ്ങയുടെ പ്രവർത്തനമേഖലകൾ എവിടെയൊക്കെയാണ്?**

തെക്കൻ മേഖല, വൈദികരുടെയും രൂപതയിലെ ചില പ്രസ്ഥാനങ്ങളുടെ ചുമതലയും ഉണ്ട്. ചങ്ങനാശേരി രൂപത വളരെ വളർന്ന ഒരു രൂപതയാണ്. നിലവിലുള്ള പ്രസ്ഥാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക പരമാവധി ആളുകളെ സഹകരിപ്പിക്കുക തുടങ്ങിയവയാണ് പ്രവർത്തനമേഖലകൾ.

**4. ബൈബിളിലെ എല്ലാ വചനങ്ങൾക്കും ഉപരിയായി "എനിക്ക് നിന്റെ കൃപമതി" എന്ന വചനം ആപ്തവാക്യമായി അങ്ങ് തിരഞ്ഞെടുത്തുവല്ലോ. ഇതിനുള്ള കാരണം? ഈ വചനം എങ്ങനെയാണ് അങ്ങയെ സ്വാധീനിച്ചത്? എന്തൊങ്കിലും ചരിത്രപശ്ചാത്തലമുണ്ടോ?**

"ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമാകുന്നത്" എന്നാണ് കർത്താവ് പറയുന്നത്. മെത്രാനാകാൻ യോഗ്യതകളേക്കാൾ ഒരുപക്ഷേ, അയോഗ്യതകളാണ് എന്നിലുള്ളത്. പ്രതീക്ഷിക്കാത്ത വഴിയിലൂടെ സഞ്ചരിച്ചപ്പോൾ, സഹകരിച്ചപ്പോൾ, ദൈവകൃപ സമൃദ്ധമായി അനുഭവിച്ചറിയാൻ സാധിച്ചു. ദൈവം കൃപകളാൽ നിറച്ചു. ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് നീങ്ങുക. ഓരോ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക. വെല്ലുവിളിയുണ്ടാകുമ്പോൾ ദൈവത്തോട് സഹകരിക്കുക, കർത്താവ് തരുന്ന ഉത്തരമുണ്ട് "നിനക്ക് എന്റെ കൃപ മതി'യെന്ന്. ദൈവത്തോട് സഹകരിച്ചാൽ മതി.

**5. ഏതെങ്കിലും മേഖലകൾക്ക് പ്രത്യേക പരിഗണന കൊടുക്കുന്നുണ്ടോ? മനസ്സിൽ എന്തെങ്കിലും ആശയം തോന്നിയിട്ടുണ്ടോ?**

കെയർ ഹോമിന്റെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു. 106 കെയർ ഹോമുണ്ട്. നാനാജാതിമതസ്തരാണ് അവിടുള്ളത്. ഇവരിൽ തമ്പുരാന്റെ കാരുണ്യത്തിന്റെ മുഖം കാണുക. കാരുണ്യപ്രവർത്തനം ശക്തിപ്പെടുത്തുക, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതിനും കൂടി പ്രാധാന്യം നല്കുന്നുണ്ട്.

**6. ചങ്ങനാശേരി അതിരൂപതയുടെ ഭാവിയെക്കുറിച്ചുള്ള അങ്ങയുടെ സ്വപ്നങ്ങൾ, കാഴ്ചപ്പാടുകൾ?**

സഭയുടെ ദൗത്യങ്ങളോട് വിശ്വസ്തത പുലർത്തുന്ന ഒന്നാവണം. പൗരസ്ത്യ പൈതൃക സംരക്ഷണത്തിൽ മുൻപന്തിയിലാവണം. We proceed of our tradition സഭാസംവിധാനങ്ങൾ, പൊതുയോഗങ്ങൾ, കുടുംബകൂട്ടായ്മകൾ, ഭവനസന്ദർശനത്തിലൂന്നിയ അജപാലനപ്രവർത്തനങ്ങൾ ഇവയെല്ലാം നമ്മുടെ പൈതൃകത്തിന്റെ ഭാഗമാണ്. അത് പരമാവധി സംരക്ഷിച്ച് പോരാൻ സംവിധാനങ്ങളുണ്ടാകണം. നമ്മുടെ ഇടവകകളിൽ കാർക്കശ്യത്തിന്റെ മുഖം മാറ്റി കാരുണ്യത്തിന്റെ മുഖം കാണിക്കുന്ന സ്ഥലങ്ങളായി ത്തീരണം. അതെന്റെ ഒരു സ്വപ്നമാണ്.

**7. പിതാവ് കാരുണ്യപ്രവർത്തികൾക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന വ്യക്തിയാണല്ലോ. എന്തുകൊണ്ടാണ് അങ്ങയുടെ സ്ഥാനാരോഹണദിവസംതന്നെ ചങ്ങനാശേരി അതിരൂപതയിൽ ഒരു കാരുണ്യപാലിയേറ്റീവ് കെയർ തുടങ്ങിയത്. എന്താണ് ഇതിലേക്ക് നയിച്ച സാഹചര്യം?**

കുറെയേറെ അല്മായ സഹോദരർ കാരുണ്യപ്രവർത്തികൾ ചെയ്യാനുള്ള ആഗ്രഹവുമായി മുന്നോട്ടുവന്നു. നമ്മുടെയൊക്കെ ഇടത്തരം കുടുംബങ്ങളിൽ കിടപ്പുരോഗികളുണ്ട്. കുടുംബത്തിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും തകർച്ചകൾ നേരിടുന്നവരുണ്ട്. അപ്പോൾ കിടപ്പുരോഗികളുള്ള കുടുംബങ്ങളെ തിരിച്ചറിയുന്നതിലൂടെ ഇത്തരത്തിലുള്ള ശുശ്രൂഷകൾ കൊടുക്കാൻ സാധിക്കുന്നു. ഇതൊരു പൊതുപരിപാടിയായി കാണാതെ സേവനം ചെയ്യാനുള്ള ആളുകളെ കണ്ടെത്തി അവർക്കു വേണ്ട വിദഗ്ധമായ പരിശീലനം കൊടുക്കുകയാണെങ്കിൽ ഈ ശുശ്രൂഷ കൂടുതൽ ഫലപ്രദമാകും.

**8. അഭി. പൗവ്വത്തിൽ പിതാവ്, പെരുന്തോട്ടം പിതാവ് ഇവരുടെ കാഴ്ചപ്പാടുകളെ അങ്ങ് എങ്ങനെ നോക്കിക്കാണുന്നു?**

അഭി. പവ്വത്തിൽ പിതാവ്, സഭയെക്കുറിച്ചും സഭാസമൂഹത്തെക്കുറിച്ചും സമഗ്രവീക്ഷണമുള്ള വ്യക്തിയാണ്. അദ്ദേഹം അറിയപ്പെടുന്നതുതന്നെ സഭയിലെ ആരാധനക്രമ പുനരുദ്ധാരണത്തിന് ഏറെ പങ്കുവഹിച്ച വ്യക്തി, വിദ്യാഭ്യാസത്തിനുള്ള സഭയുടെ അവകാശത്തിനായി പോരാടിയ വ്യക്തി, അതിനുമപ്പുറത്ത് വലിയൊരു മാനുഷികബന്ധങ്ങളുടെ ഉടമയാണ് അദ്ദേഹം. കാഞ്ഞിരപ്പള്ളി രൂപതയിലെ സാമൂഹ്യസേവന പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ച വ്യക്തി, അങ്ങനെ പല മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വത്തിനുടമയാണ് അഭി. പവ്വത്തിൽ പിതാവ്. അതേസമയം പെരുന്തോട്ടം പിതാവ് കുറച്ചുകൂടെ സഭയുടെ പൈതൃകത്തെ സംരക്ഷിക്കുന്ന, അതോടൊപ്പം ഒത്തിരി കാര്യങ്ങൾക്ക് താല്പര്യം എടുക്കുന്ന വ്യക്തിയാണ്, പ്രത്യേകിച്ച് പ്രവാസി മലയാളികളുടെ കാര്യങ്ങളിൽ ഏറെ ശ്രദ്ധ ചൊലുത്തുന്നു. നിരവധി ഗുണങ്ങൾ അദ്ദേഹത്തിലുണ്ട്.

**9. വൈദികരുടെ ശുശ്രൂഷയെയും പ്രവർത്തനങ്ങളേയും അങ്ങ് എങ്ങനെ നോക്കിക്കാണുന്നു? എന്താണ് ഒരു വൈദികനുണ്ടായിരിക്കേണ്ട അടിസ്ഥാനഗുണം?**

നമ്മുടെ വൈദികർ ഒത്തിരി ഔദാര്യമുള്ള വ്യക്തികളാണ് ജീവിതം മുഴുവൻ ത്യജിച്ചവർ. അവസാനമോ പ്രീസ്റ്റ് ഹോമുകളിലും. പക്ഷേ, ഒരു കുറവും കൂടാതെ കൂടുതൽ കൂടുതൽ ചെറുപ്പക്കാർ വൈദികവൃത്തിയിലേക്കു കടന്നുവരുന്നതിൽ സന്തോഷം. എന്റെ അഭിപ്രായത്തിൽ ഒരു വൈദികനുണ്ടായിരിക്കേണ്ട അടിസ്ഥാനഗുണം സുവിശേഷത്തിലെ ഈശോയുടെ കാരുണ്യത്തിന്റെ മുഖമാണ്. കാർക്കശ്യത്തിന്റെ വ്യക്തിയാകാതെ കാരുണ്യത്തിന്റെ വ്യക്തിയായി മാറുക. എല്ലാവർക്കും വാത്സല്യം നല്കുന്ന വ്യക്തിയായി മാറുക, ഭവനസന്ദർശനങ്ങളിലൂടെ ആളുകളെ അടുത്തറിയുന്ന വ്യക്തിയാവുക ഇതൊക്കെയാണ് വൈദികരെക്കുറിച്ചുള്ള എന്റെ സ്വപ്നങ്ങൾ.

**10. ഇന്നത്തെ ലോകത്തിൽ 'പൗരോഹിത്യം' വിമർശിക്കപ്പെടുന്നു അഥവാ പുരോഹിതരെ വെറും കോമാളികളായി ചിത്രീകരിക്കുന്നു. ഇതെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായം?**

എല്ലാ ചാനലുകളിലും ഇല്ല. പക്ഷേ, കുറച്ചു ചാനലുകൾ മാത്രം നമ്മെ അവരുടെ വിമർശനത്തിനുള്ള ഉപാധിയാക്കുന്നു. പക്ഷേ, നമ്മുടെ ജനത്തിന് ഇന്ന് വൈദികരെക്കൊണ്ട് ആവശ്യമുണ്ട്. ജനങ്ങൾ വൈദികശുശ്രൂഷയെ ഏറ്റവും കൂടുതൽ വിലമതിക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് ചാനലുകൾ എതിർക്കുന്നത് എന്ന് പറഞ്ഞാൽ, വൈദികർക്ക് സമൂഹത്തിൽ ഒരു സ്ഥാനമുണ്ട്. ജനങ്ങളെ സഭയിൽനിന്നകറ്റാനുള്ള എളുപ്പവഴി വൈദികരുടെ കുറവുകൾ പർവ്വതീകരിക്കുക എന്നതാണ് അത് ഇവർ നന്നായി ചെയ്യുന്നു. അവർ തങ്ങളുടെ ജോലി ചെയ്യട്ടെ. ജനങ്ങൾ വൈദികരുടെ കുറവുകൾ മനസ്സിലാക്കി അവർക്കായി പ്രാർത്ഥിക്കണം. എപ്പോഴും സെക്യുലർ മീഡിയാ പൗരോഹിത്യത്തെ വിമർശിച്ചുകൊണ്ടിരിക്കും.

**11. പലപ്പോഴും കൗൺസിലിംഗ് തെറ്റിദ്ധരിപ്പിക്കപ്പെടുന്നു, അഥവാ വ്യാജ കൗൺസിലറുമാർ ഉടലെടുക്കുന്നു. ഇവർ സാധാരണ വിശ്വാസികളുടെ കണ്ണിൽ പൊടിയിടുന്നു. അങ്ങനെ സാധാരണക്കാർ വഞ്ചിതരാകുന്നു. യഥാർത്ഥ കൗൺസിലർമാരെയും, വ്യാജകൗൺസിലേഴ്സിനെയും എങ്ങനെയാണ് തിരിച്ചറിയുക? വ്യക്തമായ ഒരു അവബോധം നല്കാമോ?**

യഥാർത്ഥത്തിൽ കരിസ്മാറ്റിക് മേഖലയിലെ കൗൺസിലിംഗ് യഥാർത്ഥ കൗൺസിലിംഗ് അല്ല. അത് വരദാനങ്ങളുടെ ശുശ്രൂഷയാണ്. ഉദാ: ദർശനവരം. ദർശനവരദാനശുശ്രൂഷയാണ് പലപ്പോഴും കൗൺസിലിംഗ് എന്ന പേരിൽ അറിയപ്പെടുന്നത്. അതിനാൽ കരിസ്മാറ്റിക് രംഗത്തെ 'കൗൺസിലിംഗ് ശുശ്രൂഷയെ' കൗൺസിലിംഗ് എന്ന പേരു മാറ്റി പകരം ദർശനവരദാന ശുശ്രൂഷ (Ministry of gifts) എന്നുതന്നെ പറയണം. കൗൺസിലിംഗ് ഒരു ശുശ്രൂഷയാണ്. ഇതിന് പരിശീലനം വേണം, ഉപദേശം നല്കലല്ല, പ്രശ്നം പരിഹരിക്കുകയുമല്ല. സ്വയം പ്രശ്നം പരിഹരിക്കാനുള്ള ഒരു വ്യക്തിയുടെ കഴിവിനെ ഉണർത്തുന്നതാണ് കൗൺസിലിംഗ്.

**12. ഇന്നത്തെ ലോകത്ത് കൗൺസിലിംഗ് ശുശ്രൂഷയ്ക്ക് പ്രാധാന്യമേറിവരികയാണ്. പലപ്പോഴും ഇത് ധനസമ്പാദനത്തിനും പേരിനും പ്രശസ്തിക്കും ഉള്ള വേദിയായി തീരുന്നു. എന്താണ് ഇതിനോടുള്ള അങ്ങയുടെ നിലപാട്?**

നല്ല കൗൺസിലേഴ്സിന്റെ അടുക്കലേക്ക് ആളുകൾ പോകട്ടെ. ആൾദൈവങ്ങളുടെ കാര്യം, നമ്മുടെ ജനം എന്തിനാണ് പ്രാധാന്യം നല്കുന്നത് എന്നതിനെ അനുസരിച്ചിരിക്കും. അവരുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്ന ദൈവത്തെ കാണുമ്പോൾ ഇവർ ആൾദൈവങ്ങളുടെ പിന്നാലെ പോകുന്നു. യഥാർത്ഥ ക്രൈസ്തവ വിശ്വാസം കുരിശെടുക്കാൻ നമ്മെ സഹായിക്കുന്നതാണ്. കൗൺസിലിംഗ് ഒരു പ്രൊഫഷനായി കണ്ടാൽ അത് ഒരു ജോലിയാണ്. അതിന് കൂലി ആവശ്യമാണ്. പക്ഷേ, സഭാതലത്തിൽ കൗൺസിലിംഗ് നമ്മുടെ അജപാലനപ്രവർത്തനങ്ങളുടെ ഭാഗമായതുകൊണ്ട് അവിടെ പ്രതിഫലത്തിന് പ്രസക്തിയില്ല. പക്ഷേ, ചിലർ പ്രാർത്ഥന നടത്തി ദർശനങ്ങൾ പറഞ്ഞ് പണം വാങ്ങുന്നവരുണ്ട്. ഇതൊക്കെ ശരിയാണോ എന്ന് എനിക്ക് സംശയമുണ്ട്.

**13. അങ്ങ് അറിയപ്പെടുന്ന ഒരു ധ്യാനഗുരുവും, വാഗ്മിയുമാണല്ലോ. ധ്യാനത്തിലൂടെ പലരും നല്ലജീവിതരീതിയിൽ വളരുന്നു. നല്ല സ്വഭാവം ലഭിക്കുന്നു. ഈയവസരത്തിൽ കരിസ്മാറ്റിക് പ്രസ്ഥാനത്തോടുള്ള അങ്ങയുടെ അഭിപ്രായമെന്താണ്? ഇതിനെ എങ്ങനെ കാണുന്നു?**

കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ നമ്മുടെ ആത്മീയതയെ സജീവമാക്കുന്ന ഒരു ഉപാധിയാണ്. കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ നല്കിയ സംഭാവനകൾ നമ്മൾക്കൊരിക്കലും മറക്കാൻ സാധിക്കുകയില്ല. കരിസ്മാറ്റിക് ധ്യാനങ്ങൾ ബലിവേദിയിലേക്കും, ബലിയർപ്പണത്തിലേക്കും, ഇടവക കേന്ദ്രീകൃത ജീവിതത്തിലേക്കും വ്യക്തികളെ നയിക്കണം. ഇതാണ് സ്ഥായിയായ ആത്മീയജീവിതത്തിന്റെ ഇടം. അതിലേക്കല്ലാതെ വ്യക്തികളിലേക്ക് നയിക്കുമ്പോഴാണ് അത് അപകടമായി മാറുന്നത്. എന്നാൽ അനാവശ്യമായ വ്യക്തി പൂജയും, വ്യക്തി ആരാധനയും വഴി ദൈവത്തിനുള്ള പ്രാധാന്യം നഷ്ടപ്പെട്ടുപോകാനിടവരും.

**14. മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അങ്ങയുടെ കാഴ്ചപ്പാടിൽ മനുഷ്യൻ ഇന്ന് അനുഭവിക്കുന്ന പ്രധാനപ്രശ്നം എന്താണ്? ഇതിനുള്ള പരിഹാരം എന്താണ്?**

മനുഷ്യന്റെ അസംതൃപ്തിയാണ് പ്രധാനപ്രശ്നം. ഇതാണ് അനവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. മദ്യപാനം പോലുള്ള ദുശീലങ്ങൾ വലിയ കുടുംബപ്രശ്നങ്ങളുണ്ടാക്കുന്നു. യഥാർത്ഥ ആത്മീയത സംതൃപ്തിയിലേക്കും, ശാന്തതയിലേക്കും നയിക്കേണ്ടതാണ്.

**15. പിതാവിന്റെ കുടുംബം, ദൈവവിളി.**

അച്ചാച്ചൻ മരിച്ചുപോയി. അമ്മ ഉണ്ട്. 7 സഹോദരങ്ങൾ. 4 സഹോദരന്മാരും 2 സഹോദരിമാരും. വലിയ കുടുംബം. ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകാംഗമാണ്.

**14. ദർശകൻ വായനക്കാരോട്...**

കാഞ്ഞിരപ്പള്ളി രൂപതയുമായി വളരെ അടുപ്പമുള്ള രൂപതയാണ് ചങ്ങനാശേരി അതിരൂപത. ധാരാളം നല്ല സുഹൃത്തുക്കൾ വൈദികരായി കാഞ്ഞിരപ്പള്ളി രൂപതയിലുണ്ട്. ഒത്തിരി കാര്യങ്ങൾ പരസ്പരം പങ്കുവയ്ക്കുന്ന രൂപതയാണ്. രൂപതകൾ തമ്മിലുള്ള സൗഹൃദം ഇപ്പോഴും തുടരുന്നു.

തയ്യാറാക്കിയത്:
**ബ്രദർ സൈജോ കൊല്ലംപറമ്പിൽ**



## മാർ തോമസ് തറയിൽ

ചങ്ങനാശ്ശേരിയുടെ പുതിയ ഇടയൻ. യുവജനഹൃദയത്തോടെ രൂപതയുടെ അമരത്തേക്ക് നടന്നടുക്കുമ്പോൾ തന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും കാഴ്ചപ്പാടുകളും ദർശകൻ വായനക്കാരോട് പങ്കുവയ്ക്കുന്നു.

# ഡോ. ജോർജ് കോവൂർ ഉണ്ടായത് അങ്ങനെയാണ്

## അസാധാരണ ദൈവിക ഇടപെടലിന്റെ കഥ

ദൈവാനുഭവം

**തൃ**ശൂരിലുള്ള ഹാർട്ട് ഹോസ്പിറ്റലിൽ ന്യൂറോ സർജനായി ജോലി ചെയ്യുകയും സുവിശേഷവേലയിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്ന ഡോക്ടർ ജോർജ് കോവൂർ ജനിച്ചത് ഒരു സാധാരണ കുട്ടി ആയിട്ടായിരുന്നില്ല. ഹൈഡ്രോസെഫാലസ് (Hydro Cephalus) എന്ന രോഗം ബാധിച്ച് നാലിരട്ടി വലിപ്പമുള്ള തലയും തലയ്ക്കകത്ത് നിറയെ വെള്ളവുമായി ഒരു കുഞ്ഞ് അധികനാൾ ജീവിച്ചിരിക്കില്ല എന്ന് വൈദ്യശാസ്ത്രം വിധിയെഴുതി. എന്നാൽ, ദൈവഭക്തയും സുവിശേഷപ്രവർത്തകയുമായിരുന്ന മാതാവ് മേരി കോവൂരും പിതാവും ചേർന്ന് തങ്ങളുടെ കുഞ്ഞിന്റെ ശിരസിൽ കൈകൾ വച്ച് ദിവസവും പ്രാർത്ഥിക്കാൻ തുടങ്ങി. ബന്ധുക്കളും പരിചയക്കാരുമൊക്കെ പരിഹസിച്ചു. ചിലർ പറഞ്ഞു, പ്രാർത്ഥനക്കാരുടെ മകന്റെ ഗതി ഇങ്ങനെയായത് അവർ ശരിയല്ലാത്തതുകൊണ്ടാവാം അല്ലെങ്കിൽ അവരുടെ പ്രാർത്ഥന ശരിയല്ലാത്തതുകൊണ്ടാവാം. എന്നാൽ, അതൊന്നും കേട്ട് അവർ തളർന്നില്ല. നാല് മാസങ്ങൾക്കുശേഷം പരിശോധിച്ചപ്പോൾ അഞ്ച് മില്ലീമീറ്റർ തലയുടെ വലിപ്പം കുറഞ്ഞിരിക്കുന്നത് ഡോക്ടർമാരെ അതിശയിപ്പിച്ചു. ക്രമേണ വർഷങ്ങൾകൊണ്ട് പിന്നെ ആ വലിപ്പം കുറഞ്ഞുവന്നു. പതിനാലാം വയസിൽ ആദ്യമായി അവനെ ഒന്നാംക്ലാസിൽ ചേർത്തു. ക്ലാസിലെ കുട്ടികളിൽ ഏറ്റവും ഒടുവിലത്തെ റാങ്കുകാരൻ. തുടർന്നുള്ള ക്ലാസുകളിൽ നില മെച്ചപ്പെട്ടു വന്നു. ഇരുപത്തിനാലാമത്തെ വയസിൽ പത്താം ക്ലാസിലെ പരീക്ഷ പാസായത് ഒന്നാം സ്ഥാനക്കാരനായിട്ടായിരുന്നു. പിന്നീട് പ്രീഡിഗ്രിയും തുടർന്ന് മെഡിസിൻ പഠനത്തിനും വളരെ നല്ല നിലവാരത്തിൽ മുന്നോട്ടു പോയി. ഒടുവിൽ ന്യൂറോയിൽ സ്പെഷ്യലൈസ് ചെയ്തു. ഇന്ന് അറിയപ്പെടുന്ന ഒരു ന്യൂറോ സർജനായിത്തീർന്നു. ഒപ്പം തനിക്ക് സൗഖ്യം തന്നതും ഈ നിലയിൽ എത്തിച്ചതും യേശുക്രിസ്തു ആണെന്നും ലോകത്തോട് മുഴുവൻ വിളിച്ച് പറയുകയും ചെയ്യുന്നു.

അംഗവൈകല്യവും ബുദ്ധിക്കുറവും ഒക്കെയായി ജനിക്കുന്ന കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഈശോയുടെ കരങ്ങളിൽ കൊടുത്ത് വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ഈ കുഞ്ഞുങ്ങളെ ഒരു അത്ഭുതമാക്കി മാറ്റുവാൻ യേശുവിന് കഴിയും. ഇതെഴുതുന്ന എന്റെ മൂത്തമകൻ ജനിച്ചപ്പോൾ കാഞ്ഞിരപ്പള്ളി ഇരുപത്താറാം മൈൽ ആശുപത്രിയിൽനിന്നും പറഞ്ഞത് കുഞ്ഞിന്റെ ആയുസ് ദിവസങ്ങൾ മാത്രമാണെന്നാണ്. മാരകമായ മെനിഞ്ചൈറ്റിസ് ബാധിച്ച് പുറത്ത് ഞരമ്പുകൾ കെട്ടുപിണഞ്ഞ് കിടക്കുന്ന വലിയ ഒരു മുഴയും ഒരു ബാസ്കറ്റ് ബോൾ വലിപ്പമുള്ള തലയും ആയിട്ടാണവൻ ജനിച്ചത്. അന്നുതന്നെ കോട്ടയം മെഡിക്കൽ കോളജിൽ കാണിച്ചപ്പോൾ അന്നത്തെ ന്യൂറോ സർജൻ ഡോ. ബി. ഇക്ബാൽ പറഞ്ഞത് രണ്ടു മാസം കഴിയട്ടെ എന്നായിരുന്നു. അതായത് രണ്ടു മാസം ജീവിച്ചിരിക്കാൻ സാധ്യത ഇല്ല എന്ന്. അപ്പോഴേക്കും തീരെ ആരോഗ്യം നഷ്ടപ്പെട്ട് മെലിഞ്ഞു മെലിഞ്ഞ് വന്ന് മരണപ്പെടും എന്നു കരുതിയിരുന്നു. അതിനാൽ വീട്ടു മാമോദീസ നൽകി. എന്നാൽ, നവജീവൻ പി.യു. തോമസ് ചേട്ടൻ പറഞ്ഞു, നമുക്ക് കുഞ്ഞിനെ ഈശോയുടെ കൈകളിൽ കൊടുക്കാമെന്ന്. രണ്ടു മാസം കഴിഞ്ഞപ്പോൾ കുഞ്ഞിന് എട്ടു കിലോ തൂക്കം ഉണ്ടായി. മൂന്നാം മാസത്തിൽ പന്ത്രണ്ട് കിലോയും. മുലപ്പാൽ അല്ലാതെ മറ്റ് യാതൊന്നും കൊടുത്തിരുന്നുമില്ല. എന്നാൽ, ദൈവം അസാധാരണമായ ആരോഗ്യം നൽകി. മൂന്നാം മാസത്തിൽ ഓപ്പറേഷനിലൂടെ പുറത്തെ മുഴ നീക്കം ചെയ്തു. എങ്കിലും തലയുടെ വലിപ്പം അങ്ങനെതന്നെ തുടർന്നു. വീണ്ടും ഒരു ഓപ്പറേഷൻ നടത്തണം എന്ന് ഡോക്ടർമാർ പറഞ്ഞു. തലയ്ക്കുള്ളിലെ വെള്ളം ഇറക്കിക്കളയണം.




*ഡോ. ജോർജ് കോവൂർ*

ഒരു ദിവസം മെഡിക്കൽ കോളേജിലെ പരിശോധന കഴിഞ്ഞിറങ്ങിയപ്പോൾ സമാനരോഗം ബാധിച്ച ഒരു കുട്ടിയുമായി വളരെ സാധുവായ ഒരു സ്ത്രീയെ കണ്ടുമുട്ടി. ഹൈന്ദവ വിശ്വാസിയായ അവരോട് യേശു നൽകുന്ന രക്ഷയെക്കുറിച്ചും സൗഖ്യത്തെക്കുറിച്ചും ഞങ്ങളുടെ അനുഭവം പങ്കുവച്ചു. ബസ് കൂലി ഒഴിച്ച് കയ്യിലുണ്ടായിരുന്ന മുഴുവൻ പൈസയും ആ സാധുസ്ത്രീയുടെ കയ്യിൽ വച്ചുകൊടുത്തപ്പോൾ അവരുടെ കണ്ണുകൾ നിറയുന്നതു കണ്ടു. അന്നു കോട്ടയം മെഡിക്കൽ കോളേജിന്റെ ഗയിറ്റ് കടന്ന് പോന്നതിനുശേഷം പിന്നീട് ഒരിക്കൽപോലും ഒരു ഹോസ്പിറ്റലിലും അവനേയുംകൊണ്ട് പോകേണ്ടി വന്നിട്ടില്ല. തലയുടെ വലിപ്പം ഒരോപ്പറേഷനും കൂടാതെ സാധാരണ വലിപ്പമായിതീർന്നു. എന്നാൽ, ഈ കുട്ടി ജീവിച്ചിരുന്നാലും ഭാവിയിൽ, ബുദ്ധിമാന്ദ്യമുള്ള സ്വന്തമായി ഒന്നും ചെയ്യാൻ കഴിവില്ലാത്ത ഒരവസ്ഥയാകും ഉണ്ടാകുകയെന്ന് മറ്റു പല ഡോക്ടർമാരും പറഞ്ഞിരുന്നെങ്കിലും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ വിധത്തിൽ യേശു ഇന്നും ജീവിക്കുന്നു എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം നൽകിക്കൊണ്ട് അവൻ ഇന്ന് ഡിഗ്രി ഒന്നാം വർഷം പഠിക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം അവൻ ഇത്രത്തോളം എത്തിയത്, ഈശോയുടെ അനുഗ്രഹം മൂലമാണ്.

നമ്മെ ഓരോരുത്തരെയും നമ്മുടെ സകല പ്രശ്നങ്ങളെയും യേശുവിന്റെ കയ്യിലേക്ക് കൊടുത്താൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ അവൻ നോക്കിക്കൊള്ളും, മക്കളുടെ ഭാവിയെ ഓർത്ത് ആകുലപ്പെടുന്ന മാതാപിതാക്കൾ അവരെ യേശുവിന്റെ കയ്യിൽ ഏൽപ്പിക്കുക, എത്ര പ്രതിസന്ധികൾ വന്നാലും വിശ്വാസത്താൽ അതിനെയെല്ലാം തരണം ചെയ്യാൻ ഉള്ള ആത്മീയബലം കർത്താവ് തരുകയും തക്കസമയത്തുള്ള കരുതൽ നൽകി അനുഗ്രഹിക്കുകയും ചെയ്യും.

**ബിനോയ് കാരയ്ക്കാട്ട്**

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ

അവസരങ്ങൾ

**അബി കാക്കനാട്ട്**
7558011883

**1. സെൻട്രൽ സെക്യൂർ സ്കോളർഷിപ്പ്**

കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പാണിത്. കേരള സ്റ്റേറ്റ് ഹയർസെക്കൻററി, വൊക്കേഷൽ ഹയർസെക്കൻററി, ബോർഡുകൾ നടത്തുന്ന പന്ത്രണ്ടാം ക്ലാസ്സ്/ തുല്യപരീക്ഷയിൽ 80 % മാർക്കു വാങ്ങി വിജയിച്ചവരും ഏതെങ്കിലും ബിരുദകോഴ്സിന് ഒന്നാംവർഷം പഠിക്കുന്നവരും ആയിരിക്കണം.

മാനദണ്ഡം

(1) അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപ കവിയാനും പാടില്ല.

(2) അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം.

(3) മറ്റ് സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ പാടില്ല

(4) ആകെ സ്കോളർഷിപ്പിൻറെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(5) 15% സ്കോളർഷിപ്പുകൾ പട്ടികജാതി വിഭാഗത്തിനും 7.5% സ്കോളർഷിപ്പുകൾ പട്ടികവർഗ്ഗ വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ മറ്റുപിന്നോക്ക വിഭാഗത്തിനും 3% അംഗവൈകല്യമുള്ള വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ച് നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000 രൂപയും ബിരുദാനന്തരബിരുദതലത്തിൽ 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അധ്യയനവർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പനുവദിക്കുന്നത്. ഒന്നാം വർഷം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. തൊട്ടുമുമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 60% മാർക്കുള്ള വിദ്യാർത്ഥികൾക്ക് 2 ാം വർഷം മുതൽ പുതുക്കി നൽകും.

**2. മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്**

കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം കേരളത്തിലെ ക്രിസ്ത്യൻ മുസ്ലീം സമുദായത്തിൽപ്പെട്ടവരും പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിലെ ബിരുദ/ ബിരുദാനന്തരബിരുദ ക്ലാസ്സുകളിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് മാർക്കിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നു.

അപേക്ഷകർ യോഗ്യതാ പരീക്ഷ 50% മാർക്കിൽ കൂടുതൽ ഉള്ളവരും വാർഷിക കുടുംബവരുമാനം 2.5 ലക്ഷം കവിയാത്തവരുമായിരിക്കണം. ആകെ സ്കോളർഷിപ്പിന്റെ 30% ഓരോ വിഭാഗത്തിലേയും പെൺകുട്ടികൾക്കായി നീക്കിവച്ചിട്ടുണ്ട്. കോഴ്സ് ഫീസായി 20,000/രൂപ വരെയും ഹോസ്റ്റൽ ചാർജ്ജായി 10,000/ രൂപ വരെയും ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് 5,000/ രൂപവരെയും പ്രതിവർഷം നൽകുന്നു. ഓരോ വർഷവും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അടുത്ത വർഷങ്ങളിൽ വരുമാന പരിധി ബാധകമാക്കി പുതുക്കി നൽകുന്നതിനായി അപേക്ഷിക്കാവുന്നതാണ്. 2009-10 അദ്ധ്യയന വർഷങ്ങളിൽ ഈ ആനുകൂല്യം വിതരണം ചെയ്യുന്നതിന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. 2011-12 വർഷം മുതൽ കേന്ദ്രസർക്കാരിന്റെ ന്യൂനപക്ഷ മന്ത്രാലയത്തിൻറെ നിയന്ത്രണത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ വഴി ഈ ആനുകൂല്യം വിതരണം ചെയ്യുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും വരെയുള്ള പൊതുവായ സ്കോളർഷിപ്പുകൾ താഴെ പറയുന്നവയാണ്.

**3. അദ്ധ്യാപകരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്**

പ്ലസ്വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്ക് പ്രതിമാസ 50/രൂപയും ഡിഗ്രി ഒന്നാം വർഷം 50/ രൂപയും രണ്ടും മൂന്നും വർഷത്തിൽ 75 രൂപയും പിജി/പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് പ്രതിമാസം 100 രൂപയും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 25 രൂപ അധികമായും നൽകുന്നു. അപേക്ഷിക്കേണ്ട സമയം നവംബർ/ഡിസംബർ മാസങ്ങളും, ഇതിനുള്ള വാർഷിക വരുമാന പരിധി 1,00,000/രൂപയുമാകുന്നു.

**4. അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

സർക്കാർ/എയ്ഡഡ്ട്രെയിനിംഗ്/ മ്യൂസിക്/ആർട്സ് ആൻറ് സയൻസ് കേളേജുകൾ/ ഹയർസെക്കൻററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്കായി സംസ്ഥാനസർക്കാർ ഏപ്പെടുത്തിയതാണ് ഈ പദ്ധതി. കുടുംബ വാർഷിക വരുമാനം 2,50,000/രൂപവരെയുള്ള അന്ധ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവും 4,50,000/രൂപ വാർഷിക വരുമാനമുള്ള അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ താമസത്തിനുള്ള ആനുകൂല്യവും

ഈ പദ്ധതി പ്രകാരം നൽകുന്നു. ഹോസ്റ്റലിൽ താമസിക്കാത്തവർക്ക് പ്രതിമാസം 400/ രൂപ തോതിൽ ബോർഡിംഗ്ചാർജ്ജ് നൽകുന്നു. അന്ധർക്കു മാത്രം ട്യൂഷൻഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാഫീസുകളും 500/രൂപ അലവൻസുമായും നൽകുന്നതുമാണ്.

**5. മ്യൂസിക്/ഫൈൻ ആർട്സ് സ്കോളർഷിപ്പ്**

തിരുവനന്തപുരം, തൃപ്പുണിത്തുറ, പാലക്കാട് എന്നിവിടങ്ങളിലെ മ്യൂസിക് കോളേജുകളിലും, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് ഫൈൺ ആർട്സ് കോളേജുകളിലും, ബിരുദബിരുദാന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ പദ്ധതി. വാർഷിക വരുമാനം 1,00,000/രൂപയിൽ കവിയാത്തവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

**6. മ്യൂസിക് സ്കോളർഷിപ്പ്**

ബിരുദകോഴ്സ് (ബി.പി.എ) യ്ക്ക് 50 പേർക്ക് പ്രതിവർഷം 1,250/രൂപയും ബിരുദാനന്തര കോഴ്സ് (എം.പി.എ) യ്ക്ക് 15 പേർക്ക് പ്രതിവർഷം 1,500/ രൂപയും സ്കോളർഷിപ്പ് തുകയായി ലഭിക്കുന്നു.

**7. ഫൈൻ ആർട്സ് സ്കോളർഷിപ്പ്**

ബിരുദ കോഴ്സ് ഭരതനാട്യം, മോഹിനിയാട്ടം എന്നിവയ്ക്ക് 5 പേർക്ക് വീതം പ്രതിമാസം 300/ രൂപയും ഡ്രോയിംഗ്/പെയിൻറിംഗിനും സ്കൾപ്ച്ചർ/മോഡലിംഗ് എന്നിവയ്ക്ക് 5 പേർക്ക് 250/രൂപയും സ്കോളർഷിപ്പായി നൽകുന്നു. കഥകളി വിദ്യാർത്ഥികൾക്ക് (അപേക്ഷിക്കുന്ന എല്ലാവർക്കും) പ്രതിമാസം 500/ രൂപ വീതം നൽകുന്നു. ബിരുദാനന്തര കഥകളി വിദ്യാർത്ഥികൾക്ക് (അപേക്ഷിക്കുന്ന എല്ലാവർക്കും) പ്രതിമാസം 750/ രൂപയും മറ്റ് വിഭാഗങ്ങളിൽ പഠിക്കുന്നവർക്ക് 2 പേർക്ക് 500/ രൂപ വീതവും പ്രതിമാസം സ്കോളർഷിപ്പായി ലഭിക്കുന്നു.

**8. ഐ.എ.എസ് കോച്ചിംഗ് സ്കോളർഷിപ്പ്**

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ നടത്തുന്ന ഐ.എ.എസ് കോച്ചിംഗ് ക്ലാസ്സിൽ പഠിക്കുന്ന എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ഓരോ വർഷവും അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം സ്ഥാപനമേധാവി ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓരോ കേന്ദ്രത്തിനും 6,000/ രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു

ക്രിസ്തീയ കുടുംബം - 6

കൊച്ചുറാണിയും തിരുക്കുടുംബവും

# വിവാഹിതർക്ക് വിശുദ്ധരാകാൻ എളുപ്പമാണ്

## ലൂയി മാർട്ടിനും സെലിയും – ഒരു വിശുദ്ധ കുടുംബത്തിന്റെ കഥ

**റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം**
മംഗലപ്പുഴ സെമിനാരി

**ഈ**യവസരത്തിൽ മറ്റൊരു സംഭവം നടന്നു. ഒരു ദിവസം സെലി സാർത്തെ നദിയുടെ കുറുകെയുള്ള സെന്റ് ഡിയോണാർഡ് പാലത്തിൽകൂടി നടക്കുമ്പോൾ എതിരേവരുന്ന ഒരു യുവാവിനെ ശ്രദ്ധിച്ചു. തികച്ചും കുലീനനായ അച്ചടക്കമുള്ളയുവാവ്. ഒരു ആന്തരികശബ്ദം അവളോട് പറഞ്ഞു: നിനക്കായ് ഞാൻ നിശ്ചയിച്ചിരിക്കുന്ന യുവാവ് ഇവനാണ്. താമസിയാതെ, ഈ യുവാവ് ആരാണ് എന്ന സത്യം അവൾ മനസ്സിലാക്കി. മൂന്നു മാസത്തെ പരിചയത്തിനുശേഷം, 1858 ജൂലൈ 13-ാം തീയതി അലൺ സോണിലെ നോട്ടർദാം ദൈവാലയത്തിൽ അവർ വിവാഹിതരായി. പിന്നീട്, സെലി തന്റെ താമസം ലൂയിയുടെ ഭവനത്തിലേക്ക് മാററി, അവിടെത്തന്നെ ലേസ്നിർമ്മാണതൊഴിൽ തുടർന്നു കൊണ്ടുപോയി.

വിവാഹിതരായെങ്കിലും ജീവിതത്തിൽ ബ്രഹ്മചര്യം പാലിക്കാനാണ് ലൂയിയും സെലിയും തീരുമാനിക്കുന്നത്. ഹൃദയങ്ങളുടെ ഐക്യത്തിൽ ഇന്ദ്രിയനിഗ്രഹം പാലിച്ച് ജീവിക്കാൻ അവർ മാതൃകയായി കണ്ടത് യൗസേപ്പിതാവും മാതാവും, അതു പോലെ മറ്റു പല വിശുദ്ധരുമായിരുന്നു. ബ്രഹ്മചര്യത്തോടെ ആരംഭിച്ച ഈ കുടുംബജീവിതം ദൈവപരിപാലനയിൽ കൊച്ചുറാണിയെന്ന വലിയ വിശുദ്ധയ്ക്കുവേണ്ടിയുള്ള ഒരുക്കമായി കാണുവാൻ സാധിക്കും.

പത്തുമാസത്തെ ഈ ജീവിതശൈലിക്കു വിരാമമിടുന്നത് അവരുടെ കുമ്പസാരക്കാരന്റെ അവസരോചിതമായ ഇടപെടലാണ്. വിവാഹമെന്ന കൂദാശയുടെ കടമകളെക്കുറിച്ചും അതിൽ അന്തർലീനമായിരിക്കുന്ന ദൈവിക പദ്ധതിയെക്കുറിച്ചും വൈദികൻ അവരോട് സംസാരിച്ചപ്പോൾ മാതാപിതാക്കളുടെ കാഴ്ചപ്പാടിൽ സാരമായ മാറ്റമുണ്ടായി. ദൈവം തരുന്ന കുഞ്ഞുങ്ങളെ ദൈവത്തിന്റെ ദാനമായി സ്വീകരിച്ചുകൊണ്ട്, അവരെ ദൈവരാജ്യത്തിനുവേണ്ടി വളർത്തി വീണ്ടും ദൈവത്തിനു തന്നെ നല്കാനുള്ള തീക്ഷ്ണതയിൽ അവർ ജ്വലിക്കാൻ തുടങ്ങി. ല്മാൻസിലെ ബോർഡിംഗ് സ്കൂളിൽ പഠിച്ചിരുന്ന മകൾ പോളിന് അമ്മ സെലി എഴുതിയ കത്തിലെ ചില വരികൾ ശ്രദ്ധേയമാണ്;

"ഞങ്ങൾക്കു കുട്ടികൾ ഉണ്ടായപ്പോൾ ഞങ്ങളുടെ ആശയങ്ങളും മാറി. പിന്നീട് ഞങ്ങൾ അവർക്കുവേണ്ടി മാത്രമാണ് ജീവിച്ചത്. അവരായിരുന്നു ഞങ്ങളുടെ സന്തോഷം. അവർക്കുവേണ്ടി ഞങ്ങൾ അനുഭവിച്ച ബുദ്ധിമുട്ടുകൾ ഭാരമായി ഞങ്ങൾക്ക് അനുഭവപ്പെട്ടില്ല. ധാരാളം കുട്ടികൾ ഉണ്ടാകുവാൻ ഞങ്ങൾ ആഗ്രഹിച്ചു. കാരണം, അവരെയെല്ലാം ദൈവരാജ്യത്തിനുവേണ്ടി വളർത്തുവാൻ സാധിക്കുമെന്ന ചിന്ത ഞങ്ങൾക്കുണ്ടായിരുന്നു."

അങ്ങനെ, കുടംബജീവിതത്തിലൂടെ വിശുദ്ധരായിത്തീരുവാൻ അവർ ആഗ്രഹിച്ചു. ഓരോ കുഞ്ഞിനുവേണ്ടിയും സെലി ആദ്ധ്യാത്മികമായി ഒരുങ്ങി. ഉദരത്തിൽ കുഞ്ഞു ജനിക്കുന്ന നിമിഷം തന്നെ ആ കുഞ്ഞിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ ആരംഭിക്കും. തന്റെ ഉദരം കുഞ്ഞിനുവേണ്ടിയുള്ള സക്രാരിയാണെന്ന് അവൾ ചിന്തിച്ചു. ഒമ്പത് കുഞ്ഞുങ്ങളെയാണ് ദൈവം അവർക്കു നല്കിയത്. അതിൽ നാലുപേർ – രണ്ട് ആണും രണ്ടു പെണ്ണും – ചെറുപ്രായത്തിൽതന്നെ മരിച്ചുപോയി. ബാക്കി അഞ്ചുപേരും പെൺകുട്ടികൾ.




1860 ഫെബ്രുവരി 22-ാം തീയതിയാണ് ലൂയി മാർട്ടിനും സെലിക്കും തങ്ങളുടെ ആദ്യത്തെ കുട്ടി ജനിക്കുന്നത്. അന്ന് സെലി അനുഭവിച്ച ആനന്ദത്തിന് അതിരില്ലായിരുന്നു. അതു പെൺകുട്ടിയായിരുന്നു. അവൾക്കു അവർ നല്കിയ പേരാണ് മരിയ. സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ വച്ച് നടന്ന മാമ്മോദീസായ്ക്കുശേഷം ലൂയി മാർട്ടിൻ ജ്ഞാനസ്നാനം നല്കിയ വൈദികനോടു പറഞ്ഞു; "ഫാദർ, ഒരു മാമ്മോദീസായ്ക്കു ഞാൻ വരുന്നത് അങ്ങ് ആദ്യമായിട്ടാണ് കാണുന്നത്. എന്നാൽ ഇത് എന്റെ അവസാനത്തെ വരവ് ആയിരിക്കുകയില്ല."

സെലി മാർട്ടിനെ സംബന്ധിച്ചിടത്തോളം മാതൃത്വം ഒരു ഭാരമായിരുന്നില്ല. ഓരോ കുഞ്ഞും ഒരു സ്ത്രീയുടെ മാസ്റ്റർപീസ് ആണെന്നാണ് അവർ വിശ്വസിച്ചിരുന്നത്. തന്റെ സഹോദരനായ ഇസിദോറിനും അദ്ദേഹത്തിന്റെ ഭാര്യ സെലിനും സെലി ധാരാളമായി എഴുതിയിരുന്നു. കത്തുകളിലെ മുഖ്യവിഷയം കുട്ടികൾതന്നെ. കുഞ്ഞുങ്ങളോടുള്ള വാത്സല്യവും സ്നേഹവും അവരെപ്പറ്റിയുള്ള ആകാംക്ഷകളും ആ കത്തുകളിൽ പ്രതിഫലിക്കുന്നുണ്ട്. ഒരു മാതൃകാ കുടുംബിനിയുടെ ചിത്രമാണ് ഇവിടെ നാം കാണുന്നത്. ദൈവത്തിലുള്ള ഉറച്ച വിശ്വാസവും പാവങ്ങളോടുള്ള ആർദ്രതയും ഇവിടെ പ്രകടമാണ്. തന്റെ കുടുംബത്തിൽ നടന്ന ഓരോ സംഭവത്തിലും അവൾ ദൈവത്തിന്റെ കരം ദർശിച്ചിരുന്നു. അത്ര വലുതായിരുന്നു സെലിയുടെ വിശ്വാസം. നാലുമക്കൾ അകാല മൃത്യുവിന് ഇരയായിത്തീർന്നപ്പോഴും അവൾ തളരാതെ പിടിച്ചുനിന്നു.

തന്റെ സഹോദരൻ ഇസിദോറിന് എഴുതിയ കത്തുകളിലാണ് സെലിയുടെ തനിനിറം നാം കാണുന്നത്. തന്നെക്കാൾ 10 വയസ്സിനു ഇളപ്പമായിരുന്ന ഇസിദോറിനോട് ഒരു ചേച്ചിയെപ്പോലെയും ചിലപ്പോൾ ഒരു അമ്മയെപ്പോലെയും സംസാരിച്ചിരുന്നു. ലൗകികകാര്യങ്ങളിൽ അല്പം കൂടുതൽ ശ്രദ്ധകാട്ടിയിരുന്ന സഹോദരനെ ഗുണദോഷിക്കുന്നത് തന്റെ കടമയായി അവൾകരുതി. അതേസമയംതന്നെ നർമ്മ രസവും ആ കത്തിൽ നമുക്കു കാണാൻ സാധിക്കും. വൈദ്യശാസ്ത്രം പഠിച്ചിരുന്ന തന്റെ സഹോദരന് വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ആഴക്കുറവുണ്ടെന്ന് മനസ്സിലാക്കി സെലി വേണ്ടതുപോലെ ഉപദേശിച്ചിരുന്നു.

പഠനശേഷം ഇസിദോർ വിവാഹിതനായി. ലിസ്യുവിൽ ഒരു ഫാർമസി ആരംഭിച്ചു. അലൻസോണിൽ നിന്നും ഏകദേശം 170 മൈൽ അകലെയാണ് ലിസ്യൂ. 1866 സെപ്റ്റംബർ 11 ാംതീയതി സെലിൻ ഫോർണിയെ വിവാഹം ചെയ്തു. നല്ല ഈശ്വരവിശ്വാസവും ഔദാര്യവുമുള്ള പെൺകുട്ടിയായിരുന്നു അവൾ. സെലിന്റെ ആഗമനത്തോടുകൂടി ഇസിദോറിന്റെ സ്വഭാവത്തിലും മാറ്റങ്ങൾ ഉണ്ടായി. താമസിയാതെ ലിസ്യൂവിലെ സാംസ്കാരിക നേതാക്കന്മാരിൽ ഒരാളായിത്തീർന്നു.

സെലിൻ ഫോർണിയുമായുള്ള ഇസിദോറിന്റെ വിവാഹത്തിൽ സെലി ആശ്വാസം കണ്ടെത്തി. തന്റെ സഹോദരൻ അകലങ്ങളിലാണ് താമസിക്കുന്നതെങ്കിലും സുരക്ഷിതമായ കരങ്ങളിലാണെന്ന സത്യം സെലിക്കു ആശ്വാസം നല്കി. സഹോദരന്റെ വിവാഹത്തിനുശേഷം നവംബർമാസത്തിൽ സെലി ഇസിദോറിന് എഴുതി:" ഞാൻ നിന്നെ (ചെറുപ്പത്തിൽ) പലപ്രാവശ്യം വഴക്കുപറഞ്ഞിട്ടുണ്ട്. നീ അതെല്ലാം മറന്നു കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ ഹൃദയത്തിൽ നന്മ ഉണ്ടെന്ന് എനിക്കറിയാം. ആ നന്മയിൽ നീ എന്നെ ആഴത്തിൽ സ്നേഹിക്കുന്നുണ്ടെന്നും എനിക്കറിയാം. എനിക്കു ആവശ്യം നേരിട്ടാൽ നീ എന്നെ സഹായിക്കുമെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. സമയമോ ദൂരമോ, മരണം പോലും തമ്മിൽ തമ്മിലുള്ള ബന്ധത്തിന് കോട്ടം വരുത്തുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങൾ തമ്മിലുള്ള വിവാഹം നമ്മുടെ ഹൃദയങ്ങൾ തമ്മിലുള്ള അടുപ്പം കുറയ്ക്കുകയില്ലെന്ന് എനിക്കു ഉറച്ച ബോധ്യമുണ്ട്. നിന്നോടുള്ള എന്റെ സ്നേഹം ഇപ്പോൾ ഇരട്ടിയായി. നിന്നെപ്പോലെ തന്നെ നിന്റെ ഭാര്യയേയും ഞാൻ സ്നേഹിക്കുന്നു. നല്ല ഒരു സ്ത്രീയെ നീ ഭാര്യയായി തിരഞ്ഞെടുത്തുവെന്ന് കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. നീ ഭാഗ്യവാനാണ്. കാരണം, നിന്നെ സംരക്ഷിക്കുന്നതിൽനിന്ന് ദൈവം ഒരിക്കലും പിൻവാങ്ങിയിട്ടില്ല."

(തുടരും..)

---

**1-ാം പേജിൽ നിന്നു തുടർച്ച...**

**നമുക്കു ചുറ്റും...**

ഒരു രൂപയ്ക്കുവരെ അരി കിട്ടുന്ന ഈ കാലഘട്ടത്തിൽ ഇങ്ങനെ വിശപ്പുമായി ജീവിക്കുന്നവർ ഏറെയാണ്. അവരൊക്കെ പലരും B.P.L. ലിസ്റ്റിനു മുകളിലുള്ളവരുമാണ്.

ക്രൈസ്തവ യുവജന മുന്നേറ്റം ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. വിപ്ലവത്തിന്റെ ഊർജ്ജം വിശപ്പിനെതിരെ സമരം ചെയ്യുന്നതിലാകട്ടെ. കേരളത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങളുടെ അമരത്താണ് കത്തോലിക്കാസഭ എന്നു പറയുമ്പോഴും അരികുപറ്റി നിൽക്കുന്ന ചിലർ വിസ്മരിക്കപ്പെടുന്നു എന്നത് സത്യമാണ്. അമ്മമാർ ഒന്നിച്ചുകൂടി അഗതിമന്ദിരങ്ങളിലും അത്തരത്തിലുള്ള സ്ഥാപനങ്ങളിലും ഭക്ഷണം തയ്യാറാക്കി നല്കുന്നതും യുവജനങ്ങൾ ഒന്നിച്ചുകൂടി മറ്റു പ്രവർത്തനങ്ങളുമായി അവരെ സഹായിക്കുന്നതും അഭിനന്ദനാർഹമാണ്. ഏതെങ്കിലും സംഘടനയുടെ യൂണിറ്റു തലത്തിലോ ഫൊറോന തലത്തിലോ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി ജീവിച്ചവർക്ക് പലപ്പോഴും ഒന്നേ പറയാനുള്ളൂ: "എങ്ങനെ ജീവിക്കണം എന്നു നമുക്കറിയാം. പക്ഷേ, എന്തിനു ജീവിക്കണം എന്നതിന്റെ ഉത്തരം കിട്ടുന്നത് ഇത്തരത്തിലുള്ള നന്മകളിലൂടെയാണ്."

തയ്യാറാക്കിയത്: **ജീവൻ ജേക്കബ്**

---

# സുവിശേഷം ക്ഷമയുടേതല്ലേ?

### എന്തിനാണ് വൈരാഗ്യത്തിന്റെ ഭാരവുംപേറി നാം ജീവിക്കുന്നത്? ജീവിതം ചുരുങ്ങിയതല്ലേ? ഒരിക്കൽ മാത്രമല്ലേ നാം ഈ സുന്ദരമായ ഭൂമിയിലൂടെ കടന്നുപോകൂ?

**വെ**റും നിസ്സാര കാര്യങ്ങൾക്കുവേണ്ടിയാണ് മനുഷ്യർ തമ്മിൽ തമ്മിൽ പിണക്കവും വൈരാഗ്യവുമുണ്ടാവുക. അല്പമൊന്നു ചിന്തിച്ചിരുന്നെങ്കിൽ അതിന് യാതൊരു അടിസ്ഥാനവുമില്ലെന്നു മനസ്സിലാകും. നിസ്സാരമായ ഒരു വാക്കുമൂലമോ പ്രവൃത്തിമൂലമോ ആകാം അങ്ങനെയുള്ള പിണക്കങ്ങൾ മിക്കതും ആരംഭിക്കുന്നത്. അതു വളർന്ന് രണ്ടു കൂട്ടരിലും വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതായിട്ടാണ് നാം കാണുന്നത്. ആരംഭത്തിലേ അങ്ങനെയുള്ള കാര്യങ്ങൾ പരസ്പരം പറഞ്ഞ് പരിഹരിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ പ്രശ്നങ്ങൾക്കു കാരണമാകുമെന്നതിൽ സംശയമില്ല.

ഒരു സെന്റു ഭൂമിക്കുവേണ്ടി രണ്ടു സഹോദരങ്ങൾ തമ്മിൽ തർക്കമുണ്ടായി. വളരെ ശ്രമിച്ചിട്ടും വിട്ടുവീഴ്ചക്ക് ആരും തയ്യാറായില്ല. അവസാനം അവർ തമ്മിൽ വഴക്കായി അടിപിടിയായി. ഒടുവിൽ ഒരാളുടെ ജീവൻ അപകടത്തിലായി. മറ്റേയാൾ 12 വർഷം ജയിൽശിക്ഷയ്ക്കു വിധിച്ച് ജയിലിലുമായി. എത്ര വേദനാജനകമായ സംഭവം. വെറും നിസ്സാര കാര്യത്തിനുവേണ്ടി സഹോദരന്റെ ജീവൻ നഷ്ടപ്പെട്ടു. അല്പം ക്ഷമ ആരുടെ പക്ഷത്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഈ അനിഷ്ട സംഭവം ഒഴിവാക്കാമായിരുന്നു. നാളെ ജീവിച്ചിരിക്കുമോ എന്ന് നിശ്ചയമില്ലാത്ത മനുഷ്യൻ ഒരു സെന്റു ഭൂമിക്കുവേണ്ടിയോ കുറെ പണത്തിനുവേണ്ടിയോ പിണക്കത്തിലും വൈരാഗ്യത്തിലും കഴിയുന്നത് എത്രയോ വിഡ്ഢിത്തമാണെന്ന് ചിന്തിക്കേണ്ടതാണ്. വ്യക്തികളിലായാലും കുടുംബത്തിലായാലും സമൂഹത്തിലായാലും വ്യക്തിബന്ധങ്ങൾ ശക്തിപ്പെടുത്തേണ്ടതിനുപകരം ഇമ്മാതിരി വൈരാഗ്യ ചിന്താഗതി അവസാനിപ്പിച്ച് പരസ്പരസ്നേഹത്തോടും വിട്ടുവീഴ്ചയോടും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് എത്രയോ അഭികാമ്യമാണ്. ഒരു പുഞ്ചിരികൊണ്ട് ഒരു നല്ല വാക്കുകൊണ്ട്, സ്നേഹത്തോടെയുള്ള സമീപനംകൊണ്ട്, തീരേണ്ട നിസ്സാര കാര്യങ്ങൾ വൈരാഗ്യത്തിനും കൊലപാതകത്തിനും കാരണമാകുന്നെങ്കിൽ മനുഷ്യൻ ഇത്ര മാത്രം അധഃപതിച്ചത് എത്രയോ നിർഭാഗ്യകരമെന്ന് പറയേണ്ടിയിരിക്കുന്നു.

സ്നേഹത്തോടും ക്ഷമയോടുംകൂടെ രണ്ടോ നാലോ മിനിറ്റുകൊണ്ടു പറഞ്ഞുതീർക്കേണ്ട പിണക്കവും വൈരാഗ്യവും ആഴ്ചകളോ മാസങ്ങളോ വർഷങ്ങളോ നീണ്ടുനില്ക്കുന്ന അവസ്ഥ എത്രയോ ദയനീയമാണ്. അതുകൊണ്ട് വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ഏതെങ്കിലും തരത്തിലുള്ള പിണക്കങ്ങളോ അഭിപ്രായവ്യത്യാസങ്ങളോ ഉണ്ടായാൽ ഞാനോ നീയോ വലുത് എന്ന ചിന്ത വെടിഞ്ഞ് ക്ഷമയോടും സ്നേഹത്തോടും അങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഓരോരുത്തരും ശ്രമിക്കുന്നുവെങ്കിൽ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാനും ഇടയാകുമെന്നതിൽ സംശയമില്ല.

**കുര്യാക്കോസ് മാത്യു, (കുട്ടിസാർ) ആനക്കൽ**

# നമ്മുടെ കുട്ടികൾ ആരോഗ്യമുള്ളവരല്ല

ഇന്ന് കുട്ടികൾക്ക് ആരോഗ്യമില്ല. സാംക്രമികരോഗങ്ങൾ അവർക്കു വേഗം പിടിപെടുന്നു. (പൊണ്ണത്തടി ആരോഗ്യത്തിന്റെ ലക്ഷണമല്ല എന്നു തിരിച്ചറിയുക) ചെറിയ ജോലി ചെയ്യുമ്പോഴേ മടുക്കുന്നു. പഠിക്കാനിരുന്നാൽ അപ്പോഴെ ഉറക്കം. പ്രധാന കാരണം ആരോഗ്യകരമല്ലാത്ത ഭക്ഷണ രീതികൾത്തന്നെ. പ്രത്യേകിച്ച് കൊച്ചുകുട്ടികളായിരിക്കുമ്പോൾ മുതൽ അവരുടെ ഭക്ഷണത്തിൽ നാം ശ്രദ്ധിക്കണം.

**മിസ് ബിനു ഇമ്മാനുവൽ**
അസിസ്റ്റന്റ് പ്രൊഫസർ
Department of Clinical Nutrition and Dietetics
Alphonsa College, Pala



വളരുന്ന പ്രായത്തിൽ ആരോഗ്യദായകമായ ഭക്ഷണമാണ് കുട്ടികൾക്കു വേണ്ടത്. പോഷകസമൃദ്ധവും സമീകൃതവുമായ ആഹാരം അവർക്കു നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാലഘട്ടത്തിൽ കൂടുതൽ ഊർജ്ജവും പ്രോട്ടീനും മറ്റു പോഷകങ്ങളും വേണം. രുചിക്കു പുറമേ പോകാതെ പോഷകമൂല്യമുള്ള ഭക്ഷണം വേണം അവർക്കു കൊടുക്കാൻ.

ഒന്നുമുതൽ അഞ്ചുവയസുവരെയുള്ള പ്രായത്തിൽ കുട്ടികളുടെ വളർച്ച ആദ്യവർഷത്തെ അപേക്ഷിച്ച് സാവധാനത്തിലായിരിക്കും. ജനനസമയത്തുള്ള തൂക്കത്തെക്കാൾ മൂന്നിരട്ടി തൂക്കം സാധാരണ നിലയിൽ ആദ്യവർഷം കുട്ടി കൈവരിക്കുമെങ്കിലും പിന്നീടുള്ള ഒരു വർഷം മാസത്തിൽ 150-200 ഗ്രാം വരെ തൂക്കമേ കൂടുകയുള്ളൂ. കുട്ടികൾ വളരുന്നതിനനുസരിച്ച് പോഷകങ്ങളുടെ ആവശ്യകത കൂടുമെങ്കിലും വളർച്ചയുടെ വിവിധഘട്ടങ്ങളിലുള്ള അവയുടെ പ്രാധാന്യമനുസരിച്ച് ഇതിന്റെ തോത് വ്യത്യാസപ്പെട്ടിരിക്കും.

കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും ഏറ്റവും ആവശ്യമുള്ള ഘടകമാണ് ഊർജ്ജം. ആവശ്യമായ ഊർജ്ജം ദിവസേന ലഭിക്കാതിരുന്നാൽ അത് തൂക്കക്കുറവിനും വളർച്ചക്കുറവിനും കാരണമാകും. അതിനാൽ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, തേൻ മുതലായവ കുട്ടികൾക്കു നല്കുക.

എല്ലുകളുടെയും പല്ലുകളുടെയും ശരിയായ വളർച്ചയ്ക്കു പ്രോട്ടീൻ അത്യന്താപേക്ഷിതമാണ്. വെജിറ്റേറിയൻ ഭക്ഷണത്തിൽനിന്നും കിട്ടുന്ന പ്രോട്ടീനിൽ പല എസ്സൻഷ്യൽ അമിനോ ആസിഡും ഇല്ലാത്തതിനാൽ നോൺവെജിറ്റേറിയൻ ഭക്ഷണവുംകൂടി ഉൾപ്പെടുത്തണം. ഇറച്ചി, മീൻ, മുട്ട, പാൽ എന്നിവയിൽ ധാരാളമായി പ്രോട്ടീൻ അടങ്ങിയിരിക്കുന്നു. എന്നാൽ വെജിറ്റേറിയൻ ആയിട്ടുള്ളവർ ഈ കുറവു പരിഹരിക്കാൻ ധാന്യങ്ങളും പയറുവർഗ്ഗങ്ങളുംകൂടിയുള്ള കോമ്പിനേഷൻ സ്വീകരിക്കാവുന്നതാണ്.

മുതിർന്നവരുടെ ഭക്ഷണത്തിൽ കൊഴുപ്പിനെ നിയന്ത്രിച്ചുനിർത്തുന്നുണ്ടെങ്കിലും കുട്ടികളുടെ ഭക്ഷണത്തിൽ അധികനിയന്ത്രണത്തിന്റെ ആവശ്യം വരുന്നില്ല, എന്നു മാത്രമല്ല ശരീരത്തിനാവശ്യമായ ഫാറ്റി ആസിഡ് ലഭ്യമാകുന്നതിനും കൊഴുപ്പു സഹായിക്കുന്നു. വറുത്തതും പൊരിച്ചതുമായവ മാത്രം ഒഴിവാക്കിയാൽ മതി.

പ്രോട്ടീൻപോലെ തന്നെ എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയ്ക്കു സഹായിക്കുന്ന പോഷകങ്ങളാണ് കാത്സ്യവും ഫോസ്ഫറസും. ഭക്ഷണത്തിൽനിന്നുള്ള മുഴുവൻ കാത്സ്യവും ആഗിരണം ചെയ്യപ്പെടുന്നില്ലാത്തതിനാൽ ഈ പ്രായത്തിൽ അല്പം കൂടുതൽ കാത്സ്യം ഭക്ഷണത്തിൽ ഉൾപ്പെടുത്താം. ഇതിനായി പാൽ, പാലുല്പന്നങ്ങൾ, ചീരയില, മുരിങ്ങയില, റാഗി മുതലായവ നല്കുക.

അയണിന്റെയും ഫോളിക് ആസിഡിന്റെയും അഭാവം കുഞ്ഞുങ്ങളിൽ വിളർച്ചയ്ക്കു കാരണമാകുന്നു. കുട്ടികളുടെ ശാരീരിക മാനസികവളർച്ചയെ അതു സാരമായി ബാധിക്കുന്നു. കുഞ്ഞുങ്ങളിലുണ്ടാകുന്ന വിരശല്യംമൂലവും വിളർച്ചയുണ്ടാകുന്നു. മുട്ടയുടെ മഞ്ഞക്കരു, ഇലക്കറികൾ, അവൽ, ഈന്തപ്പഴം, എള്ള്, സോയാബീൻ എന്നിവ ഇരുമ്പിന്റെ സ്രോതസ്സാണ്.

ആവശ്യത്തിനുള്ള വിറ്റാമിൻ എ ലഭ്യമാക്കിയില്ലെങ്കിൽ അതു കുട്ടികളുടെ കാഴ്ചശക്തിയെ അപകടത്തിലാക്കും. ഇതിനെതിരെ ഗവൺമെന്റ് തലത്തിൽ വിറ്റാമിൻ എ തുള്ളിമരുന്ന് ഇപ്പോൾ ലഭ്യമാണ്. പാൽ, മുട്ട, ക്യാരറ്റ്, ഇലക്കറികൾ, മാങ്ങാപ്പഴം, മത്തങ്ങ എന്നിവയിൽനിന്നും സുലഭമായി വിറ്റാമിൻ എ ലഭിക്കുന്നു.

**അമ്മമാർ അറിയാൻ**

- ശരിയായ ആഹാരരീതി കുട്ടികളായിരിക്കുമ്പോൾതന്നെ ആരംഭിക്കണം. ഒരു വയസ്സിനുള്ളിൽതന്നെ കുട്ടികൾക്കു കട്ടിയാഹാരം നല്കി തുടങ്ങിയാൽ പിന്നീടുള്ള വർഷങ്ങളിൽ കുഞ്ഞുങ്ങളെ ഭക്ഷണം കഴിപ്പിക്കൽ ഒരു പ്രശ്നമാവുകയില്ല.
- പല്ലു മുളച്ചുകഴിഞ്ഞാൽ ക്യാരറ്റ്, ആപ്പിൾ മുതലായവ ചെറിയ കഷണങ്ങളായി മുറിച്ചു നല്കാം. തനിയെ കഴിക്കാനുള്ള പ്രായമായാൽ അതിനവരെ പ്രോത്സാഹിപ്പിക്കുക. മുതിർന്നവർ എടുത്തു നല്കുന്നതിനേക്കാൾ കൂടുതൽ ആസ്വദിച്ച് ആഹാരം കഴിക്കാൻ അതു പ്രേരണയേകും.
- പതിവായി പഴങ്ങളും പച്ചക്കറികളും നല്കുന്നത് ആവശ്യത്തിനു വിറ്റാമിനുകളും മിനറലുകളും നല്കുന്നതോടൊപ്പം മലബന്ധം അകറ്റുകയും ചെയ്യും.
- കുട്ടികൾ ആഹാരത്തോടു മടുപ്പു കാണിക്കാതിരിക്കാൻ ആഹാരത്തിന്റെ നിറം, മണം, രൂപം, രുചി എന്നിവയിൽ വൈവിധ്യം വരുത്താൻ ശ്രമിക്കുക.
- ഒരിക്കലും ആവശ്യത്തിൽ കൂടുതൽ ആഹാരം നിർബന്ധിച്ച് കഴിപ്പിക്കരുത്. കുട്ടികൾക്കു ഭക്ഷണത്തോടുള്ള വെറുപ്പുളവാക്കാൻ ഇതു കാരണമാകും.
- കുട്ടികൾക്ക് ഭക്ഷണം നല്കുന്നവർ ഒരിക്കലും ഭക്ഷണത്തോട് ഇഷ്ടക്കേടു കാണിക്കരുത്. കുട്ടികൾക്കും അത് ഇഷ്ടക്കേടിലേക്കു വഴി തെളിക്കും. കുട്ടികളുടെ ഇഷ്ടംകൂടി മനസ്സിലാക്കിവേണം അവർക്കുള്ള ഭക്ഷണമൊരുക്കാൻ.
- എന്നും ഒരേ സമയത്തു തന്നെ ഭക്ഷണം കൊടുക്കാൻ ശ്രമിക്കണം.
- പെട്ടെന്നു ഭക്ഷണം കഴിക്കാൻ കുട്ടികളെ നിർബന്ധിക്കരുത്. സന്തോഷപ്രദവും സമാധാനപരവുമായ അന്തരീക്ഷത്തിൽവേണം കുഞ്ഞുങ്ങൾക്ക് ആഹാരം നല്കാൻ. പല അമ്മമാർക്കും ടി.വി. കാണിച്ചുകൊണ്ട് കുഞ്ഞുങ്ങൾക്ക് ഭക്ഷണം നല്കുന്ന പ്രവണതയുണ്ട്. അങ്ങനെ മിക്ക കുട്ടികളും ഭക്ഷണം കഴിക്കുമെങ്കിലും ഭക്ഷണം നന്നായി ആസ്വദിക്കാൻ കുഞ്ഞുങ്ങൾക്കു സാധിക്കാതെ വരുന്നു.
- ധാന്യങ്ങളും പയറുവർഗങ്ങളും മുളപ്പിച്ചു നൽകുന്നത് നല്ലതാണ്. സ്ഥിരമായി തൈര് നല്കുന്നത് വയറിളക്കത്തെയും ചെറിയ ഇൻഫക്ഷനുകളെയും ചെറുക്കാൻ സഹായിക്കുന്നു. എന്നാൽ കഫക്കെട്ടുള്ള കുട്ടികൾക്ക് പാലും തൈരും നല്കുന്നത് നന്നല്ല.
- കുട്ടികൾക്കു കുപ്പിപ്പാൽ നൽകുന്നതും നന്നല്ല. തീരെ ചെറിയ പ്രായത്തിൽ പാൽ സ്പൂണിൽ കോരിക്കൊടുക്കുക. അല്പംകൂടി മുതിർന്നാൽ ഗ്ലാസിൽ കുടിക്കാൻ ശീലിപ്പിക്കാം. രാത്രിയിൽ പാൽ കൊടുത്തുകഴിഞ്ഞാൽ വായ നന്നായി കഴുകിവേണം കിടത്തിയുറക്കാൻ. ചെറുപ്രായത്തിൽ പല്ലുകൾക്ക് കേടുപാടുണ്ടാകാൻ സാധ്യതയുള്ളതിനാൽ കുട്ടികൾക്ക് അധികം മധുരമുള്ളതും പല്ലിൽ ഒട്ടിപ്പിടിച്ചിരിക്കുന്നതുമായ ഭക്ഷണം ഒഴിവാക്കുക.
- മറ്റേതു സമയത്തെ ഭക്ഷണത്തേക്കാളും പ്രഭാതഭക്ഷണത്തിനു പ്രാധാന്യമേറും. ഇപ്പോൾ പ്രത്യേകിച്ചും $3^{1}/2$-4 വയസാകുമ്പോൾ കുട്ടികൾ സ്കൂളിൽ പോയിതുടങ്ങും. പ്രഭാതഭക്ഷണം കഴിച്ചിട്ടുപോയാൽ കുട്ടികൾക്ക് ക്ലാസിൽ നന്നായി ശ്രദ്ധിച്ചിരിക്കാൻ സാധിക്കും. അല്ലെങ്കിൽ അവർ പെട്ടെന്നു ക്ഷീണിതരാകും. കുട്ടികൾക്കു പാലും ബിസ്കറ്റും മാത്രം നൽകി വിടാതെ ഇഡ്ഡലി, ദോശ, അപ്പം, ഇടിയപ്പം, പുട്ട്, ഉപ്പുമാവ് എന്നിവ വൈവിധ്യമായ രീതിയിൽ ഉണ്ടാക്കി അനുയോജ്യമായ കറികളും ചേർത്തു നൽകുക.
- ഇടവേളകളിൽ കഴിക്കാൻ ആരോഗ്യദായകമായ നാടൻ പലഹാരങ്ങളോ, പഴങ്ങളോ, സാൻഡ്വിച്ചോ മറ്റും നല്കാം. അധികം വറുത്തതും പൊരിച്ചതുമായ ഭക്ഷണവും ബേക്കറി ഉല്പന്നങ്ങളും ഒഴിവാക്കുക. പായ്ക്കറ്റ് ഫുഡ് വാങ്ങിക്കൊടുക്കുന്ന പ്രവണതയും നന്നല്ല.
- ഉച്ചഭക്ഷണത്തിലും വൈവിധ്യം വരുത്താം. ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, തൈര് അല്ലെങ്കിൽ മോര്, ഇറച്ചി-മീൻ-മുട്ട ഇവയിലേതെങ്കിലും ഒന്ന്, പഴങ്ങൾ എന്നിവ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം.
- ഉച്ചഭക്ഷണം കൊടുത്തുവിടുന്ന പാത്രവും വൃത്തിയുള്ളതായിരിക്കണം. കുട്ടികൾക്കുള്ള ആഹാരം പാകം ചെയ്യുന്നത് വൃത്തിയും ശുചിത്വവുമുള്ള ചുറ്റുപാടിലായിരിക്കണം.
- ആവശ്യത്തിനു വെള്ളം നല്കണം. വെള്ളം കുടിക്കാൻ മടിയുണ്ടെങ്കിൽ ജ്യൂസുകളായിട്ടോ മറ്റോ നല്കാം. ചായയും കാപ്പിയും കുട്ടികളുടെ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

കുട്ടികളുടെ വളർച്ചയനുസരിച്ച് പോഷകങ്ങളുടെ ആവശ്യകതയും വർദ്ധിക്കുന്നു. എന്നാൽ, ആദ്യം സൂചിപ്പിച്ചതുപോലെ ചില കാലയളവിൽ അവരുടെ വളർച്ച വളരെ സാവധാനത്തിലായിരിക്കും. ആ സമയത്ത് കുട്ടികളിൽ വിശപ്പുകുറവു കാണാറുണ്ട്. ഇതു പലപ്പോഴും അമ്മമാരിൽ ആശങ്കയുണ്ടാക്കുന്നു. ദീർഘനാളത്തേക്ക് ഈ വിശപ്പുകുറവു കാണുകയും ഇതേതുടർന്ന് ക്ഷീണം, തുടരെ തുടരെയുള്ള അസുഖങ്ങൾ എന്നിവയുണ്ടാകുകയും ചെയ്താൽ മാത്രമേ അതേപ്പറ്റി ആശങ്കപ്പെടേണ്ടതുള്ളൂ.

ചെറുപ്പകാലത്തുതന്നെ കുട്ടികൾക്ക് സമീകൃതാഹാരം നല്കി ശരിയായ ആഹാരരീതി ശീലിപ്പിച്ചെടുത്ത് ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിലാണ് അമ്മമാരുടെ വിജയം.

Reji Kizhakkethalackal - 9447090450
Santhosh Mookilikattu - 9447572691

Engagement | Wedding | Birthday | Housewarming | Farewell Party

Manna
CATERERS & EVENT PLANNERS

Near Civil Station, KANJIRAPALLY
e-mail : mannacatereskply@gmail.com

കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ

# വരുന്നു ഗൂഗിൾ ലെൻസ് വിപ്ലവം

**ഭൂമിയിലുള്ള എന്തിനെക്കുറിച്ചും പറഞ്ഞുതരും ഗൂഗിൾ ലെൻസ്**

**ഡോ.ജൂബി മാത്യു**
അസോസിയേറ്റ് പ്രൊഫസർ,
അമൽജ്യോതി കോളജ്

**കാ**ണുന്നത് എന്താണെന്ന് മനസ്സിലാക്കാനും അവയെക്കുറിച്ചുള്ള വിവരങ്ങൾ നല്കാനും കഴിയുന്ന ദൃശ്യങ്ങളിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യയാണ് ഗൂഗിൾ ലെൻസ്. അതായത് നിങ്ങൾ കാണുന്ന ഒരു വസ്തുവിനെക്കുറിച്ചുള്ള വിവരങ്ങൾ നല്കാൻ ലെൻസിന് സാധിക്കുമെന്ന് ലളിതമായി പറയാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ സാങ്കേതികവിദ്യകൾ കൂടിചേരുകയാണ് ഇവിടെ.

ലോകത്തിലുള്ള എല്ലാ കാര്യങ്ങളും നമുക്ക് ചോദിച്ച് മനസ്സിലാക്കാനുള്ള ഒരു സഹായിയാണ് നമുക്കിന്ന് ഗൂഗിൾ. നമ്മൾ ഗൂഗിളിനോട് ചോദ്യങ്ങൾ ചോദിക്കുന്നത് പല രൂപത്തിലാണ്. ടൈപ്പ് ചെയ്ത് ആകാം. ഗൂഗിൾ വോയിസ് സവിശേഷത ഉപയോഗിച്ച് ചോദിക്കുകയാകാം. ചിലപ്പോൾ ഒരു ചിത്രം അപ്‌ലോഡ് ചെയ്ത് റിവേഴ്സ് ഇമേജ് സേർച്ച് ആകാം. ഇതിൽ അവസാനത്തേത് ഗൂഗിൾ കണ്ടിട്ടുള്ള (ഇൻഡക്സ് ചെയ്തിട്ടുള്ള) ചിത്രങ്ങൾ അതുപോലെതന്നെ ആണെങ്കിലേ നമുക്ക് ഉത്തരം തരികയുള്ളൂ. ഇത്തരം ചിത്രങ്ങൾ അധിഷ്ഠിതമായ സേർച്ചിങ്ങിന്റെ അടുത്ത തലമാണ് ഗൂഗിൾ ലെൻസ് എന്നു വേണമെങ്കിൽ പറയാം. നിങ്ങളുടെ ക്യാമറയിലൂടെ നിങ്ങൾ കാണുന്ന സാധനങ്ങളെ അടുത്തറിയാൻ ഗൂഗിളിനെ ഉപയോഗിക്കുന്നു. ഗൂഗിളിന്റെ കംപ്യൂട്ടർ വിഷനും ആർട്ടിഫിഷ്യൽ ഇന്റലിജൻസുമൊക്കെയാണ് ഗൂഗിൾ ലെൻസ് എന്ന പുതിയ സാങ്കേതിരവിദ്യയുടെ കാതൽ. ഗൂഗിൾ ലെൻസ് വരുന്നതോടെ നിങ്ങളുടെ മൊബൈൽ ക്യാമറ നിങ്ങൾ കാണുന്നത് മാത്രമല്ല കാണുക, മറിച്ച് നിങ്ങൾ കാണുന്നതിനെക്കുറിച്ച് മനസ്സിലാക്കുകയും അതിനെക്കുറിച്ച് എന്ത് തീരുമാനമെടുക്കണമെന്ന് നിങ്ങൾക്ക് നിർദ്ദേശം നല്കുകയും ചെയ്യും.




ഉദാഹരണത്തിന്, നിങ്ങൾ പോകുന്ന വഴിക്ക് ഒരു പൂവ് ഉണ്ടെന്നിരിക്കട്ടെ. ഏത് പൂവാണെന്ന് പിടികിട്ടാത്ത അവസ്ഥ. അറിയണമെങ്കിൽ ഗൂഗിൾ ലെൻസ് പ്രവർത്തിപ്പിക്കുക. ക്യാമറയിൽ ഫോട്ടോ എടുക്കുക. പൂവിന്റെ പേര്, ശാസ്ത്രീയ നാമം തുടങ്ങി സകല വിവരങ്ങളും ലെൻസ് പറഞ്ഞുതരും. യാത്ര പോകുമ്പോൾ ഒരു ഹോട്ടൽ കണ്ടെന്നിരിക്കട്ടെ, അതിന്റെ ഒരു ഫോട്ടോ എടുത്താൽ അവിടുത്തെ ഭക്ഷണം, റേറ്റിംഗ്, വില തുടങ്ങിയ വിവരങ്ങൾ അറിയാൻ കഴിയും. വെബ്സൈറ്റിലുള്ള ചിത്രത്തെപ്പറ്റിയും മൊബൈലിൽ പ്ലേ ചെയ്യുന്ന വീഡിയോയെ കുറിച്ചും ഒരു സിനിമ തിയേറ്ററിന് പേരിന് നേരെ ചൂണ്ടിയാൽ അതിനെക്കുറിച്ചുള്ള വിവരങ്ങളും ഗൂഗിൾ ലെൻസ് നല്കും. സിനിമ പോസ്റ്ററിന് നേരെയാണ് പിടിക്കുന്നതെങ്കിൽ നമ്മുടെ ഫോണിലെ കലണ്ടറിൽ ആ സിനിമയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സിനിമ റിലീസ് ആവുന്ന സമയത്ത് അതിനെക്കുറിച്ച് ലെൻസ് നമുക്ക് വിവരങ്ങൾ നല്കുകയുംചെയ്യും. ഇത്തരത്തിൽ സേർച്ചിംഗ് എന്നതിനെ പൂർണ്ണമായും പുനർനിർമ്മിക്കുകയാണ് ലെൻസിലൂടെ ഗൂഗിൾ ചെയ്യുക. ക്യാമറ ഉപയോഗിച്ചുള്ള സേർച്ചിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംയോജിപ്പിച്ചാണ് ഗൂഗിൾ ലെൻസ് പ്രവർത്തിക്കുന്നത്.

ലെൻസ് ഒരു തുടക്കം മാത്രമാണ്. സേർച്ചിൽ വരാനിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങളുടെ മുഖവുര എന്നു വേണമെങ്കിൽ പറയാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കേന്ദ്രീകൃതമായ ഡേറ്റ സെന്ററുകൾ ഗൂഗിൾ പണിയുന്നുണ്ട്. ശബ്ദത്തിലൂടെ സേർച്ച് ചെയ്യാൻ അനുവദിക്കുന്ന ഗൂഗിൾ അസിസ്റ്റന്റിനെയും ലെൻസിന്റെയും സഹായം എത്തുന്നതോടെ ടൈപ്പ് ചെയ്ത് സേർച്ച് ചെയ്യുന്ന കാലം വിസ്മൃതിയിലായേക്കും. അതേസമയം ഈ കണ്ടുപിടുത്തം സ്വകാര്യതയെ എത്രത്തോളം ബാധിക്കുമെന്ന ചോദ്യവും ഇതോടൊപ്പം ഉയരുന്നുണ്ട്.

# നൂറുമേനി ഫലംചൂടി നിൽക്കുന്ന രൂപതയാകുന്ന ഫലവൃക്ഷം

## രൂപത വളർച്ചയുടെ നാൽപ്പതിലേക്കെത്തുമ്പോൾ ചില അത്മായ വിചാരങ്ങൾ....

**റെജി കാരിവേലിൽ**

'**കാ**ഞ്ഞിരപ്പള്ളി' എന്നു കേട്ടാൽ മലയാളിക്ക് അഭിമാനമാണ്. റബറിന്റെ നാടും മതമൈത്രിയുടെ വിളനിലവുമാണ് കാഞ്ഞിരപ്പള്ളി. സഭയിലും രാഷ്ട്രീയത്തിലും സിനിമയിലും പൊതുരംഗത്തും കാഞ്ഞിരപ്പള്ളിപ്പെരുമ മറികടക്കാൻ ആർക്കും കഴിയില്ല.

കാഞ്ഞിരപ്പള്ളിയുടേയും ഇടുക്കിയുടേയും വികസനഭൂപടത്തിൽ നമ്മുടെ രൂപത നട്ടെല്ലാണ്. നാലുപതിറ്റാണ്ടുമുമ്പ് പിറവിയെടുത്ത രൂപതയുടെ ആദ്ധ്യാത്മിക രംഗത്തെ വളർച്ച ദൈവാനുഗ്രഹം തന്നെ. വിദ്യാഭ്യാസ-സാമൂഹിക-കാർഷിക-ആരോഗ്യമേഖലകളിലെ മുന്നേറ്റം നമ്മെ അമ്പരപ്പിക്കുന്നു.

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലായുള്ള 145 ഇടവകകളിലെ 37000-ത്തിൽപരം കുടുംബങ്ങളുടെ പ്രകാശഗോപുരമായി രൂപത തിളങ്ങുന്നു. രൂപതയുടെ പ്രാരംഭദശയിൽ ശക്തമായി അടിത്തറയിട്ട് ദീർഘവീക്ഷണത്തോടെ നയിക്കുകയും വളർത്തുകയും ചെയ്ത് അഭിവന്ദ്യ ജോസഫ് പവ്വത്തിൽപിതാവും സ്വർഗ്ഗയാത്ര ചെയ്ത മാർ മാത്യു വട്ടക്കുഴി പിതാവും ദൈവപരിപാലനയിൽ അജഗണങ്ങളെ വഴിനടത്തി.

നമ്മുടെ രൂപത നേടിയെടുത്തുകൊണ്ടിരിക്കുന്ന ആത്മീയ-ഭൗതിക തലങ്ങളിലെ നന്മകൾക്കും നേട്ടങ്ങൾക്കും ഏകകാരണം അഗതികൾക്കും ആലംബഹീനർക്കുമൊപ്പം നിന്ന് നമ്മെ നയിക്കുന്ന അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ ദൈവകൃപയിൽ അലിഞ്ഞ ശുശ്രൂഷതന്നെ. ഒപ്പം, കരുതലും കാരുണ്യവുമായി മാർ ജോസ് പുളിക്കൽപിതാവും വിശ്വാസസമൂഹത്തിന് കെടാവിളക്കായി മാറുന്നു.

ഇടുക്കിയിലെ മലമടക്കുകളിലേക്ക് കുടിയേറിയ മുൻതലമുറയുടെ കഷ്ടപ്പാടും കഠിനാധ്വാനവും നാം മറന്നുതുടങ്ങി. പ്രതികൂല കാലാവസ്ഥയെയും പകർച്ചവ്യാധികളെയും നേരിട്ട് കാട്ടുമൃഗങ്ങളോട് ഏറ്റുമുട്ടി. ഏറുമാടങ്ങളിൽ അന്തിയുറങ്ങി മണ്ണിൽപൊന്നുവിളയിച്ച മലയോരമക്കൾ! പരിമിതിയുടെ ആഴങ്ങളിലും തമ്പുരാനിൽ ആശ്രയിച്ച് വിശ്വാസം പകർന്ന തലമുറ. നാട്ടിൻപുറങ്ങളിൽപോലും മതിയായ യാത്രാസൗകര്യമോ വഴികളോ ഇല്ലാത്ത കാലം.

ഈ പശ്ചാത്തലത്തിലാണ് തീക്ഷ്ണമായ സഭാസ്നേഹവും അർപ്പണമനോഭാവവുമുള്ള വൈദികരും സന്യസ്തരും കുന്നിൻമുകളിലും മലയടിവാരങ്ങളിലുമുള്ള ഇടവക ദേവാലയങ്ങളിലേക്ക് കടന്നുവന്നത്. ഈ പുരോഹിതശ്രേഷ്ഠർ ഇടവകസമൂഹത്തോട് ചേർന്ന് നാടിന്റെ വികസനകാര്യങ്ങളിൽ കൈകോർത്തു. ഇതിന്റെ ഫലമായി ഓരോ ഇടവകയും മറ്റൊരു കാനാൻദേശമായി ഇന്ന് മാറിക്കഴിഞ്ഞു. എവിടെയും ആത്മീയവെളിച്ചം പരത്തുന്ന മനോഹരമായ ദേവാലയങ്ങൾ - അനുഗ്രഹപൂമഴ-പൊഴിക്കുന്ന പാതയോരങ്ങളിലെ കുരിശുപള്ളികൾ- തലയെടുപ്പോടെ നിൽക്കുന്ന പള്ളിക്കൂടങ്ങളും പള്ളിമേടകളും പാരിഷ്ഹാളുകളും തമ്പുരാന്റെ വരദാനങ്ങളാണ്.

അന്തർദേശീയതലത്തിൽ പോലും കാഞ്ഞിരപ്പള്ളി രൂപത പ്രശസ്തിയും പ്രശംസയും നേടുന്നു. മറുനാടൻ മലയാളിയും പ്രവാസികളും വരെ തങ്ങളുടെ മക്കളുടെ പഠനത്തിനായി രൂപതയിലെ കോളജുകളും സ്കൂളുകളും തേടിയെത്തുന്നു.

മലനാട് 'പാലിന്റെയും തേനി'ന്റെയും സ്വാദ് അറിയാത്ത മലയാളി കാണില്ല.

ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള സ്കൂളുകൾ, മദ്യത്തിനടിമപ്പെട്ടവരുടെ മോചനത്തിനായുള്ള പീരുമേട്ടിലെ 'ഡെയർ' തമ്പലക്കാട് പെനുവേൽ, പുളിമാവ് നല്ലസമറായൻ, ബെത്‌ലഹേം തുടങ്ങിയവയൊക്കെ നൂറുകണക്കിന് കുടുംബങ്ങളുടെ അത്താണിയാണ്.

കാർഷിക -നാണ്യവിളകളുടെ വിലത്തകർച്ചയിലും - കസ്തൂരിരംഗൻ - പട്ടയപ്രശ്നങ്ങളിലും കർഷകർക്കൊപ്പം, ഭരണകൂടത്തിന്റെ മുഖം നോക്കാതെ രൂപത നമ്മെ നയിക്കുന്നു - ഇൻഫാം പിറവിയെടുത്തതും നമ്മുടെ രൂപതയിൽതന്നെ.

പക്ഷേ, മറുവശത്ത്, രൂപതയുടെ വളർച്ചയുടെ പടവുകളിൽ മായാത്ത സത്യങ്ങളെ നാം മായിക്കാൻ ശ്രമിക്കുകയാണ്. എന്തിനും ഏതിനും വിമർശനവും ആക്ഷേപവുമായി, ഫലമുള്ള വൃക്ഷത്തെ കല്ലെറിയുന്നതിൽ നമുക്ക് മടിയില്ല.

നമുക്കും, നമ്മുടെ തലമുറകൾക്കുമായി അനുയോജ്യമായി ദേവാലയങ്ങൾ പണിയുമ്പോൾ നല്ല തുക വേണ്ടിവരും. പള്ളിയും പള്ളിക്കൂടവും പള്ളിമേടയും സെമിത്തേരിയും ഏതു വൈദികർ പണിയിച്ചാലും അത് അവർക്കുവേണ്ടിയല്ല - ഇടവക സമൂഹത്തിനാണ് എന്ന വിവേകം നമുക്കില്ല. എന്നാൽ ഓലക്കുടിലിൽ ജനിച്ച നമ്മൾ കോടികൾ ചെലവിട്ട് മണിമാളികകൾ പണിയാൻ മത്സരിക്കുന്നു.

നാം മക്കളുടെ ഉന്നതവിദ്യാഭ്യാസത്തിനായി കഴിഞ്ഞകാലത്ത് ലക്ഷങ്ങൾ മുടക്കി മറുനാട്ടിലേക്ക് അവരെ യാത്രയാക്കിയിരുന്നു. ഇന്ന് വീട്ടിൽനിന്നും രാവിലെ എൻജിനിയറിംഗ് കോളജിൽ പോയി പഠിച്ച് വൈകിട്ട് തിരിച്ചെത്താം! ചികിത്സയ്ക്കായി അന്യദിക്കിലേക്ക് ട്രെയിൻ കയറിയിരുന്ന നാം ഇന്ന് വിളിപ്പാടടുത്തുള്ള ക്രൈസ്തവമിഷനറിമാർ നടത്തുന്ന ആശുപത്രികളിലേക്ക് ഓടിയെത്തുന്നു.

സാമൂഹ്യക്ഷേമ സംരംഭങ്ങളായ പി.ഡി.എസിലൂടെയും എം.ഡി.എസിലൂടെയും ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ അവസരം ലഭിക്കുന്നു. എത്രയോ കുടുംബങ്ങളുടെ ജീവിതമാർഗമാണ് ഈ സംരംഭങ്ങളെന്ന് നമുക്ക് മനസിലാക്കാൻ ബുദ്ധിമുട്ട്.

നമ്മുടെ കുടുംബങ്ങളിലും ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ കുടുംബത്തിലോ ശാരീരിക-മാനസിക രോഗികളോ ഭിന്നശേഷിക്കാരോ ഉണ്ടെങ്കിൽ ആദ്യം നമ്മുടെ അന്വേഷണവും ചിന്തയും ഏതെങ്കിലും 'അച്ചനെയോ സിസ്റ്ററിനേയോ കണ്ട്' ഇവരെ ആശ്രമത്തിലാക്കണമെന്നതാണ്. തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരെയും അനാഥരേയും പോലീസിനു കിട്ടിയാൽ അവരുടെ ആദ്യ നടപടി - നമ്മുടെ ആശ്രമങ്ങളിൽ അവരെ സംരക്ഷിക്കാമോ എന്നുള്ള അപേക്ഷയാണ്. ഇങ്ങനെയുള്ളവരെ ഇരുകൈയും നീട്ടി സ്വീകരിച്ച് ശുശ്രൂഷിക്കുന്ന സമർപ്പിതർ ജീവിക്കുന്ന മാലാഖമാരാണ്. അഗതിമന്ദിരങ്ങളിൽനിന്നും അധികൃതരുടെ കണ്ണുവെട്ടിച്ച് ഒരാൾ ഗെയിറ്റിനു സമീപം എത്തിയാൽ അത് ചാനലുകളിൽ നാം വാർത്തയാക്കുന്നു. വൈദീകരേയും സന്യാസികളേയും ആക്ഷേപിക്കുന്ന മാധ്യമങ്ങളിലെ കോമഡിപരിപാടികൾ കണ്ട് നാം കൈകൊട്ടിച്ചിരിക്കുന്നു! ഒറ്റപ്പെട്ടതാണെങ്കിലും മാനുഷികമായ ബലഹീനതയോ കുറവുകളോ ഒരു വൈദികനുണ്ടായാൽ വെള്ളപ്രതലത്തിലെ കറുത്തപൊട്ടിനെ ഊതിവീർപ്പിച്ച് നാം ഇരുണ്ട യുഗമാക്കി മാറ്റാൻ ഉത്സാഹിക്കുന്നു.

കൈനിറയെ ചൊരിയപ്പെടുന്ന ദൈവപരിപാലനയിൽ നാനാജാതിമതസ്ഥരായ വിശ്വാസസമൂഹത്തിന്റെ ദുഃഖങ്ങളും ആവശ്യങ്ങളും ആവലാതികളും രൂപത അകറ്റുന്നത് നാം ശ്രദ്ധിക്കാറില്ല.

വശ്യമായ വ്യക്തിത്വത്തിലൂടെ സ്വന്തമാക്കുന്ന ബന്ധങ്ങൾകൊണ്ട് രൂപതയ്ക്കും സമൂഹത്തിനും ഇടയന്മാർ നേടിത്തരുന്ന നന്മയും വളർച്ചയും കാണാൻ നാം കണ്ണുതുറക്കാറില്ല.

പ്രതിസന്ധികളിലും വെല്ലുവിളികളിലും പരീക്ഷണങ്ങളിലും അജപാലകരും അല്മായരും സമർപ്പിതരും ഒത്തൊരുമിച്ചു പ്രാർത്ഥിച്ചു മുന്നേറുന്നതു നാം ഇനിയെങ്കിലും കാണണം. ക്രൈസ്തവന്റെ ആയുധമായ ജപമാലയും ഉപവാസവും നമ്മേ ശക്തിപ്പെടുത്തുമെന്ന് തിരിച്ചറിയണം. കൊടുങ്കാറ്റിന്റെ വഴിയിൽ ഒരില പോലും അനങ്ങാതെ നില്ക്കുന്ന മഹാവൃക്ഷത്തെപ്പോലെ സഭാസമൂഹത്തെ ദൈവം സംരക്ഷിക്കുകതന്നെ ചെയ്യും!

# അന്നമ്മച്ചേടത്തിയെന്ന സുകൃതം



**103** വയസുള്ള അന്നമ്മച്ചി കാഞ്ചിയാറിന്റെ നന്മയാണ്. അന്നമ്മ ചേടത്തിയെപ്പറ്റി ഈ പ്രദേശത്തെ ജനങ്ങൾക്ക് ഒന്നേ പറയാനുള്ളൂ. ദൈവാനുഗ്രഹമുള്ള ഒരു അമ്മ.

കാഞ്ചിയാറിന്റെ ചരിത്രത്തിൽ മൂന്ന് പള്ളി പണികൾക്ക് സാക്ഷിയായ ഏക വ്യക്തി. ഇന്നത്തെ പുതിയ ദൈവാലയം പണിയാൻ ജനം കഷ്ടപ്പെട്ടതുപോലെ തന്നെ അന്നും ഇതുപോലെ കഷ്ടപ്പെട്ടിരുന്നു എന്ന് അമ്മച്ചി ഓർക്കുന്നു.

കട്ടപ്പന മുനിസിപ്പാലിറ്റിയിലെ തന്നെ ഏറ്റവും പ്രായമുള്ളവരിൽ ഒരാളാണ് കൊച്ചുചേന്നാട്ടെ അന്നമ്മ അമ്മച്ചി. 1950 ലാണ് അന്നമ്മയമ്മയടങ്ങുന്ന കുടുംബം കാഞ്ചിയാറിലേക്ക് കുടിയേറിയത്. പതിനേഴാമത്തെ വയസിൽ വിവാഹം. 6 മക്കൾ. അന്നത്തെ (1950) കാലഘട്ടത്തിൽ വളരെ കഷ്ടപ്പെട്ടാണ് മക്കളെ പഠിപ്പിച്ചതും, വളർത്തിയതും. ഒത്തിരിയേറെ ജോലി ചെയ്തും കഷ്ടപ്പെട്ടും, പട്ടിണിയും, ദാരിദ്ര്യവും സഹിച്ചാണ് ജീവിച്ചിരുന്നത്. പക്ഷേ, ഏത് പ്രതിബന്ധങ്ങളിലും തളരാത്ത, പതറാത്ത ദൈവവിശ്വാസമായിരുന്നു മുതൽകൂട്ട്.

അന്നത്തെ കാലാവസ്ഥ വളരെ പ്രതികൂലമായിരുന്നു. ഇന്നത്തെക്കാൾ കൂടുതൽ മഴയും, തണുപ്പും. ഒപ്പം കാട്ടാനകളുടേയും, മറ്റു വന്യമൃഗങ്ങളുടെയും ഉപദ്രവങ്ങൾ വേറെയും. 1950 കാലങ്ങളിൽ പള്ളികളൊന്നുമില്ല. വി. കുർബാന കാണണമെങ്കിൽ ഉപ്പുതറ വരെ പോകണം. അവിടെ ഒരു സിമിത്തേരി ചാപ്പലിലാണ് വി. കുർബാന നടത്തിയിരുന്നത്. അതും മാസത്തിൽ ഒരിക്കൽ ഒരു വി. കുർബാന മാത്രം. അന്ന് മൂന്നു കൂട്ടുകാരികളോടൊന്നിച്ച് വി. കുർബാനയ്ക്കു പോകുന്നതും ആൾക്ക് ഓരോ കല്ലുമായാണ്. പുതിയ പള്ളിയിൽ .............. കട്ടപ്പനയ്ക്ക് മുമ്പ് കാട് വെട്ടിത്തെളിച്ച് ജനങ്ങൾ താമസമാക്കിയ സ്ഥലം. പിന്നീടാണ് ഇവിടൊരു പള്ളി വരുന്നത്. ഈ പള്ളി നിർമ്മിക്കാൻവേണ്ടി കരിങ്കല്ലും, മണ്ണും, കട്ടയും, തടിയുമൊക്കെ തലച്ചുമടായി ചുമന്ന് കയറ്റിയത് അന്നമ്മ അമ്മച്ചിക്ക് മറക്കാനാവാത്ത ഓർമ്മകളാണ്. പള്ളിപൊളിച്ചപ്പോൾ കരഞ്ഞതും ഓർമ്മ വന്നു. നവീനമായ കാഞ്ചിയാർപള്ളി നിർമ്മാണത്തിനുവേണ്ടി വിധവയുടെ ചില്ലിക്കാശുപോലെ മക്കളും കൊച്ചുമക്കളും തരുന്ന തുക ചെലവാക്കാതെ പള്ളിക്കുവേണ്ടി കൊടുത്തതും അന്നമ്മച്ചേടത്തി ഓർക്കുന്നു.

മക്കൾ ഈ അമ്മയെക്കുറിച്ച് പറയുന്നത് ഏറെ പ്രാർത്ഥിക്കുന്ന ഒരു അമ്മയാണ് എന്നാണ്. എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കും. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കും. ഒറ്റ നോട്ടത്തിൽതന്നെ നോക്കുന്നവർ പറയും ഈ അമ്മ ഒരു വിശുദ്ധയാണെന്ന്. കാരണം അതുപോലെയാണ് അമ്മച്ചിയുടെ ജീവിതവും. ആരോടും ഒരു പരാതിയുമില്ല, പരിഭവവും ഇല്ല.

അന്നമ്മച്ചേടത്തിയുടെ മറ്റൊരു പ്രത്യേകതയെന്നത് പരിശുദ്ധ കുർബാനയോട് ഏറെ ഭക്തിയും ബഹുമാനവും കാണിക്കുന്നു എന്നതാണ്. തന്റെ ആദ്യകാലങ്ങളിൽ 6 മണിക്കൂർ വരെ നടന്നാണ് വി.കുർബാനയ്ക്ക് പോയിരുന്നത്. അത്ര തീക്ഷ്ണമതിയായിരുന്നു അന്നമ്മച്ചേടത്തി. ഇന്നത്തെ തലമുറ, ദൈവാലയത്തോടും വി. കുർബാനയോടും വേണ്ടത്ര ഭക്തിയും, ബഹുമാനവും, ആദരവും കാണിക്കാതെ വരുന്ന അവസരത്തിൽ ഈ 103-ാം വയസിലും അന്നമ്മച്ചേടത്തിക്കുള്ള വി. കുർബാനയോടുള്ള ഈ തീക്ഷ്ണതയും, ആഭിമുഖ്യവും കാണുമ്പോൾ, പ്രത്യേകിച്ച് എപ്പോഴും പള്ളിയിൽ പോകണമെന്ന ആഗ്രഹവുമായി നടക്കുന്ന ഈ അമ്മയെപ്പോലെ ഉള്ളവർ നമുക്ക് ഒരു വെല്ലുവിളിയാണ്. അന്നമ്മച്ചേടത്തിക്ക് ആകാമെങ്കിൽ എന്തേ എനിക്കും ആയിക്കൂടാ?....

അന്നമ്മച്ചേടത്തിയുടെ ആരോഗ്യത്തിന്റെ രഹസ്യം എന്നു പറയുന്നത് കൃത്യമായ പ്രാർത്ഥനയും, ഉപവാസവും, ഭക്ഷണരീതിയുമാണ്. എല്ലാറ്റിലും ഉപരിയായി ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും. ഇപ്പോഴത്തെ കാഞ്ചിയാർ പള്ളി കൂദാശകർമ്മങ്ങൾക്ക് മുന്നോടിയായി തിരിതെളിച്ചുകൊണ്ട് കർമ്മങ്ങൾക്ക് തുടക്കം കുറിച്ചതും അന്നമ്മച്ചിയാണ്. "എപ്പോഴും ദൈവത്തെ മുറുകെ പിടിക്കുക, ദൈവവിശ്വാസത്തിൽ വളരുക, പ്രതിസന്ധികളിൽ തളരാതിരിക്കുക, പരി. കുർബാന ഭക്തിയിൽ വളരുക, സാധിക്കുമ്പോഴൊക്കെ ദൈവാലയത്തിൽ പോകുക" എന്നീ ഉപദേശമാണ് ഈ അമ്മയ്ക്ക് നമ്മോടു പറയാനുള്ളത്.

**ജീൻ ജോർജ്**
**കക്കാട്ട്**

# ചിലർ അങ്ങനെയാണ്

## എപ്പോഴും ജോലി ചെയ്തുകൊണ്ടേയിരിക്കും. ആരോടും ഒരു പരിഭവമില്ലാതെ...

**സ്വന്തം ലേഖകൻ**



**ചു**റുചുറുക്കിന്റെ ആൾരൂപമാണ് 26-ാം മൈൽ മേരി ക്യൂൻസ് ആശുപത്രിയിലെ സി. ഹെലൻ. ചേനപ്പാടി ഇടവകാംഗം, 1952-ൽ കർമ്മലീത്താ സഭയിൽ സന്ന്യാസിനിയായി തന്റെ ജീവിതം ആരംഭിച്ചു. ചങ്ങനാശേരി പ്രോവിൻസിലെ പ്രഥമ നേഴ്സ് എന്ന പദവി ഹെലനാമ്മയുടെ പ്രത്യേകതകളിൽ ഒന്നാണ്. വളരെ കഷ്ടപ്പെട്ട് പഠിച്ച് 1960-ൽ നേഴ്സിംഗ് പൂർത്തിയാക്കി. നേഴ്സുമാരുടെ ദൗർലഭ്യം നിന്നിരുന്ന ഇക്കാലങ്ങളിൽ തന്റെ ഊരും ഉയിരും ഊണും ഉറക്കവും മറ്റുള്ളവർക്കായി ത്യജിച്ച് കർമ്മനിരതയായ ഒരു കർമ്മലീത്താ സന്ന്യാസിനിയാണ് ഹെലനമ്മ. ഈ ചുറുചുറുക്ക് ഇപ്പോഴും തുടരുന്നു.

മേരി ക്യൂൻസ് ആശുപത്രിയുടെ ആരംഭകാലംമുതൽ ആതുരസേവനരംഗത്തെ നിറസാന്നിധ്യമാണ് സി. ഹെലൻ CMC. നീണ്ട 60 വർഷം യാതൊരു മടിയും, ബുദ്ധിമുട്ടും കൂടാതെ ആതുര സേവനരംഗത്ത് ഇപ്പോഴും ജ്വലിച്ച് നില്ക്കുന്നു ഹെലനാമ്മ.

അനുദിനം കണ്ടുമുട്ടുന്നവരിലും, പ്രത്യേകിച്ച് ഓരോ രോഗിയിലും അമ്മ ഈശോയുടെ മുഖം കണ്ടുകൊണ്ട് എല്ലാ പ്രവർത്തനങ്ങളും ഈശോയ്ക്കുവേണ്ടി ചെയ്യുന്നു.

ആശുപത്രിയിലെത്തുന്ന ഓരോ രോഗിയും തന്റെ വേദനകളും പ്രയാസങ്ങളും സങ്കടങ്ങളും ഹെലനാമ്മയോട് പങ്കുവയ്ക്കും. ഹെലനാമ്മ ഇവരെ ആശ്വസിപ്പിക്കും, അവരെ സന്ദർശിക്കും. അങ്ങനെ അമ്മയുടെ മുമ്പിലെത്തുന്നവർ വളരെ സന്തോഷത്തോടെയാണ് മടങ്ങുന്നത്. മറ്റുള്ളവരെ കേൾക്കാനുള്ള ഒരു നല്ല മനസിന്റെ ഉടമയാണ് ഹെലനാമ്മ. ഇപ്പോഴും അമ്മയുടെ അടുക്കലേക്ക് ആളുകൾ വരുന്നുണ്ട് അല്പം ആശ്വാസത്തിനു വേണ്ടി.

അതിരാവിലെ എഴുന്നേറ്റ് വി. കുർബ്ബാന, മറ്റു പ്രവർത്തനങ്ങൾക്കുശേഷം മുഷിഞ്ഞ വസ്ത്രങ്ങൾ ഉണ്ടെങ്കിൽ അത് കഴുകും, മരണാനന്തര ശുശ്രൂഷ (Death care) നല്കും. തന്റെ കഴിവിന്റെ പരമാവധി രോഗികളെ ശുശ്രൂഷിച്ചു എന്ന ചാരിതാർത്ഥ്യത്തിലാണ് അമ്മ ഇപ്പോൾ. ഹെലനാമ്മയുടെ ഈ പ്രവർത്തനങ്ങളൊക്കെ ഇനിയും ചെയ്യാൻ ആഗ്രഹമുണ്ട്. ശാന്തസ്വഭാവത്തിനുടമയാണ് ഹെലനാമ്മ. രാപകലില്ലാതെ ഈ 82-ാം വയസിലും ആതുരശുശ്രൂഷ ചെയ്യുന്നു. പ്രാർത്ഥനകൾക്ക് യാതൊരു മുടക്കവും വരുത്താതെയാണ് ഹെലനാമ്മ ഈ ശുശ്രൂഷയെല്ലാം ചെയ്യുന്നത്. ഒപ്പം, താൻ എവിടെ ആയിരിക്കുന്നുവോ ആ ഭവനത്തിലെ ബാക്കിയുള്ള സഹോദരികൾക്കുവേണ്ട ശുശ്രൂഷകൾ നിസ്വാർത്ഥമായി ചെയ്യുന്ന വലിയൊരു ഹൃദയം ഹെലനാമ്മയ്ക്കുണ്ട്. ഹെലനാമ്മയുടെ നീണ്ട 60 വർഷത്തെ ആതുരശുശ്രൂഷരംഗത്തെ സേവനങ്ങളെ വിലമതിച്ചുകൊണ്ട് നമ്മുടെ രൂപത സഹായമെത്രാൻ അഭി. മാർ ജോസ് പുളിക്കൽ പിതാവ് കഴിഞ്ഞമാസം അമ്മയെ ബഹുമാനിച്ചിരുന്നു. കൃത്യനിഷ്ഠ, പ്രാർത്ഥനാജീവിതം, കർമ്മലീത്താ സഭയോടുള്ള തന്റെ കടപ്പാട്, കൃത്യമായ ഭക്ഷണക്രമം എന്നിവയാണ് ഹെലനാമ്മയ്ക്ക് ആരോഗ്യത്തിന്റെ രഹസ്യം. ധാരാളം നേഴ്സുമാർ ഈ ആതുരശുശ്രൂഷ രംഗത്തേക്കു കടന്നുവരണം എന്നാണ് അമ്മയുടെ ആഗ്രഹം. ഒപ്പം പുതിയ തലമുറയോട് അമ്മയുടെ അപേക്ഷയുമുണ്ട്, "കഴിവിന്റെ പരമാവധി രോഗികളെ ശുശ്രൂഷിക്കുക, അവരോട് സ്നേഹവും കാരുണ്യവും ക്ഷമയും കാണിക്കുക, ഇതൊരു ശുശ്രൂഷയായി കാണുക" എന്നൊക്കെയാണ്.

ഹെലനാമ്മ തന്റെ ശുശ്രൂഷ തുടരുകയാണ് ഈ പ്രായത്തിലും.





*ശാന്തിഗിരി സെന്റ് ജോർജ് ഇടവക സൺഡേസ്കൂളിൽ നിന്നും വിശ്വാസ പരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകരായ തോമസ് ഏറത്തുകുന്നേൽ, തോമസ് തറപ്പേൽ എന്നിവർ.*

## ക്രിസ് എയ്ഞ്ചൽസ് മീറ്റ്

റാന്നി ഫൊറോന ക്രിസ് എയ്ഞ്ചൽസ് മീറ്റ് റാന്നി ഇൻഫന്റ് ജീസസ് പള്ളിയിൽ നടന്നു. ഏഴു പള്ളികളിൽ നിന്നായി 37 കുട്ടികൾ പങ്കെടുത്തു. ഫാ. ജേക്കബ് കൊടിമരത്തുംമൂട്ടിൽ മുഖ്യസന്ദേശം നൽകി. സിസ്റ്റർ എൽസ പറപ്പള്ളി എസ്എച്ച്, ജോസ് വെട്ടിക്കാമറ്റം, ജോസ് എൺപതെട്ടിൽചിറ, ആനി വാകയിൽ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. ബ്രദർ ആന്റോ പേഴുംകാട്ടിൽ ക്ലാസുകൾ നയിച്ചു.



സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അമൽ കെ. ഷാനി. ഉമ്മിക്കുപ്പ ഇടവക കരിനാട്ട് ഷാനി - വത്സമ്മ ദമ്പതികളുടെ മകനാണ്.



*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൂവപ്പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സൗജന്യ നേത്രചികിത്സാ ക്യാമ്പിന്റെ ഉദ്ഘാടനം ഇടവക അസിസ്റ്റന്റ് വികാരി ഫാ. റോബിൻ പൂതക്കുഴി നിർവഹിക്കുന്നു.*



സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ സ്നേഹ ജോസി. ചിറക്കടവ് ഇടവക വട്ടക്കാട്ട് ജോസി - ജെസി ദമ്പതികളുടെ മകളാണ്.



സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ പൊൻകുന്നം ഇടവകാംഗമായ ക്രിസ് തോമസ് കൊച്ചുപൂവത്തുംമൂട്ടിൽ.

## അറിയിപ്പ്

**ദർശകനിൽ പ്രസിദ്ധീകരിക്കാനുള്ള വാർത്തകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ എന്നിവ എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി ദർശകൻ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല. പ്രസിദ്ധീകരിക്കാൻ തരുന്നവ തിരികെ നൽകുന്നതല്ല.**

കത്ത്

# മറ്റൊരു പെൺകുട്ടിക്കും ഇങ്ങനെയുണ്ടാവരുത്

ദർശകനിൽ ലഭിച്ച ഈ കത്ത് ഞങ്ങൾ അതേപടി പ്രസിദ്ധീകരിക്കുകയാണ്.



**എ**ങ്ങനെ അഭിസംബോധന ചെയ്യണമെന്നറിയില്ല. ഇതു വായിക്കുന്ന ഓരോ പെൺകുട്ടിയും എന്റെ ചേച്ചിയോ അനിയത്തിയോ ആണെന്ന ചിന്തയിൽ തുടങ്ങട്ടെ.

എന്റെ പേര് ഞാൻ പറയുന്നില്ല. പേടിച്ചിട്ടാണ് കേട്ടോ. ഒരു പെൺകുട്ടിയായി പോയതുകൊണ്ടാണ്. എങ്കിലും ഇത്തിരി ധൈര്യം വച്ച് ഇത് എഴുതുമ്പോൾ എന്റെ മനസിൽ ഒന്നേയുള്ളു എനിക്കുണ്ടായ ഈ അവസ്ഥ ഇനി നിങ്ങളിലാരും അനുഭവിക്കേണ്ടി വരരുത്.

'വായാടി കോത' കുഞ്ഞുനാളിൽ എല്ലാവരും എന്നെ അങ്ങനെയാണ് വിളിച്ചിരുന്നത്. എന്നെ സ്നേഹിക്കാൻ എല്ലാവരും ഉണ്ടായിരുന്നു. പപ്പാച്ചിയും മമ്മിം ചേട്ടായിം എല്ലാരും. ചെറുതാണെങ്കിലും സ്വർഗ്ഗമായിരുന്നു ഞങ്ങളുടെ വീട്. ഇടയ്ക്ക് ഒരു സാമ്പത്തിക തകർച്ച ഞങ്ങളുടെ കുടുംബത്തെ തകിടം മറിച്ചു. പപ്പാച്ചിക്ക് ഞങ്ങളെ വിട്ട് ഗൾഫിലേക്ക് ജോലിക്കായ് പോകേണ്ടി വന്നു. ഞാനും ചേട്ടായിം നന്നായി പഠിച്ചു. ഞാൻ നല്ല മാർക്കോടെ +2 പാസായി. എല്ലാവർക്കും വലിയ സന്തോഷമായി. നല്ല കോഴ്സുകൾ കണ്ടുപിടിക്കാനുള്ള ചർച്ചകൾ തകൃതിയായി നടന്നു. എന്തെങ്കിലും വ്യത്യസ്തമായി പഠിക്കണം എന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷേ, ഞാൻ ആഗ്രഹിച്ച കോഴ്സ് പഠിക്കണമെങ്കിൽ വീട്ടിൽനിന്നും മാറി നിൽക്കണം, പപ്പാച്ചി സമ്മതിച്ചു. മമ്മിയും ചേട്ടായിം മനസില്ലാ മനസോടെ എന്നെ കോളേജിലേക്ക് അയച്ചു.

കോളേജിലെ ആദ്യ ദിവസങ്ങൾ കഴിഞ്ഞു പോയതെങ്ങനെയാണ് എന്ന് എനിക്കിറിയില്ല. പുതുതായി തുടങ്ങിയ കോളേജാണ്. ഞാൻ പഠിക്കുന്ന കോഴ്സ് തുടങ്ങിയിട്ട് രണ്ടുവർഷം മാത്രം. ഹോസ്റ്റൽ കോളേജിൽനിന്നും അല്പം ദൂരെയാണ്. കോളേജ് ബസിലാണ് ഞാൻ ഹോസ്റ്റലിലേക്ക് പോയിരുന്നത്. ഹോസ്റ്റലിൽ എത്തിയാൽ പപ്പാച്ചിയും മമ്മിയും വിളിക്കാൻവേണ്ടി ഞാൻ കാത്തിരിക്കുമായിരുന്നു. ഇടയ്ക്ക് സങ്കടം വരുമ്പോൾ ഞാൻ അവരെയൊക്കെ ഓർത്ത് കരയും. പുതിയ കൂട്ടുകാരികൾ ആ സങ്കടത്തിൽ എനിക്ക് ഒരു ആശ്വാസമായിരുന്നു.

First sem റിസൾട്ട് വന്നു. എനിക്ക് നല്ല മാർക്കും കിട്ടി. ക്ലാസിലെ മിടുക്കിയായിരുന്നു ഞാൻ. അങ്ങനെയിരിക്കയാണ് കോളേജ് ഓഫീസിലെ ഒരു ചേട്ടൻ എന്നെ പരിചയപ്പെടുന്നത്. കോളേജ് ബസിൽ വരുമ്പോഴും തിരികെ പോകുമ്പോഴും അയാൾ എന്നെ നോക്കിനില്ക്കുമായിരുന്നു.

"ആ ചേട്ടൻ ഗ്ലാമർ ആണല്ലോ; നിന്നെ കാണാനാ എന്നും വരുന്നത് എന്ന് കൂട്ടുകാരി പറഞ്ഞപ്പോ ഞാൻ ഞെട്ടി. അന്ന് ഞാൻ ഒത്തിരി പ്രാർത്ഥിച്ചു. മമ്മിയോടു പറഞ്ഞാലോ എന്ന് ആലോചിച്ചു. വേണ്ട മമ്മിക്ക് സങ്കടമാകും. കാര്യങ്ങൾ ദിവസം ചെല്ലുംതോറും വഷളായി.

കൂട്ടുകാരികൾ കുറ്റപ്പെടുത്താൻ തുടങ്ങി. "നിനക്കെന്താ അയാളോടൊന്നു മിണ്ടിയാൽ. പാവം എത്ര നാളായ് നിന്റെ പിറകെ നടക്കുന്നു" ഒരു ദിവസം അതു സംഭവിച്ചു. അയാളെന്നെ ഇഷ്ടമാണെന്ന് പറഞ്ഞു. മറുപടിയൊന്നും പറയാൻ എനിക്കു ധൈര്യം വന്നില്ല. പിന്നീടറിഞ്ഞ കാര്യം എന്നെ ഞെട്ടിച്ചു. അയാളൊരു മുസ്ലിം ആണ്. എന്റെ പിറകെ നടന്നപ്പോൾ ചെറിയൊരിഷ്ടം തോന്നിയെങ്കിലും ഒരു മുസ്ലിമിനെ എങ്ങനെ സ്നേഹിക്കും. പപ്പാച്ചിയും മമ്മിയും അറിഞ്ഞാൽ... എനിക്കാകെ പേടിയായി. അങ്ങനെ ഒന്നും പഠിക്കാൻ പോലും പറ്റാത്ത അവസ്ഥയിലായി. എനിക്കൊന്നു കുമ്പസാരിക്കണമെന്നു തോന്നി. പക്ഷേ, ഹോസ്റ്റലിൽനിന്ന് പള്ളിയിൽ വിടില്ലായിരുന്നു. പ്രാർത്ഥിക്കാൻ പറ്റുന്നില്ല. പ്രാർത്ഥിക്കാനിരിക്കുമ്പോ ഹോസ്റ്റൽ റൂമിൽ കൂട്ടുകാരുടെ ബഹളം, തമാശകൾ. അങ്ങനെ ഞാൻ ഈശോയിൽനിന്നും അകന്നു.

'മതത്തിലെന്തു കാര്യമിരിക്കുന്നു' 18 വയസു കഴിഞ്ഞാൽ എല്ലാവർക്കും സ്വന്തമായി തീരുമാനമെടുക്കാൻ കഴിയും, ആരും നിന്നെ നിയന്ത്രിക്കില്ല. അല്ലെങ്കിൽ മോളെന്തിനു മതം മാറണം" ഈ വാക്കുകളാൽ അവൻ എന്നെ അവനിലേക്ക് കൂടുതൽ അടുപ്പിച്ചു. കൂട്ടുകാരികൾ എന്നെ പ്രോത്സാഹിപ്പിച്ചു. കാണാനും സംസാരിക്കാനുമുള്ള അവസരങ്ങൾ ഒരുക്കി തന്നു. അങ്ങനെ ആ ബന്ധം വളർന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അവൻ എന്നോടു പറഞ്ഞു. "നീ മതം മാറണം" അല്ലെങ്കിൽ ബാപ്പയും ഉമ്മയും സമ്മതിക്കില്ല" എന്റെ ഈശോയേ ഞാൻ ഇനിയെന്തു ചെയ്യും. ഇതിനോടകം ഞങ്ങളുടെ പ്രണയം campus ൽ ആകെ സംസാരവിഷയമായിരുന്നു. എനിക്കൊപ്പമുള്ള സെൽഫികൾ അവന്റെ ഫോണിലും കമ്പ്യൂട്ടറിലും നിറഞ്ഞു കാണും. 'എനിക്ക് മതം മാറാൻ പറ്റില്ല' എന്റെ പപ്പാച്ചിയും മമ്മിയും അറിഞ്ഞാൽ അവർ മരിച്ചു കളയും... നീ എന്നെ മറന്നേക്ക്, ഞാൻ ധൈര്യം സംഭരിച്ച് പറഞ്ഞു. അപ്പോ അവൻ ഫോൺ കാട്ടി പറഞ്ഞു. "ഇതിലുള്ള ഫോട്ടോസ് ഉള്ളിടത്തോളം കാലം ഞാൻ പറയുന്നത് അനുസരിക്കാൻ മാത്രമേ നിനക്കു പറ്റൂ. ഞാൻ ആകെ തളർന്നു. വിശപ്പില്ല ഉറങ്ങാൻ സാധിക്കുന്നില്ല. വീട്ടിലേക്ക് വിളിക്കാൻപോലും പേടിയായിരുന്നു. മരിച്ചാലോ എന്നു വരെ ആലോചിച്ചു. കൂട്ടുകാരികൾ പോലും എന്നെ കുറ്റപ്പെടുത്തി.

ഈ സംഭവങ്ങൾക്കിടയിലാണ് കുറച്ചവധി ദിവസങ്ങൾ കിട്ടിയത്. ഞാൻ വീട്ടിൽ ചെന്നു. പക്ഷേ, എനിക്ക് പഴയതുപോലെ സംസാരിക്കാൻപോലും കഴിഞ്ഞിരുന്നില്ല. ഈ കൊച്ചിനെന്തുപറ്റി മമ്മി പരിഭവിച്ചു. പള്ളിയിൽ പോകണമെന്നില്ല. പപ്പാച്ചിയെ വിളിക്കണമെന്നില്ല. എല്ലാവരോടും ഞാൻ കള്ളം പറയുകയല്ലേ?....മനസില്ലാ മനസോടെ ഒരു ശനിയാഴ്ച ഞാൻ ഇടവകപള്ളിയിൽ പോയി. കുമ്പസാരക്കൂട്ടിൽ അച്ചനിരിപ്പുണ്ടായിരുന്നു. എനിക്കു പോകാൻ ധൈര്യം വന്നില്ല. കുർബാന കഴിഞ്ഞ് ഞാൻ പള്ളിയിൽ തന്നെയിരുന്നു. വീട്ടിലേക്കു പോകാൻ പോലും തോന്നിച്ചില്ല. കരയാൻ മാത്രം പറ്റുന്നുണ്ട്. ഒടുവിൽ ധൈര്യം സംഭരിച്ച് ഞാൻ പള്ളിമുറിയിലേക്ക് പോയി. ഞാൻ വാതിലിൽ തട്ടി നോക്കി കൊച്ചച്ചൻ മുറിയിലുണ്ട്. ഞാൻ അച്ചന്റെ അടുത്തുചെന്നു ഒന്നും സംസാരിക്കാൻ പറ്റാതെ ഞാൻ വാവിട്ടു കരഞ്ഞു. അച്ചൻ എന്നെ സമാധാനിപ്പിച്ചു. വിവരങ്ങൾ ഞാൻ അച്ചനോടു പറഞ്ഞു. അച്ചൻ ചിരിച്ചുകൊണ്ടാണ് എല്ലാം കേട്ടത്. എന്നിട്ട് പറഞ്ഞു മാമ്മോദീസാ വെള്ളം തലയിൽ വീണ പെൺകുട്ടിയാണെങ്കിൽ ഇത്തിരി ധൈര്യമൊക്കെ വേണ്ടെ?

അവനു നിന്നോടുള്ള സ്നേഹം കപടമാണ് എന്നും അച്ചൻ പറഞ്ഞു: "അത് ദിവസങ്ങൾക്കുള്ളിൽ ഈശോ വെളിപ്പെടുത്തും" എന്ന്. കുർബാനകളിൽ പ്രാർത്ഥിക്കാമെന്ന ഉറപ്പിൽ അച്ചൻ എന്നെ പറഞ്ഞയച്ചു. അവധി തീർന്ന് ഹോസ്റ്റലിലേക്ക് പോകുംവരെ എല്ലാ ദിവസവും ഞാൻ പള്ളിയിൽ പോയി. നന്നായി കുമ്പസാരിച്ചു. ആ ദിവസങ്ങളിലൊക്കെ അവന്റെ കോൾ വന്നെങ്കിലും ഞാൻ അറ്റന്റ് ചെയ്തില്ല. അവനെ Block ചെയ്തു.

കോളേജിൽ തിരിച്ചെത്തിയപ്പോൾ എന്നെയും പ്രതീക്ഷിച്ച് അവനുണ്ടായിരുന്നു. വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ട് അവന്റെ മുമ്പിലൂടെ അവനെ നോക്കാതെ കടന്നുപോയി. കൂട്ടുകാരുടെ അടുത്തുചെന്ന് അവൻ എനിക്ക് നേരെ ഭീഷണിയുയർത്തി.

അവനു പിടികൊടുക്കാതെ പ്രാർത്ഥനയുടെ ശക്തിയിൽ ഞാൻ ദിവസങ്ങൾ കഴിച്ചുകൂട്ടി. ഒരു ദിവസം ഒരു കൂട്ടുകാരി രഹസ്യമായി ഒരു കാര്യം പറഞ്ഞു. "ഡീ... നിന്റെ ആൾടെ കല്ല്യാണമാ കേട്ടോ... നിന്നെ വിളിച്ചോ." എനിക്ക് ദേഷ്യവും സന്തോഷവും എല്ലാം വന്നു. "അവന്റെ കപട സ്നേഹം ഈശോ വെളിവാക്കിത്തരുമെന്ന" അച്ചന്റെ വാക്കുകൾ ഓർത്ത് ഈശോയ്ക്ക് നന്ദി പറഞ്ഞു.

ശല്യം തീർന്നല്ലോ എന്ന ആശ്വാസത്തിൽ കോളജിൽ ചെന്നപ്പോൾ അവൻ എന്നെയും കാത്ത് നിൽപ്പുണ്ട് പഴയ സ്ഥലത്തുതന്നെ. മുമ്പത്തെക്കാൾ കൂടുതൽ സ്നേഹത്തോടെ, ചിരിയോടെ... രണ്ടു പറഞ്ഞിട്ടുതന്നെ കാര്യം... ധൈര്യം സംഭരിച്ച് അടുത്തുചെന്നു. "എല്ലാം അറിഞ്ഞല്ലേ..." അവൻ സംസാരിക്കാനനുവദിക്കാതെ തുടങ്ങി. ബാപ്പയും ഉമ്മായും ഒരേ പിടിവാശി എനിക്കു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. പിന്നെ കല്ല്യാണം കഴിച്ചാലും ഞാൻ നിന്നെ മറക്കില്ല. ഈ നിക്കാഹ് കൊണ്ടൊന്നും നമ്മുടെ സ്നേഹം അവസാനിക്കില്ലല്ലോ... ഞങ്ങടെ രീതിക്ക് മൂന്നുവരെ കല്ല്യാണം കഴിക്കാം. ഞാനിനിയും വിളിക്കും ഫോണെടുക്കണേ... അപ്പോഴും അവൻ ചിരിക്കുകയായിരുന്നു.

ആട്ടി തുപ്പുവാനും ശപിക്കുവാനും കരയാനുമൊക്കെ തോന്നി. പക്ഷേ, കൈയിൽ കരുതിയ കൊന്തയിൽ മുറുകെ പിടിച്ച് വിശ്വാസപ്രമാണം ചൊല്ലി ഞാൻ ക്ലാസിലേക്കു പോയി. കാപട്യത്തിന്റെ മുഖം വ്യക്തമാക്കിയ ഈശോയ്ക്ക് ഒത്തിരി നന്ദി പറഞ്ഞു. ഇനിമേൽ അവന്റെ ദുഷ്ടതക്ക് ഇരയാകാൻ ദൈവം എന്നെ അനുവദിക്കില്ല. കാരണം ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ ചേച്ചിമാരും അനിയത്തിമാരും പ്രാർത്ഥിക്കണേ. എനിക്കുവേണ്ടിയല്ല നിങ്ങൾക്കുവേണ്ടി.



സൺഡേസ്കൂൾ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്ലാച്ചേരി ഫാത്തിമാമാതാ ദൈവാലയത്തിലെ അംഗങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തപ്പോൾ.



അസോവയുടെ പത്താം വാർഷിക സമ്മേളനം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു. എ.എം.മത്തായി, അഡ്വ.എബ്രാഹം മാത്യു പന്തിരുവേലിൽ, ഫാ.സക്കറിയാസ് ഇല്ലിക്കമുറിയിൽ, പി.എൽ.ഫിലിപ്പ്, ജോയി ജോസഫ് എന്നിവർ സമീപം.




കാഞ്ഞിരപ്പള്ളി വി കെയർ സെന്ററിന്റെ നേതൃത്വത്തിൽ നടന്ന പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം രൂപത വികാരി ജനറാൾ ഫാ. ജസ്റ്റിൻ പഴേപറമ്പിൽ നിർവഹിക്കുന്നു.

RNI Reg. No. KERMAL/2012/45157 Annual Subscription Rs. 75/-
Postal Reg. No. KL/CHC/64/2016-18



# നാമൊരുവിത്താണ്, പൂമരവും പാഴ്മരവുമാക്കുന്നത് നമ്മൾത്തന്നെ

ബിനു കണ്ണന്താനം

**നാ**മാകുന്ന വിത്തിലെ മരം ഒരു പാഴ്മരമാകില്ലെന്നും അത് ഫലപുഷ്ടിയുള്ളതായിരിക്കുമെന്നുമുള്ള ഉറച്ച തീരുമാനത്തോടെയാകണം നാം ഓരോ ചുവടും മുന്നോട്ടുവയ്ക്കുവാൻ. പ്രപഞ്ചവും കാലവും നമ്മുടെ ജീവിതത്തിൽ ഒരുപാട് അടയാളങ്ങൾ തന്നുകൊണ്ടിരിക്കും. അവയാണ് നമ്മെ ലക്ഷ്യത്തിലേയ്ക്ക് നയിക്കുക. ഫ്ളാഷ് ലൈറ്റ് അടിക്കുന്നതുപോലെയായിരിക്കും ചില സമയങ്ങളിൽ ചിലചിന്തകളും ആശയങ്ങളുമൊക്കെ നമ്മുടെ മനസ്സിലൂടെ മിന്നി മറയുന്നത്. ഇത് അവഗണിക്കുന്നവർക്ക് മുമ്പോട്ട് പോകുവാൻ സാധിക്കില്ല.

നാം പരാജയപ്പെടുന്നതുകൊണ്ട് ഈ ലോകത്തിൽ ഒന്നും സംഭവിക്കുകയില്ല.പക്ഷെ അവസാനിക്കുന്നത് നമ്മൾ മാത്രമായിരിക്കും. മഹാന്മാർ ബുദ്ധിമുട്ടുകളിൽ സാധ്യത കണ്ടെത്തുന്നു. സാധാരണക്കാർ സാധ്യതകളിൽ ബുദ്ധിമുട്ട് കണ്ടെത്തും. നാം പലതും മൃഗങ്ങളിൽ നിന്ന് പഠിക്കേണ്ടതായുണ്ട്. ഒരു മൃഗം അതിന്റെ ഇരയെ പിടിക്കാൻ എത്ര പ്രാവശ്യം ശ്രമിച്ചാലാണ് വിജയിക്കുക. മൃഗം എത്ര പ്രാവശ്യം പരാജയപ്പെട്ടാലും അത് അതിന്റെ ലക്ഷ്യം നേടുന്നതു വരെ ശ്രമിച്ചുകൊണ്ടേയിരിക്കും. അല്ലാതതെ ഒരു മൃഗവും പോയി ആത്മഹത്യ ചെയ്യില്ല. എന്നാൽ മനുഷ്യന് ഒരു ചെറിയ പരാജയം മതി പോയി ഫാനിൽ തൂങ്ങും.

മനുഷ്യജീവിതം ബഹിരാകാശത്തേയ്ക്ക് റോക്കറ്റ് വിടുന്നതുപോലെയാണ്. റോക്കറ്റ് മുകളിലേയ്ക്ക് പോകാൻ ശ്രമിക്കുമ്പോൾ ഗുരുത്വാകർഷണം താഴോട്ട് വലിക്കും. ഇത് ഒരു പ്രകൃതി നിയമമാണ്. മനുഷ്യൻ എപ്പോഴെല്ലാം ഉയർന്നു പോകാൻ ശ്രമിക്കുന്നുവോ അപ്പോഴെല്ലാം അവനിൽ അടിഞ്ഞുകൂടിക്കിടക്കുന്ന നെഗറ്റീവ് ചിന്തകൾ അതല്ലെങ്കിൽ എതിരാളികൾ അവനെ താഴേയ്ക്ക് വലിക്കും.

എല്ലാ റോക്കറ്റുകളും ഗുരുത്വാകർഷണ വലയത്തെ മറികടന്ന് പോകാറില്ല. ഗുരുത്വാകർഷണ വലയത്തെ ഭേദിച്ചുകൊണ്ട് ബഹിരാകാശത്തേയ്ക്ക് പോകുന്ന റോക്കറ്റുകളാണ് ചരിത്രത്തിന്റെ ഭാഗമാകുന്നത്. ഇതുപോലെയാണ് മനുഷ്യ ജീവിതവും. താഴോട്ടു വലിക്കുന്ന ശക്തികളെ അതിജീവിച്ച് മുകളിലേയ്ക്ക് പോകുന്നവരുടെ ജീവിതമാണ് വിജയകരമാവുന്നത്.

ഇതെങ്ങനെ സാധിക്കും ? ധാരാളം ഇന്ധനം കത്തുന്നതിന്റെ ശക്തിയാണ് റോക്കറ്റിനെ മുകളിലേയ്ക്ക് നയിക്കുന്നത്. അതുപോലെ മനുഷ്യൻ തന്റെ കഠിനമായ പ്രയത്നം കൊണ്ട് ഉയരണം. സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നിരന്തരം ചെയ്യുമ്പോൾ വലിയ ഊർജ്ജം ഉണ്ടാകും. താഴോട്ടു വലിക്കുന്ന ശക്തികളെ അതിജീവിച്ച് മുകളിലേയ്ക്ക് കുതിക്കുവാൻ ആ ഊർജ്ജം സഹായിക്കും.

ഒരു പരിധി കഴിഞ്ഞാൽ റോക്കറ്റ് ഭ്രമണപഥത്തിലെത്തും പിന്നീട് റോക്കറ്റിന് ഒന്നും ചെയ്യേണ്ടി വരികയില്ല. കാരണം ഭ്രമണപഥത്തിൽ അത് താനേ ചുറ്റിക്കൊണ്ടിരിക്കുകയും ഗ്രാവിറ്റേഷൻ ഫോഴ്സിന്റെ സ്വാധീനം ഇല്ലാതാവുകയും ചെയ്യും. ഇതുപോലെയാണ് മനുഷ്യ ജീവിതം. ഒരു പരിധി കഴിഞ്ഞാൽ പിന്നീട് മനുഷ്യൻ യഥാർത്ഥത്തിൽ ഭ്രമണപഥത്തിൽ എത്തിയ പോലെയാകും, മറ്റുള്ളവർക്ക് പ്രകാശമായി അവർ മാറും.


# VIJAYANAGAR COLLEGE OF NURSING

Recognized by Indian Nursing Council New Delhi Karnataka Nursing Council & Government of Karnataka Affiliated by Rajiv Gandhi University of Health Science Bangalore, Karnataka

#43, 1st A Cross, 1 st Main, Nagarbhavi, Bangalore- 560 072, Tel : 080 6888 6880, 09742 266 721, 09241 244 580
web : www.Vijayanagarcollegeofnursing.com, Email : vijayanagarnursingcollege@gmail.com



*No.1 Nursing College in Bangalore*

**Admission Started for 2017-2018 Batch**

Courses Offered

**M.Sc Nursing, B.Sc Nursing, Post B.Sc Nusing, General Nursing**

| COURSE | M.Sc | B.Sc | PB.B.Sc | GNM |
|---|---|---|---|---|
| Affiliation | RGUHS | RGUHS | RGUHS | KSDNEB |
| Duration | 2 Year | 4 Year | 2 Year | 3.5 Year |
| Eligibility | B.Sc Nursing | +2 Science | GNM | +2 any Stream |
| Recognition | INC | INC | INC | INC |

ഞങ്ങളുടെ സവിശേഷതകൾ

- വിദ്യാഭ്യാസ വായ്പാ സൗകര്യത്തോടുകൂടി നഴ്സിംഗ് പഠനം പൂർത്തിയാക്കാനുള്ള സൗകര്യം ലഭിക്കുന്നു.
- പഠനശേഷം ജോലി ഉറപ്പ് നൽകുന്നു.
- IELTS പരിശീലനം.
- റാഗിങ്ങ് വിമുക്ത ക്യാംപസ്.
- കോളേജ് ക്യാംപസിൽ തന്നെ ആരാധനാ സൗകര്യം.
- സൺഡേ ആരാധനയ്ക്ക് പോകാൻ സൗകര്യം.

For more details 09742 266 721 09241 244 580

Christian Management Nursing Institution


Printed & Published by Fr. Sebastian Kaippanplackal, Diocese of Kanjirapally. Printed at Viani Offset Printers, Ernakulam. Chief Editor: Fr. Justin Mathiyath Designed at Divine Graphics KPLY.